Annual Subscription : Rs.100/-

# NEW VISION FOR A CHANGING WORLD

Vol 8 • Issue 9 • MAY 2008

മറവിയുള്ള, കണക്കറിയാൻപാടില്ലാത്ത,
യുക്തിബോധമില്ലാത്ത, നയതന്ത്രശാലിയല്ലാത്ത,
ധനതത്വശാസ്ത്രമറിയാത്ത ക്രിസ്തുവിനെയാണ്
ഞാൻ സ്നേഹിക്കുന്നത്

- സിസ്റ്റർ സി. ശോഭ

4

## ചെങ്ങറ സമരം- നീതിക്കായുള്ള സമരം

- സൈമൺ ജോൺ

6

## കാലത്തിനൊത്തുയരാത്ത ബൈബിൾ സൊസൈറ്റി

- റവ: ഡോ: കെ.വി.മാത്യു

14

'NEW VISION FOR A CHANGING WORLD' is an ecumenical magazine owned by Nava Darshan Trust, a public charitable Trust registered in 1999. This periodical, originally started in 1992 as a bimonthly entitled 'NEW VISION', has become a monthly since February 2001. It serves as a forum for exchange of views and a source of inspiration for enlightened action. This publication is solely supported by the voluntary donations of its readers. Your contributions - intellectual and financial - are most welcome


## EDITORIAL BOARD

**Patron**
Most Rev. Dr. Philipose Mar Chrysostom Mar Thoma
Valiya Metropolitan

**Chairman**
The Rt. Rev. Dr. Sam Mathew

**Hon. Chief Editor**
Prof. Dr. Cyriac Thomas

**Executive Editor**
Prof. Dr. Mathew Koshy Punnackadu

**Editors**
Prof. Dr. Jose Parakadavil
The Rev. Dr. Mathew Daniel
Mr. George Bahanan
Dr. Stany Thomas
Prof. Sabu de Mathew
Mr. Tom Thomas
Mr. John George Athyal
Dr. Anne Susan Koshy
Prof. Muse Mary George

**Manager**
The Rev. Prof. K.C. Mathew

**Office Assistant**
Mr Kurien Thomas T.



**വരിസംഖ്യയും സംഭാവനകളും അയയ്ക്കേണ്ട വിലാസം**

**മാനേജർ, ന്യൂ വിഷൻ**
മനിലം, മാങ്ങാനം പി. ഒ, കോട്ടയം - 686 018
കോട്ടയം സി. എസ്. ഐ. ബുക്ക് ഷോപ്പിലും
തിരുവല്ല സി. എസ്. എസ്.-ലും വരിസംഖ്യ അടയ്ക്കാവുന്നതാണ്.
SBTയുടെ എല്ലാ ശാഖകളിലും A/c. No. 67013367593ൽ പണം അട
യ്ക്കാവുന്നതാണ്. ഡ്രാഫ്റ്റ് നമ്പർ സഹിതം വിവരം മാനേജരെ അറിയിക്കുക

**കത്തുകളും പ്രസിദ്ധീകരണത്തിനുള്ള ലേഖനങ്ങളും അയയ്ക്കേണ്ട വിലാസം**

**എഡിറ്റർ, ന്യൂ വിഷൻ**
പുന്നയ്ക്കാട് പി. ഒ, കോഴഞ്ചേരി - 689 651,
ഫോൺ/ഫാക്സ്: 0468 - 2214068, 2310376 Mob: 9847275754
e-mail: mkoshy@satyam.net.in



**CONTACT PERSONS**

Mr. C.J. Rajan
25, Razak Gardens, 8-Cross Street,
Arumbakkam, Chennai - 600 106, Ph: 044-23634755

Major (Retd.) Jacob K. Philipose
98, Arbour Wood Cres. N.W.,
Calgary, Alberta, Canada T3 G4 C3
Ph: 403 - 239 - 8489, e-mail: jacob_p@shaw.ca

The Rev. Dr. Jacob Thomas
United Kingdom
Phone : +028 90308683

Mr. Varghese Abraham
141 Brintnell RD, Fort Mc Murray, Canada. T9K1K3
Mr. George Eapen, Kuwait. Mob: 6031607
Mr. Regi Chandy Koshy, Kuwait. Mob: 6011377


**വരിസംഖ്യ**

| | | | | |
|---|---|---|---|---|
| ഒരു വർഷത്തേക്ക് | : 100രൂപ | (വിദേശത്തുള്ളവർക്ക് | | US$ 20) |
| രണ്ടു വർഷത്തേക്ക് | : 175രൂപ | ( | " | US$ 30) |
| മൂന്നു വർഷത്തേക്ക് | : 250രൂപ | ( | " | US$ 40) |
| ലൈഫ് മെമ്പർഷിപ്പ് | : 2000രൂപ | ( | " | US$ 250) |
| പേട്രൺ മെമ്പർഷിപ്പ് | : 10,000/- രൂപ | ( | " | US$ 1000) |

Page Layout: @ THE PAGEMAKERS, KZY. ☏0468 3207374

# C O N T E N T S


■ Editorial 3
■ Personal Witness 4
ക്രിസ്തുവിന്റെ കുറവുകളെ....
*സിസ്റ്റർ സി. ശോശ*
■ Current Affairs 6
ചെങ്ങറ ഒരു സമരം
*മൈക്കൽ ജോൺ*
■ News 7
The Church of South India...
■ Ethics 9
എങ്ങനെ കൊടുക്കുന്നു....
*ജോബി ജോസ് കപ്പൂച്ചിൻ*
■ Pastoral Ministry 11
The Pastor and....
■ Health 13
കാൻസർ....
■ Controversy 14
കാലത്തിനൊത്തുയരാത്ത...
*റവ. ഡോ. കെ.സി.മാത്യു*
■ Meditation 15
ധ്യാനാത്മ ഭാവനയിലെ...
*ഫാ. ഡോ. തര്യൻ ജോസഫ്*
■ Counselling 17
പിറ്റും കടിക്കരുത്
*ജോർജ് ബഹനാൻ*
■ Controversy 19
Scandalizing Christian....
*Rev. Thomas John*
■ Addresses 21
കൊല്ലത്തിൽ പ്രസംഗവും....
*പ്രൊഫ. ജോസ് പാറക്കടവിൽ*
■ Personality 22
Dr. E. Stanley Jones....
*Rev. Dr. Varghese Mathai*



**MANAGEMENT BOARD MEMBERS**

Prof. Dr. C.T Kurian
Dr. Annamma George
Mr. Varghese Koshy
Mr. Reji Chandy Koshy
Mr. Thomas T. Thomas
Mr. Sam Pynumoodu
Mr. P.E. Thomas
Mr. Aji John Mathews
Mr. P.V. Varughese
Mr. Joby Peter
Mr. George Eapen
Mr. K.P. Koshy
Mr. Thomas Koshy
Mr. George Koshy
Mr. Justin T. Varughese
Mr. Jacob Mathew
Dr. S. Joseph
Rev. Mathew Idiculla
Prof. Zachariah Mathew


**പരസ്യനിരക്കുകൾ**

| | Full Page | Half Page | Quarter Page |
|---|---|---|---|
| Back Cover (outside) | Rs. 5000 | Rs.2500 | Rs.1250 |
| Back Cover (inside) | Rs. 4000 | Rs.2000 | Rs.1000 |
| Inner Pages | Rs. 3000 | Rs 1500 | Rs.800 |

# എഡിറ്റോറിയൽ



ഡോ. സിറിയക് തോമസ്

നിയമവാഴ്ചയുള്ള എല്ലാ രാജ്യങ്ങളിലും എഴുതപ്പെട്ടതോ എഴുതപ്പെടാത്തതോ ആയ ഒരു ഭരണഘടനയുണ്ടാകും. തെരഞ്ഞെടുക്കപ്പെട്ടതോ അല്ലാത്തതോ ആയ സർക്കാരുകളൊക്കെ ഭരണഘടനയുടെ എഴുതപ്പെട്ട നിയമങ്ങളോ എഴുതപ്പെടാത്ത ഭരണഘടനാ കീഴ്‌വഴക്കങ്ങളോ പാലിച്ചു കൊണ്ടാവും ഭരണകാര്യ നിർവ്വഹണം നടത്തുക. നിയമ വാഴ്ച ഉറപ്പുവരുത്തുവാൻ അത്യാവശ്യമാണെന്നു മാത്രമല്ല ഒരു വലിയ പരിധിവരെ അതനിവാര്യവുമാണ്.

ഭാഗ്യവശാൽ ഇൻഡ്യക്കും എഴുതപ്പെട്ട ഒരു ഭരണഘടനയുണ്ട്. സ്വാതന്ത്ര്യലബ്ധിയെ തുടർന്നു ദീർഘമായ ചർച്ചകളുടെയും കൂടിയാലോചനകളുടെയും അടിസ്ഥാനത്തിൽ നമ്മുടെ ഭരണഘടനാ നിർമ്മാണ സമിതി രൂപം കൊടുത്തതും ലോകജനാധിപത്യ രാഷ്ട്രഭരണഘടനകളിലെ മെച്ചപ്പെട്ട വശങ്ങൾ ഉൾച്ചേർത്തതുമായ ഒരു ഭരണഘടനാ നിയമമാണ് ഇവിടെ നിലവിലുള്ളത്. ഇന്ത്യയ്ക്കൊപ്പം സ്വാതന്ത്ര്യം ലഭിച്ച ഒട്ടനവധി രാജ്യങ്ങളിലും പല ഭരണഘടനകൾ മാറിമാറി പരീക്ഷിച്ചു നോക്കിയപ്പോഴും അൻപതിഎട്ടു വർഷമായി നമുക്കു ഒരേ ഭരണഘടനയ്ക്കുള്ളിൽ നിന്നുകൊണ്ടു തന്നെ രാജ്യകാര്യവിചാരം നടത്തുവാനിട വന്നു എന്നതു നിസ്സാരമായ ഒരു കാര്യമല്ല വലിയ ദൈവാനുഗ്രഹമാണത്.

ലോകത്തു ഒരു ഭരണഘടനയും അതിനായി തന്നെ പൂർണ്ണമായും കുറ്റമറ്റതല്ല. നമ്മുടെ ഭരണഘടനയ്ക്കും പോരായ്മകളുണ്ടാവുക സ്വാഭാവികം തന്നെ. എങ്കിലും താരതമ്യേന മെച്ചപ്പെട്ട ഒരു ഭരണഘടന തന്നെയാണ് നമ്മുടേത്. ഭരണഘടനയുടെ അനുശാസനങ്ങൾക്കും ചൈതന്യത്തിനും അനുസൃതമായി ഭരണം നടത്തേണ്ട കേന്ദ്ര സംസ്ഥാന സർക്കാരുകൾ പലപ്പോഴും ഭരണനിർവ്വഹണ കാര്യങ്ങളിൽ കാണിക്കുന്ന പാളിച്ചകൾ നിയമവാഴ്ചയെത്തന്നെ ദുർബലപ്പെടുത്തുന്നുവെന്നത് ദുഃഖകരമായ യാഥാർത്ഥ്യവും.

കക്ഷികളും മുന്നണികളും തെരഞ്ഞെടുപ്പിലൂടെ മാറി മാറി അധികാരത്തിൽ വരികയെന്നതു ഒരു ജനാധിപത്യ സംവിധാനത്തിൽ സാധാരണയാണ്. പക്ഷെ ഭരണത്തിലെത്തുന്നവരായിരുന്നാലും ഭരണഘടനയെയും നിയമ വാഴ്ചയെയും ആദരവോടെ കാണേണ്ടതാവശ്യമാണ്. നീതിയുടെ ദേവത Goodness of justice and fairness കോടതികളുടെ മാത്രമല്ല നിയമ നിർമ്മാണ സഭകളുടെയും (legislature) ഭരണനിർവ്വഹണവിഭാഗത്തിന്റെയും (Executive) ചെയ്തികൾക്കും പ്രചോദനമാകേണ്ടതുണ്ട്. ഭരണാധികാരത്തിലെത്തുന്നവർ ഭയമോ പക്ഷപാതമോ കൂടാതെ ഭരണച്ചുമതല നിർവ്വഹിച്ചു കൊള്ളാമെന്ന പ്രതിജ്ഞയോടെയാണ് അധികാരമേൽക്കുന്നത്. എന്നാൽ പലപ്പോഴും അനുഭവം മറിച്ചാകുന്നുവെന്നതാണ് നിർഭാഗ്യകരമായ വസ്തുത.

കേരളത്തിലെ ജനങ്ങൾ വലിയ പ്രതീക്ഷകളോടെയാണ് കഴിഞ്ഞ നിയമ സഭാ തെരഞ്ഞെടുപ്പിൽ ഇടതുപക്ഷമുന്നണിയെ വൻ ഭൂരിപക്ഷത്തോടെ അധികാരത്തിലേക്കുയർത്തിയത്. ഇടതുപക്ഷാനുഭാവികളുടെ മാത്രം വോട്ടുകൊണ്ട് എൽ.ഡി.എഫ്.നോ ഇടതുപക്ഷ വിരുദ്ധരുടെ മാത്രം വോട്ടു കൊണ്ട് യു.ഡി.എഫിനോ ഒരു തെരഞ്ഞെടുപ്പിലും ഭൂരിപക്ഷം നേടാനാവുകയില്ല. നല്ല ഭരണമാഗ്രഹിച്ച് ഓരോ തവണയും മനസാക്ഷി പ്രകാരം സമ്മതിദാനമുപയോഗിക്കുന്ന ഒരു പക്ഷവും ചേരാതെ നില്ക്കുന്ന ഒരു വലിയ ഭാഗം വോട്ടർമാരാണ് ഓരോ തെരഞ്ഞെടുപ്പിലും മുന്നണികളുടെയോ പാർട്ടികളുടെയോ ജയാപജയങ്ങൾ നിശ്ചയിക്കുന്നത്. കഴിഞ്ഞ തെരഞ്ഞെടുപ്പിനു മുമ്പുള്ള നാളുകളിൽ അന്നത്തെ സർക്കാരിന്റെ ചില ഭരണ നടപടികളും ഭരണ ചെയ്തികളുമാണ് നിഷ്പക്ഷവോട്ടർമാരെ നിരാശപ്പെടുത്തിയതും പിന്നീടുണ്ടായ തെരഞ്ഞെടുപ്പിലെ ജയാപജയങ്ങൾക്കിടയാക്കിയതും. ഇന്ത്യൻ ജനാധിപത്യത്തിന്റെ ഏറ്റവും വലിയ ശക്തി സാധാരണ വോട്ടറുടെ രാഷ്ട്രീയ വിവേകമാണ്. അടിയന്തിരാവസ്ഥയ്ക്കുശേഷം കോൺഗ്രസിനെ പാടെ പരാജയപ്പെടുത്തിയ വടക്കേ ഇൻഡ്യയിലെ നിരക്ഷരരായ സമ്മതിദായകർ തന്നെയാണ് [illegible] ൽ ഇന്ദിരാഗാന്ധിയെ അധികാരത്തിലേക്കു തിരിച്ചു വിളിച്ചത്. എങ്ങനെ വോട്ടുചെയ്യുവാനും ധൈര്യമുള്ളവരും വിവേകമുള്ളവരുമാണ് സാധാരണ വോട്ടറെന്നു സാരം.

രണ്ടുവർഷം മുൻപു ഭരണത്തിലേറിയ നാൾ മുതൽ ഇടതുപക്ഷസർക്കാരും മുന്നണിനേതൃത്വവും മനഃപൂർവ്വമെന്നവണ്ണം ഇവിടത്തെ ചില മതവിഭാഗങ്ങളെയും മതമേലദ്ധ്യക്ഷന്മാരെയും അവരുടെ സ്ഥാപനങ്ങളെയും പകയോടെയെന്നവണ്ണം ആക്ഷേപിക്കുന്നതും അപകീർത്തിപ്പെടുത്തുന്നതു മാത്രമല്ല ചില സ്വാശ്രയ വിദ്യാഭ്യാസസ്ഥാപനങ്ങളെ ആക്രമിക്കുന്നതും പക്വമായ രാഷ്ട്രീയ സമീപനത്തിന്റെയോ സാമാന്യബുദ്ധിയുടെയോ തെളിവായി പരിഗണിക്കുവാൻ പ്രയാസമുണ്ട്. ബോൾഷെവിക്കു വിപ്ലവത്തെപ്പറ്റി ഇപ്പോൾ ഒരിക്കൽപ്പോലും ഓർമ്മിക്കാത്തവർ കൂടി ദിവസവും മൂന്നു നേരവും വിമോചന സമരത്തെ വിമർശിക്കുന്നതിന്റെ വിവേകമോ യുക്തിയോ മനസ്സിലാക്കുവാനും പ്രയാസമുണ്ട്. മതന്യൂനപക്ഷങ്ങളോടു മര്യാദ കാണിക്കേണ്ടതിനു പകരം അവരുടെ ആത്മീയാചാര്യന്മാരെ അധിക്ഷേപിക്കുന്നത് ഏതു രാഷ്ട്രീയ കണക്കുകൂട്ടലുകളുടെ അടിസ്ഥാനത്തിലായാലും അത് അവർക്ക് വിനയായി തീരുകയേയുള്ളുവെന്ന തിരിച്ചറിവ് എത്ര വേഗമവർക്ക് ഉണ്ടാകുന്നുവോ അത്രയും അവർക്ക് നന്നായിരിക്കും.

എല്ലാ മേഖലകളിലും കാണുന്ന ഭരണ കെടുകാര്യസ്ഥത വിശേഷിച്ച് വിദ്യാഭ്യാസ മേഖലയിലെ അതിലും സവിശേഷമായി സ്വാശ്രയ രംഗത്തെ സ്തംഭനാവസ്ഥ ജനങ്ങളിൽ പ്രത്യേകിച്ചും രക്ഷകർത്താക്കൾക്കിടയിൽ ഉളവാക്കിയിട്ടുള്ള രോഷത്തിന്റെയും നിരാശയുടെയും ആഴം സർക്കാരിപ്പോഴും തിരിച്ചറിയുവാൻ കഴിയുന്നില്ലെന്ന് പറയേണ്ടിവരുന്നതിൽ ഖേദമുണ്ട്. വേദനയും. കെട്ടിടങ്ങൾ ആരുടേതായാലും അത് ജെ.സി.ബി വച്ച് തകർത്താലും വിദ്യാർത്ഥികളെക്കൊണ്ട് അടിച്ചുതകർത്താലും ദേശീയ സമ്പത്തിന്റെ മേലാണ് കൈയേറ്റം സംഭവിക്കുന്നത്. അനധികൃതമായി വയ്ക്കുന്നവയാണെങ്കിൽ സർക്കാർ അത് നിയമപ്രകാരമായി ഏറ്റെടുത്ത് ജനോപയോഗപ്രദമായി ഉപയോഗിക്കുകയാണ് വേണ്ടത്. ആത്മഹത്യയുടെ പേരിലായാലും റാഗിംഗിന്റെ പേരിലായാലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആക്രമിച്ച് നശിപ്പിക്കുന്നത് ഒരു പരിഷ്കൃത സമൂഹ സംസ്കാരത്തിനോ സാമാന്യ മര്യാദയ്ക്കോ നിയമ വാഴ്ചയ്ക്കോ ചേർന്നതുമല്ല. ഇത്തരം കിരാതമായ പ്രവർത്തനങ്ങൾ ജനഹൃദയങ്ങളിൽ ഉണ്ടാക്കുന്ന മുറിവുകൾ ഭാവനാതീതമായ പ്രത്യാഘാതങ്ങൾക്ക് വഴി വയ്ക്കുമെന്ന് ഭരണപക്ഷവും പ്രതിപക്ഷവും തിരിച്ചറിയണമെന്ന് വിനയപൂർവ്വം ഓർമ്മിപ്പിക്കട്ടെ.

# ക്രിസ്തുവിന്റെ കുറവുകളെ ഞാൻ സ്നേഹിക്കുന്നു

സിസ്റ്റർ സി. ശോഭ സി.എസ്. എൻ.



പതിമൂന്നു വർഷത്തോളം കമ്യൂണിസ്റ്റ് തടങ്കലിൽ കഴിഞ്ഞയാളാണ് വിയറ്റ്നാം ആർച്ച് ബിഷപ് വാൻ തുവാൻ (മുഴുവൻ പേര് ഫ്രാൻസിസ് സേവ്യർ ങ്യുയെൻ വാൻ തുവാൻ). ഒരിക്കൽ അദ്ദേഹത്തിന്റെ കത്തോലിക്കരല്ലാത്ത സഹത്തടവുകാർ ചോദിച്ചു. എന്തുകാരണത്താലാണ് എല്ലാമുപേക്ഷിച്ച് താങ്കൾ ക്രിസ്തുവിനെ പിന്തുടരുന്നത്. അദ്ദേഹം പറഞ്ഞു കാരണം ഞാൻ ക്രിസ്തുവിന്റെ കുറവുകളെ സ്നേഹിക്കുന്നു. അതിലൊന്നാമത്തേത് ക്രിസ്തുവിന് ഭയങ്കര മറവിയുണ്ടായിരുന്നു. ഒരു പാപി അനുതാപത്തോടെ മുന്നിൽ വന്നുനിന്നാൽ ക്രിസ്തു ആ നിമിഷം അവന്റെ അതുവരെയുള്ള സകല തെറ്റുകളും മറന്നുപോകും. രണ്ടാമത്തെ കുറവ് - ക്രിസ്തുവിന് കണക്ക് അറിയില്ലായിരുന്നു. നൂറാടിൽ ഒന്നിനെ കാണാതുപോയാൽ ബാക്കി തൊണ്ണൂറ്റിയൊമ്പതിനെയും വിട്ടിട്ട് ഒന്നിനെ അന്വേഷിച്ചവൻ പോകും. അതിനർത്ഥം ക്രിസ്തുവിന് ഒന്നും തൊണ്ണൂറ്റൊമ്പതും സമമാണ്. മൂന്നാമത്തെ കുറവ് ക്രിസ്തുവിന് യുക്തിബോധമില്ലായിരുന്നു. പത്തുവെള്ളിനാണയമുള്ള സ്ത്രീ ഒന്നു നഷ്ടപ്പെട്ടാൽ അവളതു കണ്ടുകിട്ടുവോളം തിരയുന്നു. കണ്ടുകിട്ടിക്കഴിയുമ്പോൾ സുഹൃത്തുക്കളെ വിളിച്ചു സദ്യയൊരുക്കുന്നു. നഷ്ടപ്പെട്ട ഒരു വെള്ളിനാണയത്തേക്കാൾ എത്ര ചെലവേറിയ പരിപാടിയാണിത്! നാലാമത്തെ കുറവ്-ക്രിസ്തു നയതന്ത്രശാലിയല്ല. തന്നെ പിന്തുടരുന്നവർക്ക് അവൻ വാഗ്ദാനം ചെയ്യുന്നത് പരീക്ഷണങ്ങളും കഷ്ടപ്പാടുകളും. അഞ്ചാമത്തെ കുറവ്- ക്രിസ്തുവിന് ധനതത്വശാസ്ത്രമറിയില്ലായിരുന്നു. രാവിലെ ഒമ്പതു മണിക്കും വൈകുന്നേരം അഞ്ചുമണിക്കും ജോലിക്കിറങ്ങുന്നവന് ഒരേ കൂലി.

ചുരുക്കത്തിൽ ക്രിസ്തുവിന് ഒട്ടും പ്രായോഗികബുദ്ധിയില്ലായിരുന്നു. ക്രിസ്തുവിന്റെ ഈ കുറവുകളാണല്ലോ അവന്റെ ജീവിതത്തിന്റെ സൗന്ദര്യവും. ഞാൻ വിചാരിക്കുന്നു ഇത്തരം കുറവുകളുള്ള മനുഷ്യരാണ് ക്രിസ്തുവിനോട് ചേർന്നു നടക്കുന്നവരെന്ന്. ക്രിസ്തുവിന്റെ ഈ കുറവുകളിൽ ഞാനേറ്റവും ഇഷ്ടപ്പെടുന്നത് അവന്റെ മറവിയാണ്. ദൈവത്തിന് ഇങ്ങനെ മറവിയില്ലായിരുന്നെങ്കിലോ...? ഈശ്വരാ... ഒരാൾ അഗാധത്തിൽനിന്ന് നിലവിളിക്കുകയാണ്. കർത്താവേ, നീ പാപങ്ങളെല്ലാം ഓർത്തിരുന്നാൽ ആർക്കു രക്ഷയുണ്ടാകും.

ദൈവത്തിന്റെ മറവിയുടെ നിഴൽപറ്റി നടത്തുന്ന യാത്രയുടെ ചരിത്രമാണ് മനുഷ്യന്റേത്. ഏദൻ തോട്ടത്തോളം പഴക്കമുണ്ട് യാത്രയ്ക്ക്. അനുസരണക്കേടു കാണിച്ചതിന് ശിക്ഷിക്കപ്പെട്ട ആദവും ഹവ്വയും നിന്ന് കരയുകയാണ്. തങ്ങൾ മൂലം മണ്ണ് ശപിക്കപ്പെട്ടതായി തീർന്നിരിക്കുന്നു. ന്യായമായിട്ടാണു ശിക്ഷിച്ചതെങ്കിലും അവരുടെ സങ്കടം കണ്ട ദൈവത്തിനു പാവം തോന്നി. പിന്നെ ദൈവം ഒരമ്മയെപ്പോലെ അവരെ ഉടുപ്പിക്കുന്നു. വാഗ്ദാനങ്ങൾ നല്കുന്നു. അടുത്ത ഊഴം കായേന്റേതാണ്. അയാളുടെ തെറ്റ് കുറേക്കൂടി ഗൗരവമുള്ളതാണ്. സ്വന്തം സഹോദരനോടുള്ള അസൂയ മൂത്ത് അവനെ കരുതിക്കൂട്ടി അയാൾ കൊല്ലുന്നു. ഭൂമിയിൽ നീ ശപിക്കപ്പെട്ടവനായിരിക്കും എന്നു പറഞ്ഞാണ് ദൈവം അവനെ നേരിടുന്നത്. ദൈവത്തിന്റെ ശാപം ഏറ്റുവാങ്ങുന്ന ഭൂമിയിലെ ആദ്യത്തെ മനുഷ്യനാണു കായേൻ. ആ ശിക്ഷ തനിക്കു താങ്ങാവുന്നതിലധികമാണെന്നയാൾ ദൈവത്തോടു സങ്കടപ്പെട്ടു. കാണുന്നവരെല്ലാം ഇനി എന്നെ കൊല്ലാൻ ശ്രമിക്കും. ദൈവത്തിന്റെ മനസ്സലിഞ്ഞു. ഇല്ല ആരും നിന്നെ ഉപദ്രവിക്കില്ല. നിന്നെ ഉപദ്രവിക്കുന്നവനെ ഞാൻ ഏഴിരട്ടി ശിക്ഷിക്കും. എന്നിട്ട് ദൈവം അവന്റെ മേൽ ഒരടയാളം പതിച്ചു. ഒരു സംരക്ഷണമുദ്ര. ഇനി അവൻ എവിടെപ്പോയാലും ആ മുദ്രയും അവനോടൊപ്പമുണ്ട്. കൊലപാതകിക്ക് സംരക്ഷണകവചമായി മാറുന്ന ദൈവം!

ഇനി പുറപ്പാടു യാത്രയാണ്. യാത്രയിലുടനീളം ദൈവത്തോട് മല്ലടിക്കുന്ന പ്രിയപ്പെട്ട ജനം. പലപ്പോഴും ദൈവം പ്രകോപിതനാകുകയും ഇനി കൂടെ നടക്കില്ലെന്ന് തീരുമാനിക്കുകയും ചെയ്യുന്നുണ്ട്. അപ്പോൾ, ജനത്തെ ഇങ്ങനെ കൈവിട്ടാൽ അങ്ങേക്കാണ് നാണക്കേടെന്നൊക്കെ പറഞ്ഞ് മോശ മദ്ധ്യസ്ഥം പിടിക്കും. അതോടെ ദൈവം തണുക്കുന്നു. പിന്നെ പഴയതൊക്കെ മറന്ന് രാവിൽ അഗ്നിസ്തംഭവും പകൽ മേഘസ്തൂണുമായി അവരുടെ മീതെ വിരിഞ്ഞു നിന്ന് അവർക്കൊപ്പം സഞ്ചരിക്കുന്നു.! അനുസരണക്കേട് കാണിച്ച് കുഞ്ഞിനെ

തല്ലാനോങ്ങിയ കൈ പിന്നെ പിൻവലിക്കുന്ന സ്നേഹമയിയായ അപ്പനെപ്പോലെ ഇസ്രായേലിന്റെ ചരിത്രത്തിലുടനീളം ദൈവമിങ്ങനെയാണ്.

ഒടുവിൽ ക്രിസ്തുവിലെത്തുമ്പോഴാണ് ദൈവത്തിന്റെ കരുണയും സ്നേഹവുമൊക്കെ നമുക്കു സങ്കല്പിക്കാവുന്നതിലധികമാണെന്ന് വെളിപ്പെടുത്തുന്നു. അറിവിനെ അതിശയിക്കുന്ന ക്രിസ്തുവിന്റെ സ്നേഹം എന്ന് പൗലോ ശ്ലീഹാ അതെപ്പറ്റി പറയുന്നുണ്ട്. അനുതാപത്തിന്റെ ചെറിയൊരടയാളം കിട്ടിയാൽ എല്ലാം മറന്ന് ചേർത്തു പിടിക്കുന്ന ദൈവത്തെയാണ് ക്രിസ്തു ലോകത്തിനു പരിചയപ്പെടുത്തിയത്. ധൂർത്തപുത്രന്റെ ഉപമയാണതേറ്റവും തീവ്രതയോടെ വരച്ചു കാണിക്കുന്നത്. കണ്ണുനീരുകൊണ്ട് കാലു കഴുകുന്ന പാപിനിയോട് നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു സമാധാനത്തോടെ പോകുക എന്നും തെറ്റിൽ പിടിക്കപ്പെട്ടവളോട് ഞാൻ നിന്നെ വിധിക്കുന്നില്ല പൊയ്ക്കൊള്ളുക എന്നും സക്കായിയോട് ഈ വീടിനും രക്ഷ കൈവന്നിരിക്കുന്നു എന്നുമൊക്കെ യാതൊരുപാധികളുമില്ലാതെ ക്രിസ്തു പറയുമ്പോൾ ധൂർത്തപുത്രന്റെ ഉപമയിലെ പിതാവിന്റെ സ്ഥാനത്താണല്ലോ ക്രിസ്തു.

ഒടുവിൽ കുരിശിൽ. ഓർക്കണം, വധശിക്ഷ അർഹിക്കുന്ന കുറ്റം ചെയ്ത ഒരാളാണ് കുരിശിൽ കിടന്ന് അന്ത്യശ്വാസം വലിക്കുന്നതിനിടെ ക്രിസ്തുവിനോട് കരുണ യാചിക്കുന്നത്. 'നീ പറുദീസയിൽ ആയിരിക്കുമ്പോൾ എന്നെക്കൂടി ഓർക്കണമേ'. ആ നിമിഷം ക്രിസ്തു അയാൾക്ക് പറുദീസയുടെ വാതിൽ തുറന്നുകൊടുത്തു. മൂന്നുവട്ടം തള്ളിപ്പറഞ്ഞ പത്രോസിനെ തിബേരിയൂസ് കടൽത്തീരത്തുവച്ച് ക്രിസ്തു നേരിടുന്നത് ഇവരെക്കാൾ 'അധികമായി നീ എന്നെ സ്നേഹിക്കുന്നുണ്ടോ' എന്ന് ചോദിച്ചാണ്. 'ഉവ്വ് ഞാൻ നിന്നെ സ്നേഹിക്കുന്നു'. ക്രിസ്തു മൂന്നുതവണ ഈ ചോദ്യം ആവർത്തിക്കുന്നുണ്ട്. ഒടുവിൽ പത്രോസിന്റെ മറുപടി കരഞ്ഞുകൊണ്ടാണ്. ക്രിസ്തു എന്തുകൊണ്ടാണ് ഇങ്ങനെ ആവർത്തിച്ച് പറയിപ്പിച്ചത് എന്നതിന് പല വ്യാഖ്യാനങ്ങൾ ഉണ്ടെങ്കിലും ഒന്നുറപ്പ്. മൂന്നു തവണ ഏറ്റുപറഞ്ഞതുവഴി പത്രോസിന്റെ ഹൃദയത്തിന് ലഭിച്ച ഒരു സൗഖ്യമുണ്ട്. കുറ്റബോധത്തിൽ നിന്നുള്ള മോചനം. ഗുരുവിനെ തള്ളിപ്പറഞ്ഞ ഓർമ്മ ഇനി പത്രോസിനെ അലട്ടും. അപ്പോഴൊക്കെ എല്ലാവരേയുംകാൾ താനവനെ സ്നേഹിക്കുന്നുണ്ടല്ലോ എന്ന് ഏറ്റുപറഞ്ഞ ഓർമ്മ അതിന് സൗഖ്യലേപനമാകും. ചെയ്തുപോകുന്ന അപരാധമോർത്ത് സങ്കടപ്പെടുകയെന്നുമാത്രമല്ല അത് മറക്കാൻ അയാളെ സഹായിക്കുന്നു എന്നതുമാണ് ക്രിസ്തുവിന്റെ സ്നേഹത്തിന്റെ സവിശേഷത.

ഓർത്തുനോക്കിയാൽ ഞാനീ തെറ്റ് ഒരിക്കലും ചെയ്കില്ലെന്ന് പറയാൻ ആർക്കെങ്കിലും കഴിയുമോ. ഇല്ലെന്ന് ബൈബിൾ നമ്മെ പഠിപ്പിക്കും. ബൈബിളിൽ അങ്ങോളമിങ്ങോളം ഇത്തരം ചില മുദ്രകൾ പതിഞ്ഞുകിടപ്പുണ്ട്. സാവൂൾ, ദാവീദ്, സോളമൻ, സാംസൺ എന്നിങ്ങനെ നീളുന്നു പഴയനിയമത്തിലെ ആ പരമ്പര. സാവൂളും ദാവീദും സാംസണുമൊക്കെ ഒറ്റപ്പെട്ട ചില ഇടർച്ചകളിലാണ് നിപതിച്ചത്. സോളമനാകട്ടെ യിസ്രായേലിന്റെ ചരിത്രം തന്നെ മാറ്റാനാകാൻ മാത്രം അതിഗൗരവമായ തിന്മകളിലേക്ക് വഴുതിവീണു. ആയുസും ഭൗതികവുമായ നന്മകൾ കൊണ്ട് ദൈവം ഇത്രയേറെ അനുഗ്രഹിച്ച വേറൊരു കഥാപാത്രം ബൈബിളിലില്ല. നന്മയും തിന്മയും തിരിച്ചറിയാനുള്ള വിവേകം നൽകപ്പെട്ടിട്ടുണ്ട് ഈ ആൾക്ക്. മാത്രമല്ല രണ്ട് തവണ ദൈവം ആ മനുഷ്യന് പ്രത്യക്ഷപ്പെട്ടിട്ടുമുണ്ട്. എന്നിട്ടും സോളമൻ ഇടറി. അതും വാർദ്ധക്യത്തിൽ

പുതിയനിയമത്തിൽ യൂദാസും പത്രോസുമൊക്കെയുണ്ട്. ക്രിസ്തുവിന്റെ നിഴലുപോലെ നടക്കുകയും ചെയ്യാൻ പോകുന്ന തെറ്റുകളെക്കുറിച്ച് മുന്നറിയിപ്പ് ലഭിക്കുകയും ചെയ്തവരാണ് എന്നിട്ടോ?

'ദൈവമേ അറിയാതെ പറ്റുന്ന വീഴ്ചകളിൽ നിന്ന് എന്നെ ശുദ്ധീകരിക്കണമേ. ബോധപൂർവ്വം ചെയ്യുന്ന തെറ്റുകളിൽ നിന്നും എന്നെ വിടുവിക്കണമേ', എന്നുപ്രാർത്ഥിക്കാനല്ലാതെ നമുക്ക് എന്തു ചെയ്യുവാൻ കഴിയും. എന്നാൽ അനുതപിക്കാൻ മാത്രം വിനയമുള്ള ഒരാൾക്ക് ലഭിക്കുന്ന ഒരു ഭാഗ്യമുണ്ട്. തെറ്റുപറ്റിയത് എല്ലാം മറക്കാൻ തയ്യാറായി ദൈവം നിൽക്കുന്നുണ്ട്. അങ്ങനെ ഒരു ഭാഗ്യം ലഭിക്കുന്നയാൾ ഈ കരുണ പരസ്പരം കൈമാറണമെന്ന് ദൈവം ആവശ്യപ്പെടുന്നുണ്ട്. പതിനായിരം താലന്ത് ഇളച്ചുകിട്ടിയ ഭൃത്യൻ നൂറ് ദെനാറ തരാനുള്ളവനെ ഉപദ്രവിക്കുമ്പോൾ യജമാനൻ തന്റെ കരുണ പിൻവലിച്ച കഥ അതാണ് നമ്മെ ഓർമ്മിപ്പിക്കുന്നത്. യജമാനൻ അയാളോട് ചോദിച്ചു. 'ഞാൻ നിന്നോട് കരുണ കാണിച്ചതുപോലെ നീയും നിന്റെ സഹസേവകനോട് കരുണ കാണിക്കേണ്ടതായിരുന്നില്ലേ'

ഞാൻ-ദൈവത്തിൽ നിന്ന് പതിനായിരം താലന്ത് ഇളവു ലഭിച്ചയാൾ. എന്റെ പ്രവൃത്തികളനുസരിച്ച് ദൈവം എന്നോടു പെരുമാറിയാൽ ജീവിച്ചിരിക്കാൻ പോലും യോഗ്യതയില്ലാത്തൊരാൾ. എന്നിട്ടും നൂറു ദെനാറ തന്നു തീർക്കാനുള്ളവരോടുള്ള എന്റെ അസഹിഷ്ണുതയെ ദൈവമെങ്ങനെയായിരിക്കും നേരിടുക...?

വാസ്തവത്തിൽ നമ്മൾ ആരോടെങ്കിലും പൊറുക്കുന്നുണ്ടോ? നമ്മൾ പൊറുക്കുന്നു എന്നൊക്കെ പറയുന്നത് പലപ്പോഴും എതിരാളിയെ നേരിടാനുള്ള കരുത്തോ തന്റേടമോ ഇല്ലാത്തതിന്റെ പേരിലുള്ള ഒരു ഒഴിഞ്ഞുമാറൽ മാത്രമാണ്. അതുകൊണ്ടാണ് അയാൾക്ക് എന്തെങ്കിലുമൊരു ദുരന്തമുണ്ടായി എന്നറിയുമ്പോൾത്തന്നെ അയാളിത് അനുഭവിക്കേണ്ടതാണ് എന്നൊക്കെ പറഞ്ഞ് ഒരു പകരം വീട്ടലിന്റെ സുഖം നമ്മളനുഭവിക്കുന്നത്. ശരിക്കും മറച്ചു പിടിച്ച പകതന്നെയാണിത്.


രണ്ടു ചങ്ങാതിമാർ മരുഭൂമിയിലൂടെ പോകുകയായിരുന്നു. ഇടയ്ക്കു വച്ച് ഒരാൾ കൂട്ടുകാരനോട് പിണങ്ങുകയും അവന്റെ കവിളത്തടിക്കുകയും ചെയ്തു. അപ്പോൾ അടിയേറ്റവൻ മണലിൽ ഇങ്ങനെ എഴുതി. 'ഇവിടെ വച്ച് എന്റെ ചങ്ങാതി എന്നെ അടിച്ചു'. വീണ്ടും അവർ യാത്ര തുടർന്നു. ഇത്തവണ അടിയേറ്റവൻ അഗാധമായ ഒരു മണൽക്കുഴിയിൽ വീണു. ചങ്ങാതി കരം നീട്ടി അവനെ പിടിച്ചു കയറ്റി. അപ്പോൾ അവൻ അടുത്തുകണ്ട ഒരു പാറയിൽ ഉളികൊണ്ട് ഇങ്ങനെ കൊത്തി- 'ഇവിടെവച്ച് എന്റെ ചങ്ങാതി എന്നെ രക്ഷിച്ചു'. കൂട്ടുകാരൻ അത്ഭുതപ്പെട്ടു. ഞാൻ നിന്നെ അടിച്ചത് മണലിൽ എഴുതി. ഇപ്പോൾ പാറയിലും. എന്തേ, ഇങ്ങനെ. അവൻ പറഞ്ഞു: 'ചങ്ങാതി നല്കിയ ക്ഷതങ്ങളുടെയും തിന്മകളുടെയും ഓർമ മണലിൽ എഴുതിയാൽ മതി. കാറ്റ് അത് തുടച്ചു മാറ്റിക്കൊള്ളും. എന്നാൽ അവൻ നല്കിയ കരുതലും സംരക്ഷണവും പാറയിൽ തന്നെ എഴുതണം. ഒരു കാറ്റും തുടച്ചുമാറ്റരുത്'.

എത്ര ചെറിയ കാരണങ്ങൾകൊണ്ടാണ് മറ്റുള്ളവരിൽ നിന്ന് സ്വീകരിച്ച നന്മകളും അനുഗ്രഹങ്ങളും കൃപകളുമൊക്കെ നമ്മൾ മറന്നുകളയുന്നത്. എന്നിട്ടും മനഃപൂർവ്വമല്ലാതെ അവർ നമുക്കെതിരെ ചെയ്തുപോകുന്ന അപരാധം വർഷങ്ങൾ നമ്മൾ ഓർത്തിരിക്കുകയും ചെയ്യും.

**അതിപ്രായോഗികത നമ്മുടെ കാലത്തെ ബാധിച്ചിരിക്കുന്ന തിമിരമാണെന്ന് തോന്നുന്നു. ഹൃദയത്തിന്റെ കാഴ്ചയെ അത് വല്ലാതെ മറച്ചുകളയുന്നുണ്ട്. എല്ലാറ്റിനെയും കാര്യകാരണസഹിതം വിചാരണ ചെയ്താൽ പിന്നെ യാരെയാണ് നമുക്ക് സ്നേഹിക്കാൻ കഴിയുക! വേണ്ട നമുക്കധികം പ്രായോഗികമതികളാവേണ്ട. കണക്കുകൾ സൂക്ഷിക്കാത്ത, യുക്തിവിചാരങ്ങളില്ലാത്ത, നയചാരുതയില്ലാത്ത വെറും പാവം മനുഷ്യരായിരുന്നാൽ മതി. അങ്ങനെയാവുമ്പോൾ നമ്മുടെ വീട്ടിലും നമ്മൾ ബന്ധപ്പെടുന്ന ഇടങ്ങളിലുമൊക്കെയുള്ള എണ്ണിയാലൊടുങ്ങാത്ത പ്രശ്നങ്ങൾ താനെ മാറിക്കൊള്ളും.**

# ചെങ്ങറ ഭൂസമരം ദളിത് ജനങ്ങളുടെ നവോത്ഥാന ജനകീയ മുന്നേറ്റം

സൈമൺ ജോൺ
കെ. സി. സി. മെവസ് പ്രസിഡന്റ്, ആക്ടിങ് ചെയർമാൻ
ചെങ്ങറ ഭൂസമര ഐക്യദാർഢ്യ സമിതി



കേരളത്തിലെ ജനസംഖ്യയിൽ 15 ശതമാനത്തോളം വരുന്ന പട്ടിക സമുദായത്തിൽ പെടുന്ന ജനവിഭാഗം പരമ്പരാഗതമായി ഭൂമിയിൽ പണി എടുക്കുന്നവരും ജാതി നിയമങ്ങളാൽ സാമൂഹ്യവും സാമ്പത്തികവുമായ വികസന പ്രക്രിയയിൽ നിന്നും പിൻ തള്ളപ്പെട്ടവരുമാണ്. ശൂദ്രൻ വിദ്യാഭ്യാസം പാടില്ല എന്നത് പോലെ ദളിതന് ഭൂമി മേലുള്ള അവകാശവും നിഷേധിക്കപ്പെട്ടിരുന്ന ഒരു സാമൂഹ്യക്രമമാണ് ദീർഘകാലമായി ഇവിടെ നിലനിന്നിരുന്നത്. പത്തൊൻപതാം നൂറ്റാണ്ടിൽ കേരളത്തിൽ ആരംഭിച്ച പാശ്ചാത്യ മിഷനറി പ്രവർത്തനകാലത്താണ് മാറ്റം ഉണ്ടാവുന്നത്. അടിമകളായിരുന്ന ജനവിഭാഗങ്ങളെ സാമൂഹ്യമായി മോചിപ്പിച്ചു. കർഷകത്തൊഴിലാളികളായിരുന്ന മധ്യ കേരളത്തിലെ ദളിതർക്ക് അധികം പേർക്കും ഒരു ഏക്കർ ഭൂമി വീതം നൽകി കൊണ്ടുള്ള ക്രൈസ്തവവിശ്വാസപ്രവർത്തനമാണ് മിഷനറിമാർ ചെയ്തിരുന്നത്. പള്ളിക്കൂടങ്ങൾ സ്ഥാപിച്ചു് അതിന് ചുറ്റുമായി അടിമകളായിരുന്ന ദളിതരെ പുനരധിവസിപ്പിച്ച് കൊണ്ടുള്ള സാമൂഹ്യ നവോത്ഥാനപ്രവർത്തനങ്ങളിലൂടെയുള്ള ക്രൈസ്തവപ്രവർത്തനമായിരുന്നു ആദ്യകാല മിഷനറിമാർ ചെയ്തത്. എന്നാൽ ആ മാതൃക ശക്തിപ്പെടുത്തി തുടർന്നു പോരുന്നതിന് കേരള ക്രൈസ്തവ പ്രവർത്തനങ്ങൾക്ക് സാധിച്ചില്ല.

സ്വാതന്ത്ര്യാനന്തര കേരളത്തിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ പ്രവർത്തനത്തോടെയാണ് ഈ മേഖലയിൽ മാറ്റങ്ങൾ ഉണ്ടാവുന്നത്. 1957 ൽ വന്ന ഒന്നാമത്തെ കമ്മ്യൂണിസ്റ്റ് സർക്കാർ ആവിഷ്ക്കരിച്ച ഭൂപരിഷ്ക്കരണ പാട്ടക്കാർക്ക് അധിക ഭൂമിയും കർഷക തൊഴിലാളികളായിരുന്ന ദളിതർക്ക് മൂന്നു മുതൽ പത്തു സെന്റ് വരെയുള്ള ഭൂമി അവകാശവും ലഭിച്ചത്. അങ്ങനെ ദളിത ജനവിഭാഗങ്ങൾ സർക്കാർ കോളനികളിലേക്ക് വീണ്ടും പുനരധിവസിക്കപ്പെട്ടു. 3 സെന്റിലും 10 സെന്റിലും താമസം ആരംഭിച്ചവർ മൂന്നും നാലും കുടുംബങ്ങളായി വർദ്ധിച്ച് ഭൂരാഹിത്യത്തിന്റെ തിക്കും തിരക്കും അനുഭവിക്കുന്നു.

ഈ സാഹചര്യത്തിലാണ് സാധുജന വിമോചന സംയുക്ത വേദിയുടെ ആഭിമുഖ്യത്തിൽ പത്തനംതിട്ട ജില്ലയിലെ ചെങ്ങറ ഭൂസമരത്തെ വിലയിരുത്തേണ്ടത്. വേദിയുടെ സമുന്നത നേതാവായ ളാഹഗോപാലകൃഷ്ണന്റെ നേതൃത്വത്തിൽ കഴിഞ്ഞ ഒരു ദശകമായി പത്തനംതിട്ട ജില്ലയുടെ ഭൂരഹിതരായ ദരിദ്രർക്ക് ഭൂമി ലഭിക്കുന്നതിന് വേണ്ടിയുള്ള നിരവധി സമരങ്ങൾ നടത്തപ്പെട്ടിട്ടുള്ളതാണ്. 2005 വർഷത്തോട് കൂടിയാണ് പ്രസ്ഥാനത്തിലേക്ക് അധികം ആളുകൾ ചേരുകയും സമരം ശക്തിപ്രാപിക്കുന്നതും. കളക്ടറേറ്റിന് മുമ്പിൽ നടന്ന സമരം അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുമായുള്ള ചർച്ച തീരുമാനപ്രകാരം നിർത്തിവെയ്ക്കുകയും 2007 ആഗസ്റ്റ് മുതൽ 2000ത്തോളം ഭൂരഹിതകുടുംബങ്ങൾ ചെങ്ങറ എസ്റ്റേറ്റിൽ കയറി താമസിച്ചു സമരം ചെയ്യുന്ന അവസ്ഥയിൽ എത്തിയിരിക്കുകയുമാണ്.

രണ്ട് കാര്യങ്ങളാണ് ഇതോടനുബന്ധമായി പറയപ്പെടുന്നത്. ഒന്നാമതായി സ്വകാര്യഭൂമിയിൽ കയറി സമരം ചെയ്യാമോ ? രണ്ടാമതായി, ഇതൊരു ജനകീയ സമരമാണോ! 99 വർഷത്തേക്ക് പാട്ടത്തിനെടുത്തതും 2010 ൽ പാട്ടക്കാലാവധി തീരുമ്പോൾ സർക്കാരിൽ തിരികെ ചേരുന്നതുമായ ഭൂമി എത്രമാത്രം സ്വകാര്യ ഭൂമിയാകും. സാധുജന വേദി അഭിപ്രായപ്രകാരം

Contd. 13

ആദ്ധ്യാത്മികചിന്തകനും ഗുരുവും മഹാപണ്ഡിതനുമായ വിവേകാനന്ദ സ്വാമികൾ ലോകമതസമ്മേളനത്തിൽ പങ്കെടുക്കാൻ അമേരിക്കയിൽ ചെന്നപ്പോൾ സമ്മേളനത്തിൽ പങ്കെടുക്കാനെത്തിയ ഒരു പറ്റം ബ്രിട്ടീഷുകാർ അദ്ദേഹത്തെ സമീപിച്ചു.

ഒരു ബ്രിട്ടീഷുകാരി ഇന്ത്യൻ ജനതയെ വിലയിരുത്തിക്കൊണ്ട് അല്പം പുച്ഛം കലർത്തി പറഞ്ഞു:

"ഇന്ത്യക്കാർക്ക് സ്വന്തമെന്നു പറയാൻ ഒരു നിറമില്ല. കറുത്തവരുണ്ട്, വെളുത്തവരുണ്ട്, ചാരനിറമുള്ളവരുമുണ്ട്. ചുവപ്പുരാശിയുള്ളവരുമുണ്ട്. പക്ഷേ, ബ്രിട്ടീഷുകാർക്കെല്ലാം ഒരേ നിറമാണ്.

സ്വാമികൾ പറഞ്ഞു:

"മാഡം പറഞ്ഞതു ശരിയാണ്. പശുക്കൾ പല നിറത്തിലുണ്ട്. വെളുത്ത പശുവുണ്ട്. കറുത്ത പശുവുണ്ട്. ചാര നിറത്തിലും ചുവപ്പുനിറത്തിലും പശുക്കളുണ്ട്. പക്ഷേ, പോത്തുകൾക്കെല്ലാം ഒരേ നിറമാണ്", അടുത്തുനിന്ന മറ്റൊരു വെള്ളക്കാരൻ സ്വാമികളെ പരിഹസിക്കാനായി പറഞ്ഞു: 'തനി ദേശീയവാദിയായ നിങ്ങൾ ധരിച്ചിരിക്കുന്നത് ഭാരതീയ വസ്ത്രങ്ങളായ മുണ്ടും ഷർട്ടും തലപ്പാവുമൊക്കെയാണ്, പക്ഷേ നിങ്ങളുടെ കാലിൽ ധരിച്ചിരിക്കുന്ന ഷൂ ബ്രിട്ടീഷ് നിർമ്മിതമായതിനാൽ പൊരുത്തക്കേടുണ്ടല്ലോ'

'വെള്ളക്കാർക്ക് ഞങ്ങൾ നല്കുന്ന സ്ഥാനം എവിടെയാണെന്ന് നിങ്ങൾക്കിപ്പോൾ ബോധ്യമായല്ലോ?'

സ്വാമികൾ പുഞ്ചിരിയോടെ തിരിച്ചടിച്ചു.

# The Church of South India becomes ARC's latest partner

*Report of Ms. Victoria Finlay - Website : www.arcworld.org*

ARC's latewhich represents some 3.8 million members in India and around the world.

The Church this month issued a sst religious partner in the bid to protect the natural environment, is the Church of South India (CSI) tatement through ARC, written by the Madhya Kerala Diocese in central Kerala, which has been a pioneer in green activism for some years.

The agreement with ARC stems from an international conference hosted by the Diocese in February 2008, in which ARC and the CSI signed a memorandum of agreement, after which ARC agreed to help the Diocese to put together a seven year plan of environmental action - of which this statement is an early step. Currently all the parishes in the Diocese are undergoing environmental audits, and they are due to discuss the results in internal meetings in the next two months.

The inspiring statement, which is based on a speech given by Bishop Thomas Samuel in February, emphasises that: "Our aim is to keep this beautiful world beautiful, and not to turn it into a wasteland."

### Church of South India statement

By Bishop Thomas Samuel

Madhya Kerala Diocese, April 2008

### The Background

One of the reasons for the present ecological crisis is greed. It is greed that causes people to exploit resources. It is greed that means there is not enough. And the over-exploitation of resources is causing imbalances in nature. As Mahatma Gandhi said: "The earth provides enough to satisfy everyone's need, but not everyone's greed."

We believe that environmental problems are more spiritual than technological. And we believe that God calls us now to confess and repent of attitudes which devalue creation. Forgetting that "the earth is the Lord's," we have often simply used creation, while forgetting our responsibility to care for it.

### The Aim

Our aim is to keep this beautiful world beautiful, and not to turn it into a wasteland.

### Our Covenants

In the Bible there are covenants and laws and statutes to be observed if the earth and its inhabitants are to experience oneness and harmony. And the most important covenant is between God and humanity. We are God's gardeners, and when we forget this, then not only does the earth suffer, but all creation suffers, because all things are connected.

The Bible says the Earth is the Lord's and that God is the owner of this universe.

We believe that God loves creation and wants its life to flourish. No creature is different in God's sight. Every creature has its own dignity and its own rights, because all are included in God's covenant.

So it is said in the story of Noah: "Behold", says God, " I establish my covenant with you and your descendants after you, and every living creature" (Gen 9: 9-10).

The fundamental human rights come from this cövenant "with us". The rights of future generations come from the covenant "with us and our descendants." The rights of nature come from the covenant "with us and our descendants and with every living creature". Before God, the creator, we and our descendants and every living creature are equal partners of God's covenant. Nature is not our property.

Instead, all living beings must be respected by humanity as God's partners in the covenant. Whoever destroys nature, destroys him/herself. Whoever injures the dignity of the animals, injures God

### The Role of Faith

Our actions and attitudes toward the earth need to proceed from the centre of our faith, and be rooted in the fullness of God's revelation in Christ and the Scriptures. We seek carefully to learn all that the Bible tells us about the Creator, creation, and the human task. In our life and words we declare that full good news for all creation is still waiting "with eager longing for the revealing of the children of God," (Rom 8:19).

In Hinduism there is no separation between the Divine and nature. Both are the same aspects of the same reality. Like the ocean, Brahma the Creator is the unmanifest depths of the sea. Everything is Brahman, or as it is said; "Sarvam Khalvidam Brahma."

Everything is the very aspect of the same reality, and everything is sacred. Christians too can share in this Vedic vision of unity which is the

basis for an ecological approach, in which human beings can honour the entire universe. There are many sacred places to Hindus. Christians too sing of the beauty of the earth but seem to have no difficulty in polluting that which is holy. We should not ignore our high calling. All things are connected.

**The Importance of Hope**

We refuse to succumb to despair: remember Abraham who hoped against hope. There is hope for the future. If we can live out this vision in our daily lives and can communicate it to others in word and action then we can play a powerful role in creating an attitude of reverence for the earth. Attitude is very important n ecology: it effects everything, including, perhaps most importantly in this debate and issue, how we see things in this world. John 3:16 is probably the best known verse in the New Testament: "God so loved the World that he gave his only begotten son that whoever believes in him may not perish but have eternal life".

Have you noticed that the verse does not say: "God so loved humans ...", but "God so loved the world"... the whole cosmos? John proclaims that God's love is not restricted to the human race; it extends to all aspects of life. And this verse may be seen to contain considerable implications for our attitudes to the environment.

We need to recognise that what we do with God's creation around us will have a tremendous effect, for good or ill, on the lives of our grandchildren and on the generations of their children and grandchildren. By our attitude to God's creation now, we determine the nature of the society that will be inherited later this century by the children of our children.

Will it be a society that has to contend with – to be content with - pollution of the air, the earth, the rivers and the seas? Or will it be a society which retains the fullness with which God has endowed it and to which the psalmist refers when he proclaims: "The earth and its fullness are the Lord's"?

**How We Can Help**

Here are some of the ways in which we in the Church of South India can help.

We can learn to eat lower on the food chain: reducing the animal products in our diet is perhaps the single most-effective step we can make.

We can practice energy conservation: let us use less heat, less light, less airconditioning.

- We can plant trees.
- We can change our driving habits.
- We can influence the government.
- We can develop our thoughts on eco-spirituality.
- We can participate in recycling.
- We can volunteer in local cleanup programmes.
- We can join environmental groups.

As church leaders and church members we can take a leadership role in persuading others to do the same.

And perhaps most important of all, we can evaluate our own life styles, our desires, our aims, and our relationships with creation. We can help

*Contd. 10*

വന്ദ്യവയോധികനായ ഒരു ബിഷപ്പ് ട്രെയിനിൽ സഞ്ചരിക്കുകയായിരുന്നു. കുറെ ദൂരം ചെന്നപ്പോൾ ഒരു സ്റ്റേഷനിൽ വച്ച് ഒരു പള്ളിവികാരി ഇതേ കമ്പാർട്ടുമെന്റിൽ കയറി.

ബിഷപ്പിനെ കണ്ട് ആദരവോടെ അഭിവാദ്യം ചെയ്തു. അവർ അന്യോന്യം പരിചയപ്പെട്ടു.

യുവാവായ വികാരിയുമായി അല്പം സംസാരിച്ചപ്പോൾ വിനയസമ്പന്നനായ ബിഷപ്പിന് ബോദ്ധ്യമായി ഈ വൈദികൻ അല്പം തണ്ടും തലക്കനവും പഠിപ്പിന്റെ പൊങ്ങച്ചവും ഉള്ളവനാണെന്ന്.

യാത്രയ്ക്കിടയിൽ ബിഷപ്പ് തന്റെ സംഭവബഹുലവും സേവനനിരതവുമായ ജീവിതത്തെക്കുറിച്ച് എളിമയോടെ വിവരിച്ചു. അതിനുശേഷം വൈദികന് ദൈവവിളിയുണ്ടായതെങ്ങനെ എന്ന കഥ വിവരിക്കാൻ ബിഷപ്പ് ആവശ്യപ്പെട്ടു.

അതേക്കുറിച്ച് നീട്ടിവലിച്ചു സംസാരിക്കാനൊന്നും വികാരി മെനക്കെട്ടില്ല. അദ്ദേഹം വളരെ ഒതുക്കി നിസ്സാരഭാവത്തിൽ പറഞ്ഞു.

വികാരി: എന്റെ ദൈവവിളിയെപ്പറ്റി എനിക്കു പറയാനുള്ളത് ഇത്രയേയുള്ളൂ. കർത്താവിന് എന്നെ ആവശ്യമുണ്ടായിരുന്നു.

ഇതിലെ അഹന്തയുടെ ധ്വനി ഗ്രഹിച്ച ബിഷപ്പ് പറഞ്ഞു.

ഓ, ഇതു ശ്രദ്ധേയമായ ഒരു ആകസ്മികതയാണല്ലോ. ഞാൻ ഓർമ്മിക്കുന്നേടത്തോളം, ബൈബിളിൽ ഒരിക്കൽ മാത്രമാണ് കർത്താവിന് ഒരു സംഗതിയുടെ ആവശ്യമുണ്ടായതായി കാണുന്നുള്ളൂ.

വികാരി : (ആകാംക്ഷയോടെ)അതെന്താണ്?

ബിഷപ്പ്: ലൂക്കോയുടെ സുവിശേഷം 19:34 ജറുസലേമിലേക്കുള്ള കർത്താവിന്റെ രാജകീയ പ്രവേശനാവസരത്തിൽ അവിടുന്നു പറഞ്ഞതിങ്ങനെയായിരുന്നു. "എനിക്ക് ഒരു കഴുതയെ ആവശ്യമുണ്ട്".

# എങ്ങനെ കൊടുക്കുന്നു എന്നതാണ് പ്രധാനം

ബോബി ജോസ് കപ്പൂച്ചിൻ

ഗുരുവും ശിഷ്യനും കൂടി സന്ധ്യയ്ക്ക് നടക്കാനിറങ്ങിയതാണ്. പാടത്ത് പണിക്കിറങ്ങിയ ഒരു കൃഷിക്കാരന്റെ ചെരുപ്പുകൾ വരമ്പത്തു കിടപ്പുണ്ടായിരുന്നു. ശിഷ്യൻ ഒരു കുട്ടിക്കുറുമ്പനാണ്. അവൻ പറഞ്ഞു 'നമുക്കൊരു തമാശയുണ്ടാക്കാം. ഒരു ചെരുപ്പുകളിലൊന്ന് ഞാനെടുത്തുമാറ്റാം. വരമ്പത്തു കയറിവരുമ്പോൾ അത് അയാളിൽ ഉണ്ടാക്കുന്ന പരിഭ്രമം ഈ മരത്തിനു പിന്നിൽ ഒളിച്ചിരുന്ന് നമുക്ക് രസിക്കാം.'

ഗുരു പറഞ്ഞു 'മറ്റുള്ളവരുടെ പരിഭ്രമങ്ങളിൽ രസിക്കാനെന്തിരിക്കുന്നു. ഞാൻ നിനക്ക് മറ്റൊരു കാര്യം പറഞ്ഞു തരാം. നിന്റെ കീശയിൽ നിന്ന് ഒരു വെള്ളി നാണയമെടുത്ത് അവന്റെ ചെരുപ്പുകളിൽ ഒന്നിൽ വയ്ക്കുക. എന്നിട്ട് എന്തു സംഭവിക്കുന്നുവെന്ന് ഈ വൃക്ഷത്തിനു പിന്നിൽ മറഞ്ഞിരുന്നു നോക്കാം...' ശിഷ്യൻ അപ്രകാരം ചെയ്തു.

വരമ്പത്തെത്തിയ കർഷകൻ ചെരുപ്പിൽ വച്ചിരിക്കുന്ന നാണയം കണ്ട് വല്ലാതെ അത്ഭുതപ്പെട്ടു. പിന്നെ കണ്ണു നിറഞ്ഞു. അയാൾ മിഴിപൂട്ടി, കരംകൂപ്പി ദൈവത്തോടു പറഞ്ഞു 'ദൈവമേ, എത്ര അഗാധമാണ് നിന്റെ കരുതൽ. എന്റെ ദാരിദ്ര്യം കണ്ട് ഏതോ സുമനസ്സുകളുടെ കരത്താൽ നീ എനിക്കൊരു നാണയം സമ്മാനിച്ചു. നിന്റെ നാമം വാഴ്ത്തപ്പെടട്ടെ.'

ശിഷ്യന്റെ കണ്ണു നിറഞ്ഞു. ഗുരു ചോദിച്ചു, 'ഏതു വേണം നിനക്ക്. നിന്റെ പ്രവൃത്തികൾ വഴി മനുഷ്യൻ അസ്വസ്ഥമാകണോ അതോ അതുവഴി അവരുടെ ഹൃദയം കൃതജ്ഞതാഭരിതമാകണോ...?

പുസ്തകത്താളുകളിലെ മയിൽപ്പീലിയതുണ്ട് കൗമാരപ്രണയക്കാർ ഉപയോഗിച്ചുപയോഗിച്ച് വക്കുകെട്ടൊരു പ്രയോഗമാണ്. എങ്കിലും അതിനകത്തൊരു സൗന്ദര്യമൊക്കെയുണ്ട്. എന്നും നിഗൂഢതയിൽ സൂക്ഷിക്കുമ്പോൾ അതിൽ കവിതയും ധ്യാനവുമുണ്ട്. മാനം കണ്ടാൽ അതെല്ലാം ഒരുപ്പോക്കാവും. ഈ സങ്കല്പം സ്നേഹത്തിലും പ്രാർത്ഥനയിലുമൊക്കെ നൂറ്റൊന്നു ശതമാനവും ശരിയാണെന്ന് ഈശോ പഠിപ്പിക്കുന്നു. മത്തായി 6:1-8 വചനങ്ങൾ വായിക്കുക.

ഒത്തിരിപ്പേരിലേക്ക് എന്റെ കരുണയുടെ കരം നീളുന്നുണ്ട്. എന്നാൽ അതിനകത്താകെ ഒരു പ്രദർശനാത്മകതയുടെ തലം രൂപപ്പെടുന്നുണ്ടോ? ദരിദ്രർക്കെന്തെങ്കിലും നല്കണം എന്നു തോന്നുമ്പോൾ ഒരു വൃദ്ധ റബ്ബി ദരിദ്രർ വസിക്കുന്ന തെരുവീഥികളിൽ അങ്ങിങ്ങായി ചില നാണയങ്ങൾ ഉപേക്ഷിച്ചിട്ട് തിടുക്കത്തിൽ പൊയ്ക്കളയുമായിരുന്നു. ആരിൽ നിന്നാണ് കിട്ടിയതെന്നും ആർക്കാണ് കൊടുത്തതെന്നും ആരും അറിയരുതെന്ന് അയാൾ ആഗ്രഹിച്ചു. ഒരാളെ ചെറുതാക്കി അയാൾക്ക് എന്തെങ്കിലും നല്കുന്നതിനെക്കാൾ നല്ലതാണ് അയാൾക്ക് ഒന്നും കൊടുക്കാതിരിക്കുന്നതെന്ന് അയാൾ വിശ്വസിച്ചു.

യഹൂദ ദേവാലയവുമായി ബന്ധപ്പെട്ട് മനോഹരമായൊരു രീതി ഉണ്ടായിരുന്നു. മൗനികളുടെ ശാലയെന്ന് വിളിക്കപ്പെട്ടിരുന്ന ഒരിടത്തിൽ നിങ്ങൾ ഉപവിക്കുള്ള പണം നിക്ഷേപിക്കുന്നു. അവിടെ നിന്ന് അത് ശേഖരിച്ച് അർഹതപ്പെട്ടവരെ കണ്ടെത്തി രഹസ്യമായി നല്കാനുള്ള ക്രമീകരണങ്ങൾ ദേവാലയത്തിൽ ഉണ്ടായിരുന്നു.

എന്നാൽ കാലമൊക്കെ നമ്മിലെ രഹസ്യാത്മകതയും നന്മയും സൂക്ഷിക്കാൻ കെല്പോ മനസ്സോ ഇല്ലാത്ത സമൂഹങ്ങൾ ഉണ്ടായി. സ്വന്തം പേരിനും പെരുമയ്ക്കും വേണ്ടിയായി അത്തരം സുകൃതങ്ങളൊക്കെ. അവർ നഗരവീഥികളിൽ കുഴൽവിളികളുടെ അകമ്പടിയോടെ ദാനം നല്കൽ മറ്റൊരു ആഘോഷമാക്കി മാറ്റി-നമ്മൾ സുനാമി വീടുകൾ കൈമാറിയതു പോലെ. കൗതുകകരമായ ഒരു സംഭവം ഒരാൾ പങ്കുവെച്ചു. ഉപവിക്ക് പേരുകേട്ട ഒരു മതസംഘടന പാവപ്പെട്ട സ്ത്രീകൾക്ക് ആടുകളെ നല്കുകയായിരുന്നു. ഫോട്ടോയ്ക്കു വേണ്ടി എല്ലാവരും പോസു ചെയ്തു നിൽക്കുമ്പോൾ എത്രയും ഫോട്ടോജെനിക് അല്ലെന്നു തോന്നിയ ആട് വേദിയിൽ നിന്നും സദസ്സിലേക്ക് ഇറങ്ങി നടന്നു. പിന്നെ നഗരത്തിലേക്ക് രക്ഷപ്പെട്ടു.

ഓരോതരം നൽകലുകൾക്ക് പിന്നിലുള്ള ഇന്റൻഷനുകൾ ധ്യാനവിഷയമാകേണ്ടതാണ്. എന്തുനല്കുന്നു എന്നല്ല എങ്ങനെ നല്കുന്നു എന്നതുതന്നെ പ്രധാനം. ദേവാലയ ഭണ്ഡാരത്തിൽ ഒരു വിധവയിട്ട ചെമ്പുതുട്ടുകൾ അങ്ങനെയാണ് അവനാൽ പ്രകീർത്തിക്കപ്പെട്ടത്. ധനികരുടെ രത്നങ്ങളെയും വജ്രങ്ങളെയും അന്യമായ നോട്ടത്തോടെ അവൻ നോക്കിടുകയും ചെയ്തു.

**ദാനമായി കൊടുക്കുന്നു എന്ന് കരുതുന്നതാണ് പ്രശ്നം. സത്യത്തിൽ ആർക്കാണ് നിങ്ങൾ കൊടുക്കുന്നത്. അത് അവന്റെ അവകാശം എന്നപോലെ കൊടുക്കാനാവണം. അയാളുടെ ഒരു നാണയം എങ്ങനെയോ നിങ്ങളുടെ പണപ്പെട്ടിയിൽ വീണതാണ്. അത് തിരികെ കണ്ടെത്തിക്കൊടുക്കേണ്ടതുപോലെ തുല്യതയോടും ആദരവോടുംകൂടിയും വേണം നൽകാൻ. മൂന്നാമതൊരാൾ അറിഞ്ഞാൽ സ്വീകരിച്ചയാളുടെ ആത്മാഭിമാനത്തിന് ഇടിവുപറ്റും. അതുകൊണ്ടാണ് നീ ചെയ്യുന്നത് നിന്റെ ഭാര്യയും കുഞ്ഞുങ്ങളും പോലും അറിയരുതെന്നല്ല, വലതുകരം ചെയ്യുന്നത് ഇടതുകരം അറിയരുതെന്ന് പറഞ്ഞ് ക്രിസ്തു ദാനത്തെ നിഗൂഢതയുടെ താക്കോലിട്ട് പൂട്ടുന്നത്. അതിന്റെയർത്ഥം നീപോലും അത് മറന്നുകളയണമെന്നാണ്. അപ്പോൾ സർവ്വ രഹസ്യവും അറിയുന്ന ഒരാൾ നിനക്ക് പ്രതിഫലം തരും.**

മനുഷ്യരിൽ നിന്ന് ഒരു അക്നോളജ്മെന്റ് കാർഡുപോലും പ്രതീക്ഷിക്കരുത്. ജൂൺ മാസമായി. നാലു വിദ്യാർത്ഥികളെ സഹായിക്കാനായി പലതരത്തിലുള്ള ഉപവി പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഒരു അഞ്ച് നോട്ടുപുസ്തകം ഒരു പാവപ്പെട്ട കുഞ്ഞിന് കൊടുക്കുമ്പോൾ ഈ മുഴുവൻ ഇടവകയെയും സാക്ഷിയാക്കി തലകുനിച്ച് അവൻ അൾത്താരയിലേക്ക് കയറിവരണം. തിരക്കില്ലാത്ത നേരം നോക്കി ഒരു സൈക്കിളെടുത്ത് അത് ആ കുഞ്ഞിന്റെ വീട്ടിൽ എത്തിച്ചിരുന്നെങ്കിൽ.

ചിത്രകാരൻ കൂടിയായ ഒരു ബുദ്ധഗുരു ഉണ്ടായിരുന്നു. താൻ വരയ്ക്കുന്ന ചിത്രങ്ങൾക്കൊക്കെ കണക്കുപറഞ്ഞ് അയാൾ പണം വാങ്ങും. സന്ന്യാസികൾ സൂക്ഷിക്കേണ്ട ചില അകലങ്ങൾ ഒന്നും അയാൾ അതിൽ സൂക്ഷിച്ചില്ല. അയാളുടെ ആർത്തി നാട്ടുകാർക്കിടയിൽ ഒരു സംസാരവിഷയമായി. ഒരു

**...എങ്ങനെ ഒരാളാകുന്നു...**

ഗണിക അയാളെ നിന്ദിക്കുവാൻ തീരുമാനിച്ചു. ചിത്രം വരയ്ക്കുവാൻ അയാളെ ക്ഷണിച്ചു. എന്നിട്ട് തന്റെ ഉപയോഗിച്ച മുഷിഞ്ഞ അടിയുടുപ്പുകൾ അയാളുടെ മുമ്പിലേക്ക് ഇട്ടിട്ട് അതിൽ ചിത്രം വരയ്ക്കുവാൻ ആവശ്യപ്പെട്ടു. യാതൊരു ഭാവഭേദവുമില്ലാതെ അയാൾ പണി തീർത്തു. പിന്നെ കൃത്യമായി കൂലി എണ്ണി വാങ്ങി. അവൾ പറഞ്ഞു ഭൂമിയിലെ ഏറ്റവും മോശപ്പെട്ട മനുഷ്യരോടൊപ്പമാണ് എന്റെ ഇടപെടലുകൾ. എന്നിട്ടും അവരിൽ ആരിലും ഞാൻ ഇതുപോലെ നീചനായ മനുഷ്യനെ കണ്ടിട്ടില്ല.

ആർത്തിക്കാരനായ ഗുരു മരിച്ചു. അയാളുടെ മരണത്തിനുശേഷമാണ് അയാൾ ആരാണെന്ന് സാക്ഷ്യപ്പെടുത്തുന്ന കഥകൾ ഒന്നൊന്നായി പുറത്തുവരുന്നത്. തർക്കിച്ചും ശഠിച്ചും പലപ്പോഴും സ്വയം അപഹാസ്യനായി അയാൾ സമ്പാദിച്ച നാണയങ്ങളൊക്കെ അയാൾ ചെലവഴിച്ചത് ഒരു ചേരിയിലെ അനാഥകുഞ്ഞുങ്ങൾക്ക് വേണ്ടിയായിരുന്നു. കീഴ്മേൽമറിയുമ്പോൾ അയാൾ നഗരത്തിൽ വീണ്ടും വരുന്നു. നീചനായ ചിത്രകാരനാകാൻ....

*Report....*

lead others to think about what is most important in their own lives: what do they really value?

**A Parable for the Environment**

There was a wise man, a hermit in the Himalayas, and people used to go to him to find answers. One day a little boy thought of an idea for tricking the hermit. "I'm going to get a small bird and hold it in my hand," he told his friends in the village. "And I will say: is it dead or is it alive? And if he says it is dead then I will release it, and if he says it is alive then I will crush it.' So the boy went to see the wise man, and he did what he had boasted. But the hermit looked into his eyes and could see what he was planning.

"It will be," said the wise man, "what you want it to be."

And this story illustrates what we can do about the environment. It will be what we want it to be. If we can have a vision and communicated it to others, then we will have a powerful role in transmitting a sense of reverence for this world.



*ശ്രീ ആൽബർട്ട് ലിവിംഗ്സ്റ്റൻ രചിച്ച ഈസ്റ്റർ - ഉയിർപ്പുപെരുന്നാൾ എന്ന ഗ്രന്ഥം തിരുവനന്തപുരം വൈ.എം.സി.എ ഹാളിൽ നടന്ന ചടങ്ങിൽ യാക്കോബായ സഭയുടെ പാത്രിയാർക്കൽ സെന്റർ റസിഡന്റ് മെത്രാപ്പോലീത്താ അഭിവന്ദ്യ ഏലിയാസ് മാർ അത്താനാസിയോസ് ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ റീജണൽ കോ-ഓർഡിനേറ്റർ ഷെവലിയർ കോശി എം. ജോർജ്ജിന് നൽകി പ്രകാശനം ചെയ്യുന്നു. ഗ്രന്ഥകാരൻ സമീപം*

ഞാനും ഞങ്ങളുടെ വികാരി അച്ചനും കൂടി പള്ളി സംബന്ധമായ ഒരു പണപ്പിരിവിനു വേണ്ടി സഭാംഗങ്ങളുടെ വീടുകൾ സന്ദർശിക്കുകയായിരുന്നു. ഒരു വീട്ടിൽ ചെന്ന് ഗൃഹനാഥനോട് പിരിവിന്റെ ആവശ്യത്തെക്കുറിച്ചു പറഞ്ഞപ്പോൾ ഇംഗ്ലീഷ് ഉപയോഗിക്കുന്നതിൽ ഒരു ലോപവു കാണിക്കാറില്ലാത്ത അദ്ദേഹം പറഞ്ഞു. "ഞാനെന്തു തരാനാ അച്ചാ, my days are numbered" ആരോഗ്യദൃഢഗാത്രനായ അദ്ദേഹത്തിൽ നിന്നും ആ വാചകം കേട്ടപ്പോൾ ഞങ്ങൾ ഞെട്ടിപ്പോയി. എന്തു പറ്റി എന്ന് ഞാൻ എടുത്തു ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു.

"ഞാൻ വരുന്ന ആഴ്ച ഗൾഫിനു പോവുകാ".

ഞങ്ങൾ കുറെ നേരം കൂടി അവിടിരുന്നു സംസാരിച്ചു. അതിനിടയിൽ ഞങ്ങൾ വേറൊരാളിനെപ്പറ്റി സംസാരിച്ചപ്പോൾ അദ്ദേഹത്തിന്റെ ഇംഗ്ലീഷ് പാണ്ഡിത്യം ഒരിക്കൽ കൂടി വെളിപ്പെടുത്തി.

"അവൻ വലിയ കോസ്മോപ്പോലിറ്റനാ, എന്നു വച്ചാൽ ഭയങ്കര കടുംപിടിത്തക്കാരനാ".

ഇംഗ്ലീഷും അതിന്റെ പരിഭാഷയും കൂടെ ഒരുമിച്ചു തട്ടിവിട്ടതിനാൽ എനിക്കും അച്ചനും ബുദ്ധിമുട്ടു വന്നില്ല.

*ജോൺ മാത്യു, ചില നേരങ്ങളിൽ ചിലർ*

# The Pastor and his son

## A good reminder of God's Love.

Every Sunday afternoon, after the morning service at the church, the Pastor and his eleven year old son would go out into their town and hand out Gospel Tracts.

This particular Sunday afternoon, as it came time for the Pastor and his son to go to the streets with their tracts, it was very cold outside, as well as pouring down rain. The boy bundled up in his warmest and driest clothes and said, 'OK, dad, I'm ready.'

His Pastor dad asked, 'Ready for what?'

'Dad, it's time we gather our tracts together and go out.' Dad responds, 'Son, it's very cold outside and it's pouring down rain.'

The boy gives his dad a surprised look, asking, 'But Dad, aren't people still goingto Hell, even though it's raining?'

Dad answers, 'Son, I am not going out in this weather.' Despondently, the boy asks, 'Dad, can I go? Please?'

His father hesitated for a moment then said, 'Son, you can go. Here are the tracts, be careful son.' 'Thanks Dad!'

And with that, he was off and out into the rain. his eleven year old boy walked the streets of the town going door to door and handing everybody he met in the street a Gospel Tract.

After two hours of walking in the rain, he was soaking, bone-chilled wet and down to his VERY LAST TRACT. He stopped on a corner and looked for someone to hand a tract to, but the streets were totally deserted.

Then he turned toward the first home he saw and started up the sidewalk to the front door and rang the door bell. He rang the bell, but nobody answered. He rang it again and again, but still no one answered. He waited but still no answer. Finally, this eleven year old trooper turned to leave, but something stopped him. Again, he turned to the door and rang the bell and knocked loudly on the door with his fist. He waited, something holding him there on the front porch! He rang again and this time the door slowly opened. Standing in the doorway was a very sad-looking elderly lady. She softly asked, 'What can I do for you, son?' With radiant eyes and a smile that lit up her world, this little boy said, 'Ma'am, I'm sorry if I disturbed you, but I just want to tell you that *JESUS REALLY DOES LOVE YOU* and I came to give you my very last Gospel Tract which will tell you all about JESUS and His great LOVE.'

With that, he handed her his last tract and turned to leave. She called to him as he departed. 'Thank you, son! And God Bless You!'

Well, the following Sunday morning in church Pastor Dad was in the pulpit. As the service began, he asked, 'Does anybody have any testimony or want to say anything?'

Slowly, in the back row of the church, an elderly lady stood to her feet. As she began to speak, a look of glorious radiance came from her face, 'No one in this church knows me. I've never been here before. You see, before last Sunday I was not a Christian. My husband passed on some time ago, leaving me totally alone in this world. Last Sunday, being a particularly cold and rainy day, it was even more so in my heart that I came to the end of the line where I no longer had any hope or will to live.

So I took a rope and a chair and ascended the stairway into the attic of my home. I fastened the rope securely to a rafter in the roof, then stood on the chair and fastened the other end of the rope around my neck. Standing on that chair, so lonely and brokenhearted I was about to leap off, when suddenly the loud ringing of my doorbell downstairs startled me. I thought, 'I'll wait a minute, and whoever it is will go away.' I waited and waited, but the ringing doorbell seemed to get louder and more insistent, and then the person ringing also started knocking loudly. I thought to myself again, 'Who on earth could this be? Nobody ever rings my bell or comes to see me.' I loosened the rope from my neck and started for the front door, all the while the bell rang louder and louder.

When I opened the door and looked I could hardly believe my eyes, for there on my front porch was the most radiant and angelic little boy I had ever seen in my life. His SMILE, oh, I could never describe it to you! The words that came from his mouth caused my heart that had long been dead, TO LEAP TO LIFE as he exclaimed with a cherub-like voice, 'Ma'am, I just came to tell you that JESUS REALLY DOES LOVE YOU.' Then he gave me this Gospel Tract that I now hold in my hand.

As the little angel disappeared back out into the cold and rain, I closed my door and read slowly every word of this Gospel Tract. Then I went up tomy attic to get my rope and chair. I wouldn't be needing them any more.

You see—I am now a Happy Child of the KING. Since the address of your church was on the back of this Gospel Tract, I have come here to personally say THANK YOU to God's little angel who came just in the nick of time and by so doing, spared my soul from an eternity in hell.'

There was not a dry eye in the church. And as shouts of praise and honor to THE KING resounded off the very rafters of the building, Pastor Dad descended from the pulpit to the front pew where the little angel was seated. He took his son in his arms and sobbed uncontrollably. Probably no church has had a more glorious moment, and probably this universe has never seen a Papa that was more filled with love & honor for his son... Except for One.

Our Father also allowed His Son to go out into a cold and dark world. He received His Son back with joy unspeakable, and as all of heaven shouted praises and honor to The King, the Father sat His beloved Son on a throne far above all principality and power and every name that is named.

Blessed are your eyes for reading this message.

Don't let this message die, read it again and pass it to others. Heaven is for His people! Remember,God's message CAN make the difference in the life of someone close to you.. Please share this wonderful message... 'Faith is the affirmation and the act that bids eternal truth be present fact.'

Coleridge Just 3 Words Three things in life that, once gone, never come back 1. Time 2. Words 3.Opportunity Three things in life that can destroy a person - 1. Anger 2. Pride 3. Unforgiveness Three things in life that you should neverlose- 1. Hope 2. Peace 3. HonestyThree things in life that are most valuable - 1. Love 2. Family & Friends 3. Kindness hree things in life that are never certain -1. Fortune 2. Success 3. DreamsThree things that make a person -1. Commitment 2. Sincerity 3. Hard work Three things that are truly constant - Father - Son - Holy Spirit

I ask the Lord to bless you, as I pray for you today; to guide you and protect you, as you go along your way. God's love is always with you, God's promises are true. And when you give God all your cares, you know God will see you through

# ചെങ്ങറ ഭൂസമരം....

പാട്ടഭൂമിയിൽ പറയുന്നതിനെക്കാൾ ഇരട്ടിയോളം ഭൂമി ഹാരിസൺ കമ്പനിയുടെ കൈവശമുണ്ട്. അതിനാൽ അധിക കൈവശ ഭൂമി ഒഴിപ്പിച്ച് ഭൂരഹിതരായ ഞങ്ങൾക്ക് നൽകണമെന്നാണ്. ആ അവസ്ഥയുടെ ഒന്നാം ഭാഗത്തിന് വളരെ ഊന്നൽ നൽകുകയും രണ്ടാമത്തെ നിർദ്ദേശത്തെ അവഗണിക്കുകയും ചെയ്യുന്ന നിലപാടാണ് സാമൂഹ്യ രാഷ്ട്രീയ നേതൃത്വം ചെയ്യുന്നത്. സഭാനേതൃത്വവും അതിനോടനുകൂലമായ സമീപനമാണ് സ്വീകരിച്ചിരിക്കുന്നത് എന്നത് വിമർശനപരമാണ്. എന്നാൽ കേരള കൗൺസിൽ ഓഫ് ചർച്ചസ് മാത്രമാണ് വ്യത്യസ്തമായ നിലപാട് സ്വീകരിക്കയും സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ളത്. സമരം ന്യായമായ അവകാശത്തിന് വേണ്ടിയുള്ളതാണെന്നും സാമൂഹ്യനീതി അടിസ്ഥാനപ്പെട്ടിട്ടുള്ള സമരമാണെന്നുമുള്ള നിലപാട് സ്വീകരിച്ചുകൊണ്ട് ഐക്യദാർഢ്യ സമിതിയിക്ക് നേതൃത്വം നൽകുന്നു. ക്രൈസ്തവ നേതൃത്വത്തിന് പൊതുവായി ഈ സമീപനം ഉൾക്കൊണ്ട് കാലോചിതമായ ക്രൈസ്തവ സാക്ഷ്യം നിർവ്വഹിക്കാൻ കഴിയേണ്ടതാണ്. വേദപുസ്തകചരിത്രം പരിശോധിക്കുമ്പോൾ കാണുന്നത് യിസ്രായേൽ ജനവിഭാഗങ്ങൾ രാഷ്ട്രീയ സ്വാതന്ത്ര്യം നേടി കുടിയേറ്റത്തിലൂടെ അധിവസിക്കപ്പെട്ടതായിട്ടാണ്. ചെങ്ങറ സമരവും അത്തരത്തിലുള്ള തുടർച്ചയാണ് എന്നുള്ള കാഴ്ചപ്പാട് സഭകൾക്കുവേണ്ടതാണ്.

ചെങ്ങറ സമരം പ്രേരിതകലുറ്റ സമരമാണെന്നുള്ള രാഷ്ട്രീയ നിലപാടും വിശദീകരിക്കപ്പെടേണ്ടതാണ്. സമരക്കാരെല്ലാം ഭൂമി ഉള്ളവരാണെന്നാണ് മറ്റൊരു വാദം. മൂന്നര ദശകങ്ങൾക്ക് മുമ്പ് മൂന്നുമുതൽ പത്തു സെന്റ് വരെ ഭൂമി ലഭിച്ചവരുടെ പിൻതലമുറക്കാരാണ് ചെങ്ങറയിൽ താമസിക്കുന്നവർ എന്നതാണ് വസ്തുത. സമിതിയിൽപ്പെട്ട ഭൂമിയുള്ളവർ ആരും തന്നെ കുടിൽ കെട്ടി ഭൂമി ആവശ്യപ്പെടുന്നില്ല. തന്നും. സമരക്കാർ ഉയർത്തുന്ന പ്രധാന ആവശ്യം തങ്ങൾക്ക് കൃഷി ഭൂമിവേണം എന്നുള്ളതാണ്. തങ്ങൾ അനുഭവിച്ച് വരുന്ന കൊടും ദാരിദ്ര്യത്തിൽ നിന്നും കരകയറുന്നതിനാവശ്യമായ ഭൂമി. വികസനത്തിന്റെ മറ്റു മേഖലകളായ ഉദ്യോഗസ്ഥ -സേവന മേഖലകളിലേക്ക് പ്രവേശിക്കാൻ കഴിയാത്ത ദരിദ്ര ദളിത ജനവിഭാഗങ്ങളാണ് സമരക്കാർ. ആഗോളീകരണത്തിന്റെ ഫലമായി കൂടുതൽ കൂടുതൽ വാണിജ്യവൽക്കരിക്കപ്പെടുന്ന ഭൂവ്യവസ്ഥയോടുള്ള ചോദ്യം കൂടെയാണ് ചെങ്ങറ ഭൂസമരം. കൂടാതെ ഭൂമി, തൊഴിൽ, വികസനം എന്ന അടിസ്ഥാന ജനവിഭാഗങ്ങളുടെ പുതിയ രാഷ്ട്രീയമായ കാഴ്ച്ചപ്പാട് ഈ സമരത്തിലൂടെ സാധുജന വേദി മുന്നോട്ട് വെയ്ക്കുന്നത്.

കേരളത്തിലെ ക്രൈസ്തവ സമൂഹത്തിലെ ഒരു വിഭാഗത്തിനാണ് ഏറ്റവും കൂടുതൽ ആളോഹരി ഭൂമി ഉണ്ടെന്നുള്ളതും മറ്റൊരു വിഭാഗമായ ദലിത് ക്രൈസ്തവരാണ് ഭൂരഹിതരിൽ ഭൂരിപക്ഷവും എന്നതും ഭൂബന്ധങ്ങളിൽ കാലോചിതമായ മാറ്റം ഉണ്ടാവേണ്ടത് അനിവാര്യമാണെന്നുള്ളതു യോവേൽ വർഷ കാഴ്ചപ്പാടിലേക്ക് വിരൽ ചൂണ്ടുന്നുണ്ട്. ഭൂമി ദൈവദാനമായ പ്രകൃതി വിഭവമാണ്. അതിൽ എല്ലാവർക്കും തുല്യവും നീതിപൂർവ്വവുമായി വിനിയോഗ പങ്കാളിത്തവും ഉണ്ടാവേണ്ടതു ദൈവരാജ്യ കാഴ്ചപ്പാടാണ്

കേരള അസംബ്ലിയായിരുന്നു രംഗം. മുസ്ലീം ലീഗ് മെമ്പർ സീതിഹാജി എല്ലാവരാലും സ്നേഹിക്കപ്പെട്ട ഒരു എം എൽ എ ആയിരുന്നു. വിദ്യാഭ്യാസം കുറവായിരുന്നെങ്കിലും ഫലിത സമ്മിശ്രമായ പ്രസംഗങ്ങൾ എല്ലാവരെയും ആകർഷിച്ചിരുന്നു. ഒരു ദിവസം അദ്ദേഹം കോൺഗ്രസ്സുകാരെ നോക്കി പറഞ്ഞു.

"നിങ്ങളുടെ വിചാരം ഗാന്ധീം നെഹ്റുവും കൂടെ സമരം ചെയ്തിട്ടാ ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടതെന്നാ. അതൊന്നുമല്ല, എന്റെയും നായനാരുടെയും ഇംഗ്ലീഷു കേട്ടപ്പോഴാ അവന്മാർ സ്ഥലം വിട്ടത്".

# കാൻസർ:- ഭക്ഷണരീതിയും ജീവിതരീതിയും സൃഷ്ടിക്കുന്ന രോഗം.

കാൻസർ എന്ന വാക്കിന് കേൾക്കുന്നവരിൽ വല്ലാത്തൊരു ഭീതി ജനിപ്പിക്കാൻ കഴിവുണ്ട്. 2008 ലെ കണക്കനുസരിച്ച് എല്ലാ 10 സെക്കന്റിലും ലോകത്തിൽ എവിടെയെങ്കിലുമായി കുറഞ്ഞത് ഒരു വ്യക്തിയെങ്കിലും മരിക്കുന്നുണ്ടെന്നാണ്. ലോകാരോഗ്യ സംഘടകളുടെ കണക്കനുസരിച്ച് അഞ്ചുലക്ഷത്തോളം ജനങ്ങൾ മരിക്കുന്നത് കാൻസർ ബാധിച്ചാണ്.

മനുഷ്യരാശിയെ ഇന്നത്തെ അവസ്ഥയിൽ ഈ രോഗം വല്ലാതെ ബാധിച്ചിരിക്കുകയാണ്. രേഖപ്പെടുത്തിയത് മാത്രമായിട്ടുള്ള കണക്ക് പ്രകാരം കാണുന്നത് 1990 - 96 വരെയുള്ള സമയങ്ങളിൽ 40% വർദ്ധനവ് കാൻസർ രോഗത്തിന്റേതായിട്ടുണ്ട്. തൊണ്ണൂറ്റിയാറിൽ നിരീക്ഷിക്കപ്പെട്ട 11855 കാൻസർ ചികിത്സയിൽ 1335 മരണങ്ങളാണ് ഉണ്ടായിട്ടുള്ളത്.

റോഡപകടങ്ങൾ കഴിഞ്ഞാൽ പിന്നെ ഏറ്റവും വലിയ മരണ കാരണം കാൻസറാണ്. വിദഗ്ദ്ധാഭിപ്രായം അനുസരിച്ച് കാൻസറിന്റെ പ്രധാന കാരണം ജീവിതരീതിയാണ്. റേഡിയേഷൻ, ലഹരി വസ്തുക്കളുടെ ഉപയോഗം, മരുന്നുകളുടെ ഉപയോഗം, സ്റ്റിറോയിഡ്സ്, അന്തരീക്ഷ മലിനീകരണം തുടങ്ങിയവയാണ്. ഇതിൽ നിന്നെല്ലാം പൂർണ്ണമായി വിട്ടുനിൽക്കാൻ കഴിഞ്ഞില്ലെങ്കിലും കാൻസറിനെ ഒഴിവാക്കാൻ വഴികളുണ്ടെന്നും ഇവരുടെ പഠനം ചൂണ്ടിക്കാണിക്കുന്നു. 30-50% കാൻസറും മാറ്റപ്പെടുന്നത് വ്യക്തികളുടെ ഭക്ഷണത്തിലും വ്യക്തിപരമായ രീതികളിലും മാറ്റം വരുന്നതിലൂടെയാണ്.

അമേരിക്കൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കാൻസർ റിസേർച്ചും വേൾഡ് റിസേർച്ച് ഫണ്ട് ഫോർ കാൻസറും കൂടെ അവരുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ച റിപ്പോർട്ട് ഭക്ഷണരീതിയും കാൻസറും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്ന് മനസ്സിലാക്കുന്നു. മനുഷ്യന്റെ സ്വാഭാവികമായ ഭക്ഷണരീതി പാലിക്കപ്പെടുന്നതുകൊണ്ട് മാത്രം കാൻസർ വരാതിരിക്കുന്നു. വന്ന കാൻസർ മാറ്റപ്പെടുകയും ചെയ്യുന്നു. ഇവരുടെ പഠനപ്രകാരം കാൻസറിന് ശമനം വന്നത് ചുവടെ കൊടുക്കുന്ന രീതി പാലിച്ചതുകൊണ്ട് മാത്രമാണ്.

- സസ്യാഹാരം മാത്രം ഭക്ഷിച്ചു.
- പഴങ്ങളും പച്ചക്കറികളും ധാരാളം കഴിച്ചു
- ആരോഗ്യകരമായ ശരീരഭാരം, ആവശ്യത്തിന് വ്യായാമം എന്നിവ ശീലിച്ചു.
- ലഹരി വസ്തുക്കൾ പൂർണ്ണമായും ഉപേക്ഷിച്ചു.
- കൊഴുപ്പും ഉപ്പിന്റെ അംശവും പരിമിതപ്പെടുത്തി
- പഴകിയ ഭക്ഷണങ്ങൾ പൂർണ്ണമായും ഒഴിവാക്കി

കാൻസറിനെപ്പറ്റിയുള്ള പഠനങ്ങൾ എല്ലാം കാണിക്കുന്നത് കാൻസറും ആഹാരരീതിയും തമ്മിലുള്ള ബന്ധത്തെയാണ്.

കാൻസർ തടയാൻ പത്ത് മാർഗ്ഗങ്ങൾ

1. ഭക്ഷണസാധനങ്ങളിൽ ഏറ്റവും കൂടുതൽ അളവിൽ പച്ചക്കറികൾ, പഴങ്ങൾ, മുളപ്പിച്ച ധാന്യങ്ങൾ എന്നിവ ഉൾപ്പെടുത്തുക. ഇവയ്ക്ക് ശരീരത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായേക്കാവുന്ന കാൻസർ തടയുന്നതിന് ആവശ്യമായ വിറ്റാമിനും മിനറൽസും ഫൈബറും ഉത്പാദിപ്പിക്കുവാൻ കഴിയും.

2. ശരീരത്തിന്റെ അമിതഭാരവും ഭാരക്കുറവും ഒഴിവാക്കുക. അമിതഭാരം കാൻസറിന്റെ ഒരു പ്രധാന കാരണമാണ്. മാറിലെ കാൻസർ, കിഡ്നി കാൻസർ എന്നിവയ്ക്ക് പ്രധാന കാരണം അമിതവണ്ണമാണ്. പതിനെട്ട് വയസ്സിനുശേഷം ഭാരം കാര്യമായി കൂടാതെ നോക്കുക.

3. ദൈനംദിന ജീവിതത്തിരക്കുകൾ എന്തെല്ലാമായാലും വ്യായാമത്തിന് പ്രത്യേകം പരിഗണനകൾ കൊടുക്കുക. കുറഞ്ഞത് അരമണിക്കൂറെങ്കിലും ദിവസവും വ്യായാമം ചെയ്യുക. യോഗ ഒരു അനുയോജ്യമായ വ്യായാമമാണ്. മലാശയ ക്യാൻസർ, ശ്വാസകോശ ക്യാൻസർ, മാറിലെ കാൻസർ എന്നിവയെ വ്യായാമം കൊണ്ട് തടഞ്ഞുനിർത്താം.

4. ദിവസവും ഏതെങ്കിലും തരത്തിലുള്ള പഴങ്ങളോ പച്ചക്കറികളോ ഒരുനേരത്തെ ഭക്ഷണമാക്കുക.

5. മദ്യപാനവും മറ്റു ലഹരി വസ്തുക്കളുടെ ഉപയോഗവും കാൻസർ വളർച്ചയ്ക്ക് കാരണമാകുമെന്ന് പല പഠനങ്ങളും തെളിയിക്കുന്നു. ഇവയുടെ ഉപയോഗം നിർബന്ധമായും ഉപേക്ഷിക്കുക.

6. മാംസാഹാരം കഴിക്കുന്നത് വലിയ അപകടമാണ്. പ്രത്യേകിച്ച് ചുവന്ന മാംസം, സംസ്കൃത ഭക്ഷണങ്ങൾ എന്നിവ പൂർണ്ണമായും ഒഴിവാക്കാൻ ശ്രദ്ധിക്കുക. സസ്യാഹാരം ആരോഗ്യത്തെ പ്രദാനം ചെയ്യുമ്പോൾ കാൻസറിന് അടിസ്ഥാനമാകുന്ന ആഹാരത്തെ എന്തിന് തേടിപ്പോകണം.

7. കൊഴുപ്പുകൂടുതൽ അടങ്ങിയിരിക്കുന്ന ആഹാരങ്ങൾ ഉപേക്ഷിക്കുക. പ്രത്യേകിച്ച് മൃഗക്കൊഴുപ്പുകൾ ഹൃദയത്തിന്റെ ആരോഗ്യത്തിന് സസ്യാഹാരത്തിൽ നിന്ന് കിട്ടുന്ന കൊഴുപ്പുകൾ മാത്രം ശീലമാക്കുക.

8. ഉപ്പിന്റെ ഉപയോഗം കഴിവതും ഒഴിവാക്കുക. ആമാശയ കാൻസർ ഉണ്ടാകുന്നതിന് പ്രധാനകാരണം ഉപ്പിന്റെ ഉപയോഗമാണ്.

9. കൂടുതൽ സമയം സൂക്ഷിച്ച ഭക്ഷണസാധനങ്ങൾ കഴിക്കാതിരിക്കുക. കരളിലെ കാൻസറിന് പ്രധാനകാരണം ഇത്തരം ഭക്ഷണങ്ങളുടെ ഉപയോഗമാണ്.

10. അലോപ്പതിമരുന്നുകളുടെ തുടർച്ചയായുള്ള ഉപയോഗം പെട്ടെന്നു തന്നെ കാൻസർ രോഗത്തിലേക്ക് കൊണ്ടുചെന്നെത്തിക്കും.

*പള്ളിപ്പെരുന്നാളിന് പ്രസംഗിക്കാൻ എത്തിയതാണ് ബിഷപ്പ്. അദ്ദേഹം കണ്ടത് വളരെ ശുഷ്കമായ ഒരു സദസ്സിനെയാണ്. ക്ഷുഭിതനായ അദ്ദേഹം വികാരിയച്ചനോട് ചോദിച്ചു:*

*ഞാൻ പ്രസംഗിക്കാൻ വരുന്ന കാര്യം നിങ്ങൾ നേരത്തെ അനൗൺസ് ചെയ്തിരുന്നില്ലേ.*

*വികാരി വളരെ വിനയപൂർവ്വം ഇപ്രകാരം പറഞ്ഞു.*

*"ഇല്ല തിരുമേനി ആ രഹസ്യം എങ്ങനെയോ നമ്മുടെ ആളുകൾ മണത്തറിഞ്ഞെന്നാണ് തോന്നുന്നത്".*

CONTROVERSY

# കാലത്തിനൊത്തുയരാത്ത ബൈബിൾ സൊസൈറ്റി.

റവ. ഡോ. കെ.വി. മാത്യു

സത്യവേദപുസ്തക പരിഭാഷ1910 ൽ അവസാനിക്കുന്നതുവരെയുള്ള ചരിത്രം ഫെബ്രുവരി ലക്കം ന്യൂവിഷനിൽ വായിച്ചു. 1811 - 1910 ന് ശേഷം മലയാളം ബൈബിൾ ഭാഷാന്തരം നിലച്ചതുപോലെ തോന്നി. ആദ്യത്തെ 100 വർഷത്തിനിടയിൽ 7 പ്രാവശ്യങ്ങളിലായി പഴയ പുതിയ നിയമങ്ങൾ മെച്ചമായ ഭാഷയിൽ വിശ്വാസ സമൂഹത്തിന് ലഭിച്ചു. അഥവാ ശരാശരി 14 വർഷത്തിനുള്ളിൽ ഒരു പുതിയ ഭാഷാന്തരം ഉണ്ടായെന്ന് സാരം.

രണ്ടാം ശതവത്സരത്തിന് ഇനി മൂന്നു വർഷങ്ങൾ മാത്രം. ഒരു നൂറ്റാണ്ടായി മലയാള ഭാഷയുടെ വളർച്ച നിലച്ചുവോ? മലയാളികൾ 100 വർഷം പഴക്കമുള്ള ബൈബിൾ വായിച്ചാൽ മതിയോ? സമകാലീക ഭാഷയിൽ തിരുവചനം ദൈവത്തിന് എത്തിച്ചുകൊടുക്കുകയല്ലേ ബൈബിൾ സൊസൈറ്റിയുടെ പ്രധാന കർത്തവ്യം. ഇന്ത്യയിലെ ഇതരഭാഷകളിലെല്ലാം ആധുനിക ഭാഷയിൽ തന്നെ ബൈബിൾ വിവർത്തനം ചെയ്തുകഴിഞ്ഞു. എന്തുകൊണ്ട് വേദപുസ്തക സമൂഹത്തിന്റെ കേരളം ശാഖമാത്രം ഈ കാര്യത്തിൽ അമാന്തിക്കുന്നു? ബൈബിൾ സൊസൈറ്റികൂടാതെ പല ഭാഷാന്തരങ്ങൾ മലയാളത്തിലും വന്നുകഴിഞ്ഞു. പി.ഒ.സി 1981, ഓശാന 1982, കണിയാന്ത്ര കുര്യച്ചൻ കോർ എപ്പിസ്കോപ്പാ സുറിയാനി മൂലത്തിൽ നിന്ന് മൊഴിമാറ്റിയ ബൈബിൾ എന്നിവ അവയിൽ ചിലത് മാത്രം. ഓർത്തഡോക്സ് സഭയുടെ ഭാഷാന്തരത്തിന് ശ്രമം പുരോഗമിച്ച് വരുന്നതായി അറിയുന്നു. ഈ പുതിയ ഭാഷാന്തരങ്ങൾ ബൈബിൾ സൊസൈറ്റിയുടെ പരാജയത്തെയോ കുറിക്കുന്നത്? 1997 ൽ ന്യൂ ഇന്റർ നാഷണൽ ബൈബിൾ മലയാളത്തിൽ വിവർത്തനം ചെയ്തു. ഇതൊന്നും വേദപുസ്തക സമൂഹം അറിയുന്നില്ലേ.

റോമൻ കത്തോലിക്കാ സഭയുമായി ചേർന്ന് ഒരു പൊതു മലയാളം ബൈബിൾ ഉണ്ടാക്കുന്നതിന് 30 വർഷങ്ങൾക്ക് മുമ്പേ ഒരു കമ്മറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിരുന്നു. എന്നാൽ ബൈബിൾ സൊസൈറ്റി ഇക്കാര്യത്തിൽ ആവശ്യമായ ശുഷ്കാന്തി കാണിച്ചില്ല. റോമൻ കത്തോലിക്കാ സഭയ്ക്ക് തിരുവചനം അത്യാവശ്യമായിരുന്നതിനാൽ അവർ തനിയെ പ്രവർത്തനം തുടർന്നു. അത് പൂവണിഞ്ഞതാണ് 1981 ൽ പുറത്തുവന്ന പി.ഒ.സി ബൈബിൾ. ഇതര സഭാംഗങ്ങളും പ്രസ്തുത ഭാഷാന്തരത്തിൽ പങ്കാളികളായിട്ടുണ്ട്.

സാവകാശത്തിലാണെങ്കിലും നിലവിൽ നാം ഉപയോഗിച്ചുവരുന്ന മലയാള ഭാഷയിൽ ബൈബിൾ സൊസൈറ്റിയുടെ മലയാള വിവർത്തനവും തുടർന്നു വന്നു. മനോരമയിൽ ഇന്നത്തെ ചിന്താവിഷയം എഴുതിയിരുന്ന ശ്രീ. റ്റി. ചാണ്ടിയായിരുന്നു മലയാള വിവർത്തനം. ബിഷപ് റ്റി. ബി. ബഞ്ചമിൻ, റവ. ഡോ. റ്റി. ജെ. ജോഷ്വാ, റവ. ഡോ. എം. ജെ. ജോസഫ്, റവ. ഡോ. കെ.വി.മാത്യു, റവ. ഡോ. മാത്യു പി. ജോൺ മുതലായവർ അടങ്ങിയിരുന്ന കമ്മറ്റിയുടെ നേതൃത്വത്തിൽ പുതിയ നിയമം ഭാഷാന്തരം ചെയ്ത് പൊതുജനങ്ങളുടെ അഭിപ്രായത്തിനുവേണ്ടി പ്രസിദ്ധം ചെയ്തു. പാസ്റ്റർ പി.എം.ഫിലിപ്പ് വായിച്ച് അഭിപ്രായം അറിയിച്ചവരിൽ മുമ്പനായിരുന്നു. ഏകദേശം 10 വർഷങ്ങൾക്ക് മുമ്പ് റവ. പ്രകാശ് കെ. ജോർജ്ജിന്റെ നേതൃത്വത്തിൽ പഴയനിയമവും പൂർത്തീകരിച്ച് സൊസൈറ്റിയെ ഏൽപ്പിക്കുകയുണ്ടായി. പ്രസിദ്ധീകരിക്കുന്നതിന് താമസം നേരിട്ടപ്പോൾ ബിഷപ് ബഞ്ചമിൻ അതേപ്പറ്റി അന്വേഷിച്ചു. അച്ചടിക്കുന്നതിന് മുന്നോടിയായി സി.ഡി.യിലാക്കുന്നു എന്ന വിവരം ലഭിച്ചിട്ട് ഇപ്പോൾ വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. കാലതാമസത്തിന് പിന്നിലെ രഹസ്യം പൊതുജനത്തിന് അജ്ഞാതം.

അനേക ലക്ഷം രൂപ വ്യയം ചെയ്ത് ബൈബിൾ സൊസൈറ്റിയിൽ അംഗത്വമുള്ള സഭകളിലെ പ്രഗത്ഭമതികളും പണ്ഡിതരുമായ ബൈബിൾ വിജ്ഞാനികൾ ഏറെനാൾ കുലങ്കഷമായ പഠനത്തിനും ചർച്ചകൾക്കും ശേഷം പ്രാർത്ഥനാപൂർവ്വം തയ്യാറാക്കിയ ആധുനിക മലയാളം ബൈബിൾ വിശ്വാസ സമൂഹത്തിന് ലഭിക്കേണ്ടത് അത്യാവശ്യം. മലയാളം ബൈബിൾ വിവർത്തനത്തിന്റെ രണ്ടാം ശതവർഷത്തിന്റെ പടിവാതിക്കൽ എത്തിയിരിക്കുന്ന മലയാളം വായനക്കാരുടെ ഈ ചിരകാല അഭിലാഷം താമസംവിനാ സത്വരനടപടിയിലൂടെ ബൈബിൾ സൊസൈറ്റി സഫലീകരിക്കുമെന്ന് പ്രതീക്ഷിക്കട്ടെ....

## കുഷ്ഠരോഗികൾ ക്രിസ്തുവിന്റെ അടയാളമുദ്രകൾ പതിഞ്ഞവർ

ബാബ ആംതെ

ക്രിസ്തുവിന്റെ കുരിശിന്റെ മഹാഭാരം ചുമക്കാൻ എനിക്കാവുമെന്നു പറയാനുള്ള ധാർഷ്ട്യമെനിക്കില്ല. എങ്കിലും അതിന്റെ നിഴലിൽ ചരിക്കാൻ ഞാൻ ശ്രമിക്കുന്നു. നമ്മുടെ ജീവിതങ്ങൾ ചെത്തിയൊരുക്കി ക്രൂശിതരൂപം പോലെയാക്കണമെന്നാണ് അവിടുത്തെ ആഗ്രഹം. ഓരോ ദുഃഖവും ഓരോ കുരിശുമരണമാണ്. അത്യാഗ്രഹങ്ങളെയും ആസക്തികളെയും ഒക്കെ കുരിശിൽ തറയ്ക്കുക. ഓരോന്നും ഓരോ ചെറുപാഠങ്ങളാണ്. അതിനുശേഷം നമ്മുടെ ജീവിതത്തിനുമേൽ ക്രൂശിതരൂപത്തിന്റെ മുദ്ര പതിക്കുക. ഇന്ന് എന്തു ത്യാഗം ചെയ്യാനാണ് നിങ്ങളുടെ പദ്ധതി. നിസ്സാര മനുഷ്യരായ ഞാനും നിങ്ങളുമൊക്കെ നമ്മുടെ മക്കൾക്കുവേണ്ടി ത്യാഗങ്ങൾ അനുഷ്ഠിക്കുന്നു. ക്രിസ്തു നാളത്തെ ലോകത്തിനുവേണ്ടിയാണ് ത്യാഗം സഹിച്ചത്. ദരിദ്രരും വിശന്നവരുമായ ചേരിനിവാസികളെ കാണുമ്പോൾ ക്രിസ്തു അവരിൽ ക്രൂശിക്കപ്പെട്ടു കിടക്കുന്നതു ഞാൻ കാണുന്നു. കുഷ്ഠരോഗത്താൽ പീഡിതനായി, ദുർഗന്ധം വമിച്ച്, പഴുത്തൊലിച്ച് കിടക്കുന്നവരിൽ ക്രിസ്തുവിന്റെ അടയാളമുദ്രകൾ, അവിടുത്തെ ചുംബനം- ഞാൻ കാണുന്നു. അവിടുത്തെ കാലത്തിൽ ജനം കുഷ്ഠരോഗികളോട് എന്തെല്ലാം പാതകങ്ങൾ ചെയ്തു എന്നിട്ടും ആ തച്ചന്റെ മകൻ അവരെ ശുശ്രൂഷിച്ചു. അവരെ സ്പർശിച്ചു നഷ്ടപ്പെട്ടവരുടെയും ഏറ്റവും ഒറ്റപ്പെട്ടവരുടെയും ആശ്രയമായിരുന്ന ആ കരങ്ങൾ എനിക്കൊരു മുദ്രയാണ്.

*കുഷ്ഠരോഗികളുടെ മിശിഹാ എന്നു വിശേഷിപ്പിക്കപ്പെടുന്ന ബാബാ ആംതെ എന്ന ഹിന്ദു ബ്രാഹ്മണന്റെ ക്രിസ്തുവിനെക്കുറിച്ചുണ്ടായിരുന്ന കാഴ്ചപ്പാട് (ഫെബ്രുവരി 9 ന് അദ്ദേഹം ക്യാൻസർ മൂലം അന്തരിച്ചു.)*

# ബഥാന്യ ഭവനത്തിലെ മൂന്നംഗങ്ങൾ



ഫാ. ഡോ. മർക്കോസ് ജോസഫ്

ഒരു പ്രദേശം അറിയപ്പെടുന്നത്, സുപ്രസിദ്ധിയോ കുപ്രസിദ്ധിയോ ആർജ്ജിച്ച അവിടത്തെ വ്യക്തികളോ, കുടുംബങ്ങളോ, സ്ഥാപനങ്ങളോ, സംഭവങ്ങളോ പ്രത്യേക സാഹചര്യങ്ങളോ മൂലമാണ്. 'ബെഥാന്യ' എന്ന കൊച്ചു ഗ്രാമം യെരുശലേം നഗരത്തിൽ നിന്ന് രണ്ടു മൈൽ തെക്കുകിഴക്ക് ഒലിവുമലയുടെ കിഴക്കേ താഴ്‌വരയിൽ സ്ഥിതി ചെയ്യുന്നു. ഈ ഗ്രാമം ഇന്ന് അറിയപ്പെടുന്നത് യേശു സ്നേഹിച്ച മാർത്ത മറിയം എന്നീ സഹോദരിമാരും അവരുടെ ലാസ്സർ എന്ന സഹോദരനും ഒരുമിച്ചുചേർന്ന് വസിച്ചിരുന്ന ഒരു ചെറിയ ഭവനം അവിടെ ഉണ്ടായിരുന്നതിനാലാണ്. ദൈവമക്കൾ വസിക്കുന്ന ഭവനങ്ങൾ എത്ര അഗണ്യമായ അവസ്ഥയിൽ ആയിരുന്നാലും മറഞ്ഞിരിപ്പാൻ കഴിയാതെ ശ്രദ്ധിക്കപ്പെടും. കാരണം അതെല്ലാം ദൈവകൃപാപ്രവാഹത്തിന്റെ അക്ഷയഖനികളും സ്രോതസ്സുകളുമാണ്. വാച്യാർത്ഥത്തിൽ 'ബഥനി' (പകുമാകാത്ത ഈന്തപ്പഴത്തിന്റെ/അത്തിപ്പഴത്തിന്റെ ഭവനം) എന്ന സ്ഥലനാമം അർത്ഥവത്തല്ലെങ്കിലും അവിടെ ഉണ്ടായിരുന്ന ആ ഭവനം അത് ഹിതകരമായ നാമമായി മാറ്റിയെടുത്തു. പൗരസ്ത്യ സഭാപിതാക്കന്മാർ മൂന്ന് വിശേഷണങ്ങളാണ് ബഥനിയിലെ ഭവനത്തിന് നൽകുന്നത്-(1) ദൈവസാന്നിദ്ധ്യമുള്ള ഭവനം,(2)യേശു സ്നേഹിച്ച ഭവനം, (3) മറുപടി ലഭിക്കുന്ന കരുണയുടെ ഭവനം. 'ബഥാന്യ' എന്ന ഗ്രാമനാമം തന്നെ ഇന്ന് പൊതുവേ മാർത്ത-മറിയം-ലാസ്സർ ഭവനത്തെയാണ് സൂചിപ്പിക്കുന്നത്. അത്രമാത്രം ആ ഭവനത്തിന്റെ ശ്രേഷ്ഠത വലുതായിരുന്നു. ഓരോ ക്രിസ്തീയ ഭവനവും ബഥാന്യഭവനമാകുമ്പോൾ അത് സ്വർഗ്ഗത്തിന്റെ പതിപ്പാകും. അതിന് സ്വർഗ്ഗത്തിന്റെ നാല് പ്രധാന സവിശേഷതകൾ സ്വാംശീകരിക്കപ്പെടേണ്ടിയിരിക്കുന്നു. (1) ദൈവസാന്നിദ്ധ്യത്തിൽ ശോഭിക്കുന്ന അവസ്ഥ, (2) ദൈവേഷ്ടം മാത്രം നടമാടുന്ന വ്യവസ്ഥിതി, (3) ദൈവസ്തുതിപ്പാൽ നിറഞ്ഞ അന്തരീക്ഷം, (4) നിത്യസ്നേഹം പങ്കുവെയ്ക്കുന്ന, എല്ലാം ദൈവമഹത്വത്തിൽ ഒന്നാകുന്ന പാരസ്പര്യത. ഇതിന് വിരുദ്ധമായതെല്ലാം നരകാനുഭവങ്ങളാണ്. ആധുനികതയിലെ ഫലദൃഷ്ടികളുടെയും, മറ്റുതിന്മകളുടെയും സ്വാധീനത്തിൽ കഴിയുന്ന നല്ലൊരു ശതമാനം കുടുംബങ്ങളും നരകത്തിന്റെ പതിപ്പുകളാണ്. ഫലമോ, സമൂഹത്തിന്റെ എല്ലാ തലങ്ങളിലും അരാജകത്വം ശക്തിപ്പെടുന്നു. സമൂഹപരിവർത്തനത്തിന് ക്രിസ്തീയ മൂല്യങ്ങളിലേക്കുള്ള കുടുംബനവീകരണം അനിവാര്യമാണ്. കുടുംബങ്ങൾ മാത്രമല്ല, പരി. പൗലോസ് ലേഖനങ്ങളിൽ ആവർത്തിച്ചവതരിപ്പിക്കുന്നതു പോലെ, ദൈവം വസിക്കാനാഗ്രഹിക്കുന്ന ദേവാലയങ്ങളാകുന്ന ബഥാന്യ ഭവനമാണ് ഓരോ ദൈവജനപദവും. ബഥാന്യഭവനത്തിൽ മൂന്നംഗങ്ങൾ ഉണ്ടായിരുന്നതു പോലെ ഓരോ വ്യക്തിയിലും മൂന്ന് ഘടകങ്ങൾ ഉണ്ട്-(1)ശരീരമാകുന്ന മാർത്ത, (2) മനസ്സാകുന്ന മറിയം, (3) ആത്മാവാകുന്ന ലാസ്സർ. വി. ലൂക്കോ 10:38-42, വി. യോഹ 11:1-46 എന്നീ വേദഭാഗങ്ങളിലൂടെ ഈ മൂന്ന് ഘടകങ്ങളുടെയും ആന്തരിക ധർമ്മമെന്ത് എന്ന് വെളിപ്പെടുത്താൻ ആ ലേഖനത്തിൽ ശ്രമിക്കുകയാണ്.

ഒന്നാമതായി, ശരീരമാകുന്ന മാർത്തയെ സംബന്ധിച്ച ധ്യാനചിന്തകളാണ്. ഭവനത്തിൽ വരുമ്പോൾ ഒക്കെയും യേശുതമ്പുരാനെ ശാരീരികമായി ശുശ്രൂഷിക്കുവാൻ മാർത്ത ബദ്ധശ്രദ്ധയായിരുന്നു. ഇത് യാതൊരുവിധത്തിലും സ്വാർത്ഥപരമായ നേട്ടത്തിനായിരുന്നില്ല. മറിച്ച് യേശുവിനോടുള്ള നിറഞ്ഞ സ്നേഹത്തിൽ നിന്നായിരുന്നു. ദൈവഭക്തി പോലും സ്വാർത്ഥതാ സ്നേഹത്തിന്റെ ആഘോഷമായി അധഃപതിച്ചിരിക്കുന്ന നമ്മുടെ കാലിക സമൂഹത്തിൽ മാർത്ത എന്നും വേറിട്ട മാതൃകയാണ്. നേടി എടുക്കുന്ന സ്നേഹം, സ്നേഹത്തിന്റെ മാവിലുള്ള ചൂഷണമാണ്. മറിച്ച് സ്വയം നൽകുന്നതാണ് യഥാർത്ഥ സ്നേഹം, കൊടുത്തുകൊണ്ട് സ്വയം ഇല്ലാതെയാകുമ്പോഴാണ് അത് ത്യാഗനിർഭരമായ, നിഷ്കാമ, നിസ്വാർത്ഥ, സമർപ്പിത സ്നേഹമാകുന്നത്. ഈ സ്നേഹമാണ് ഉപദ്രവിക്കുന്നവർക്കായും പ്രാർത്ഥിക്കുന്ന 'അഗപ്പേ' എന്ന ക്രൂശിന്റെ സ്നേഹം (1 കൊരി 13:1-13). ഈ സ്വർഗ്ഗീയ സ്നേഹത്തിന്റെ കർമ്മാനുഷ്ഠാനകരും പ്രചാരകരുമാകുവാനുള്ള ദൗത്യമാണ് ഓരോ ദൈവജനപദത്തിന്റെയും ജീവിതവിളി. ഇത് മറന്ന് പലപ്പോഴും സ്വയസ്നേഹത്തിന്റെ മൂടുപടങ്ങളായി മാധവസേവയും മാനവസേവയും എടുത്തു ഉപയോഗിക്കുകയാണ് മനുഷ്യൻ. ഒരു പ്രവൃത്തി ദൈവികമോ ഭൗതികമോ എന്ന് വിലയിരുത്തേണ്ടത്, അത് എത്രമാത്രം ദൈവസ്നേഹത്താൽ പ്രേരിതമായി അനുഷ്ഠിക്കപ്പെടുന്നു എന്നതുകളിലായിരിക്കണം. ദൈവസ്നേഹത്തിൽ നിറഞ്ഞ പ്രവർത്തനങ്ങൾ നാൾക്കുനാൾ ശക്തിപ്പെടും, മറിച്ച് സ്വാർത്ഥനേട്ടങ്ങൾക്കുള്ളവ ശോഷിക്കപ്പെട്ട് ഇല്ലാതെയാകും. ക്രൂശിന്റെ സ്നേഹം പോലും നമ്മുടെ മറ്റെല്ലാ സ്നേഹത്തെയും രൂപാന്തരപ്പെടുത്തുമ്പോൾ മാത്രമാണ് നാം യഥാർത്ഥത്തിൽ ദൈവമക്കളാകുന്നത്.

ശരീരമാകുന്ന മാർത്ത എങ്ങനെ ദൈവശുശ്രൂഷക്കായി സമർപ്പിക്കപ്പെടണം? രണ്ട് മാർഗ്ഗങ്ങളാണ് ഒരു ദൈവജനപദത്തിന്റെ മുമ്പിലുള്ളത് (1) നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ. (റോമ 12:1). മാലാഖമാരുടെ ഗണങ്ങൾ ആരാധനയിലൂടെ അനവരതം ദൈവത്തെ ശുശ്രൂഷിക്കുന്നു. മാർത്തയെപ്പോലെ പരിമിതികൾ ധാരാളമുള്ള ജീവിതസാഹചര്യങ്ങളിലും ശരീരത്തെ വിശുദ്ധീകരിച്ച് ദൈവത്തിന് പ്രസാദമുള്ള ആരാധനായാഗമായി സമർപ്പിക്കുന്ന ഭക്തൻ മാലാഖമാർക്ക് സമനാകുകയാണ്. മനുഷ്യസൃഷ്ടിയുടെ മൗലികമായ ഉദ്ദേശം തന്നെ നഷ്ടപ്പെട്ട മാലാഖമാരുടെ സ്ഥാനത്ത് നിന്ന് ആരാധനാജീവികളാകുക എന്നതും തങ്ങളുടെ ആരാധനാവഴി സൃഷ്ടികളെ മുഴുവൻ സ്രഷ്ടാവുമായ സജീവബന്ധത്തിൽ നിലനിർത്തുക എന്നതുമാണ്. പൗരസ്ത്യ സഭാപിതാക്കന്മാരുടെ വീക്ഷണത്തിൽ, ആരാധന കേവലം ദാസഭാവം പ്രകടമാക്കുന്ന ദൈവശുശ്രൂഷ എന്നതിലുപരി,

സ്രഷ്ടാവിന്റെ സന്നിധിയിൽ അവനെ സമർപ്പിക്കുന്ന ആത്മസമർപ്പണമാണ്. അവിടെ മനുഷ്യന്റെ അധരം മാത്രമല്ല ശരീരമാകെ മുഴുവനും പങ്കുചേരുകയാണ്. അതുകൊണ്ടാണ് പ്രാർത്ഥന എന്ന പദത്തേക്കാൾ നമസ്കാരം എന്ന പദമാണ് പൗരസ്ത്യപാരമ്പര്യത്തിൽ ആരാധനയ്ക്ക് ഉപയോഗിക്കുന്നത്. ചുരുക്കത്തിൽ ആരാധന-ശുശ്രൂഷ, നമസ്കാരവും സ്നേഹത്തിന്റെ സ്വാതന്ത്ര്യവും പങ്കുവെയ്ക്കുന്ന അനുഭവവുമായി രൂപാന്തരപ്പെടുന്നു.

(2)ശരീരം ദൈവാരാധനയ്ക്കായി സമർപ്പിക്കുന്നതോടൊപ്പം പ്രയാസത്തിലിരിക്കുന്നവരെ ശുശ്രൂഷിക്കുവാനും ശരീരം വിട്ടു കൊടുക്കണം. അന്ത്യന്യായവിധിയിൽ ഇടത്തു ഭാഗത്തുള്ളവരോട് കർത്താവ് അരുളിച്ചെയ്യും, 'ഈ ചെറിയവരിൽ ഒരുവന് ചെയ്യാത്ത ശുശ്രൂഷ എനിക്കാകുന്നു ചെയ്യാഞ്ഞത്'. വലത്തു ഭാഗത്തുള്ളവരിൽ ദീനന്മാർക്ക് ചെയ്ത ശുശ്രൂഷ തനിക്ക് ചെയ്തതായും കർത്താവ് സ്വീകരിക്കുകയാണ്. മറ്റുള്ളവരിൽ യേശുവിന്റെ പ്രതിരൂപം കണ്ട് അവരെ യേശുവിനെപ്പോലെ ശുശ്രൂഷിക്കുമ്പോൾ നമ്മുടെ ശരീരം മാർത്തയുടെ നിലയിലേക്കുയരുകയാണ്. ജഡത്തിന്റെ രാഗമോഹങ്ങൾ ആവോളം ആസ്വദിക്കാൻ മാത്രം സമർപ്പിക്കപ്പെട്ടിരിക്കുന്ന നമ്മുടെ ശരീരം, ബഥാന്യയിലെ മാർത്ത പ്രതിനിധീകരിക്കുന്ന ശുശ്രൂഷാതലങ്ങളിലേക്ക് വ്യാപരിക്കുവാൻ ഈവ്വിധ ധ്യാനചിന്തകൾ സഹായകരമാവണം. ആരാധനയിൽ നിന്ന് ലഭിക്കുന്ന വിശുദ്ധിയും പ്രകാശവും നന്മപ്രവർത്തനങ്ങളിൽ നിന്നും നന്മയിലേക്ക് ചേർക്കപ്പെടുന്ന പുണ്യവും കൈകളിലേന്തി ബുദ്ധിയുള്ള കന്യകമാരുടെ സംഘത്തിൽ ചേർന്ന് കർത്താവിനെ എതിരേല്പാൻ ദൈവം നമുക്കും അപ്പോൾ ഭാഗ്യം തരും.

രണ്ടാമതായി, മനസ്സാകുന്ന മറിയം വ്യാപരിക്കേണ്ട ധർമ്മതലങ്ങളെക്കുറിച്ചുള്ള ധ്യാനചിന്തകളാണ്. ഭവനത്തിൽ അതിഥിയായി എത്തുന്ന കർത്താവിന്റെ തൃപ്പാദങ്ങളിൽ ഇരുന്ന് വചനം പഠിക്കുകയും ധ്യാനിക്കുകയും ചെയ്യുക എന്നതായിരുന്നു ബഥാന്യ ഭവനത്തിൽ മറിയയുടെ ഇഷ്ടകർമ്മം. ഇത് ജോലികളിൽ നിന്നകന്നിരിക്കുന്ന അലസഭാവപ്രകടനമായിരുന്നില്ല, മറിച്ച് സ്നേഹിക്കുന്ന കർത്താവിന്റെ വചനങ്ങളാൽ ബോധതലം ആർദ്രമാക്കുവാനുള്ള മനസ്സിന്റെ സ്നേഹതൃഷ്ണയായിരുന്നു. മറിയമാകുന്ന നമ്മുടെ മനസ്സും ഈ തലത്തിലേക്ക് ഉയർത്തപ്പെടേണ്ടിയിരിക്കുന്നു. ശരീരം ജോലി വേലകളിൽ ഏർപ്പെടുമ്പോഴും മനസ്സ് ദൈവിക ധ്യാനത്തിൽ നിറയണം. മനസ്സിനെ കളങ്കപ്പെടുത്തുന്ന വികാരക്ഷോഭ വിചാരങ്ങൾ യഥേഷ്ടം ലഭിക്കുവാനുള്ള എല്ലാ സംവിധാനങ്ങളും ഇന്നത്തെ വിവരസാങ്കേതിക യുഗത്തിലുണ്ട്. മനുഷ്യൻ ജീവിക്കുന്നത് അപ്പം കൊണ്ടുമാത്രമല്ല, ദൈവവചനം കൊണ്ട് കൂടെയാണ് എന്നുള്ള തിരിച്ചറിവ് കുറഞ്ഞിരിക്കുന്നു. നിയന്ത്രണമില്ലാതെ ഭൗതിക ആമോദങ്ങളിൽ ആമഗ്നനാവുന്ന ആധുനിക മനുഷ്യന് നഷ്ടപ്പെടുന്നത് മനസ്സിന്റെ നിർമ്മലതയും സൗന്ദര്യവുമാണ്. അതോടൊപ്പം കലുഷിത ചിന്തകളാലും തിന്മകളുടെ പലവേഗങ്ങളാലും മനസ്സ് അസ്വസ്ഥമാവുകയും ചെയ്യുന്നു. ഫലമോ, ആധിയും വ്യാധിയും പൂണ്ട മനുഷ്യർ ഇന്ന് സമൂഹത്തിൽ പെരുകുന്നു. അതേ സമയം നിർമ്മലമനസ്സുകളുടെ സംഖ്യ ശുഷ്കമാകുകയും ചെയ്യുന്നു. ഇന്ന് പല വിഷാദരോഗങ്ങൾക്കും പ്രതിവിധി ധ്യാനചികിത്സകൾ മാത്രമാണ്. ദൈവിക ചിന്തകളിലും കീർത്തന വചനധ്യാനത്തിലും മനസ്സ് നിറയുമ്പോൾ ശാന്തത താനേ വന്നു കൊള്ളും.

മൂന്നാമതായി, ആത്മാവാകുന്ന ലാസ്സറിനെ സംബന്ധിച്ച ധ്യാനചിന്തകളാണ്. മരിച്ചു എങ്കിലും ഉയിർപ്പിന്റെ അനുഭവത്തിൽ ജീവിക്കുന്ന ആത്മാവിന്റെ പ്രതീകമാണ് ലാസ്സർ. പൗരസ്ത്യസഭാ പിതാക്കന്മാർ നാല് പ്രകാരത്തിലുള്ള ആത്മാക്കളെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ഈ നാലു തരത്തിലുള്ളവരെയും സമൂഹത്തിൽ ഇന്നും നമുക്ക് കണ്ടെത്താനാവും.

(1) രോഗബാധിതരായ ആത്മാക്കൾ: ആരാധനാ വിഷയങ്ങളിൽ അലസതയും മടിയും കടന്നുകൂടി ദൈവസംസർഗ്ഗത്തിന് അന്യവത്ക്കരിക്കപ്പെടുന്ന അവസ്ഥയാണിത്. നിരാശയും, നിരുന്മേഷവും, നിസ്സംഗതയുമാണ് ഇക്കൂട്ടരെ നയിക്കുന്ന തിന്മപ്പെട്ട മൂല്യങ്ങൾ. ദൈവ-മനുഷ്യബന്ധങ്ങളിൽ അകലം പാലിക്കുന്ന ഇവർ പുറമേ കുഴപ്പക്കാരല്ല എന്നു തോന്നുമെങ്കിലും, രോഗം മറ്റുള്ളവരിലേക്ക് പകർത്താൻ ഇവർക്ക് കഴിയും. ആകയാൽ ആത്മീയരോഗലക്ഷണം കണ്ടാലുടൻ ദൈവസന്നിധിയണഞ്ഞ് രോഗകാരണം കണ്ടു പിടിച്ച് ചികിത്സ ലഭ്യമാക്കേണ്ടിയിരിക്കുന്നു.

(2) മരിച്ച ആത്മാക്കൾ : ആത്മീയ രോഗത്തിന് ചികിത്സ അമാന്തിച്ചാൽ, ദൈവസംസർഗ്ഗത്തിൽ നിന്ന് ശാശ്വതമായി അന്യവത്ക്കരിക്കപ്പെടുകയും ആത്മീയ മരണത്തിന്റെ അവസ്ഥയിൽ ആകുകയും ചെയ്യും. സങ്കീർത്തനക്കാരൻ 'മരിച്ചവരും മൗനതയിലിറങ്ങിയവരാരും യഹോവയെ സ്തുതിക്കുന്നില്ല' എന്ന് പറഞ്ഞിരിക്കുന്നത് ഇക്കൂട്ടരെ കുറിച്ചാണ്. ദൈവകൃപയ്ക്കുപോലും പ്രചോദിപ്പിക്കാൻ കഴിയാത്തവിധമുള്ള കഠിനഹൃദയരാരും എന്ത് ഭയാനകവും പൈശാചികവുമായ പ്രവർത്തികൾ ചെയ്യുവാൻ ഒട്ടും മടിയില്ലാത്തവരും ആയിരിക്കും.

(3) ചീഞ്ഞു നാറുന്ന ആത്മാക്കൾ: ദൈവസംസർഗ്ഗത്തിൽ നിന്ന് ശാശ്വതമായി അന്യവത്ക്കരിക്കപ്പെട്ട് ആത്മീയ മൃതാവസ്ഥയിൽ കഴിയുന്ന ആത്മാവ് ചീഞ്ഞു നാറുന്ന അവസ്ഥയിലേക്ക് പ്രവേശിക്കും. ഈ അവസ്ഥയിൽ അവർ അവരുടെ ചുറ്റുപാടുമുള്ളവരെ കൂടി നാശാവസ്ഥയിലേക്ക് നയിക്കുന്നവരായിരിക്കും.

(4) ജീവിക്കുന്ന ആത്മാക്കൾ: പാപത്തിന് മരിച്ച് നീതിക്ക് ജീവിക്കുന്ന അവസ്ഥയാണിത്. ലാസ്സർ പ്രതിനിധീകരിക്കുന്ന ഈ അവസ്ഥയിലേക്ക് നമ്മുടെ ആത്മാക്കൾ വിളക്കപ്പെട്ടിരിക്കുന്നു. ഈ അവസ്ഥയിൽ ജീവന്റെ പുതുക്കം ദൈവത്തോടും ദൈവത്തിന്റെ യോഗാത്മകശരീരമായ സഭയോടുമുള്ള സംസർഗ്ഗത്തിലൂടെ ലഭിച്ചുകൊണ്ടിരിക്കും. വി.മാമോദീസായിൽ, ജഡത്തിനും അതിന്റെ രാഗമോഹങ്ങൾക്കും ക്രിസ്തുവിനോടു കൂടി മരിച്ച് കബറടക്കപ്പെട്ട്, ക്രിസ്തുവിനോടൊപ്പം നീതിക്ക് ജീവിക്കുവാൻ ഉത്ഥാനം പ്രാപിക്കുകയാണ് ഓരോ ദൈവപൈതലും. ഈ അനുഭവത്തിൽ ജീവിക്കുന്നവരാണ് ക്രിസ്തുവിനെ ജീവിതത്തിലൂടെ സാക്ഷിക്കുന്നത്. ലാസ്സറിനെ കണ്ട അനേകം യഹൂദന്മാർ ക്രിസ്തുവിൽ വിശ്വസിച്ചു. നമ്മെ കാണുന്നവർ ക്രിസ്തുവിങ്കലേക്കു വരുമോ? ഇന്നത്തെ ക്രിസ്ത്യാനികൾ തങ്ങളോട് തന്നെ ചോദിക്കേണ്ട പ്രസക്തമായ ചോദ്യമാണിത്.

---

ആസ്ട്രേലിയായിലും ഇംഗ്ലീഷ് ഭാഷയാണ് ഉപയോഗിക്കുന്നതെങ്കിലും അവരുടെ ഉച്ചാരണത്തിൽ വലിയ അന്തരമുണ്ട്. ഉദാഹരണത്തിന് 'A' എന്ന അക്ഷരം "I" ആയിട്ടാണ് ഉച്ചരിക്കുന്നത്. Y.M.C.A., Y.M.C.I. ആയും Basin, Bison ആയും ഉച്ചരിക്കും.

ആസ്ട്രേലിയായിൽ നിന്ന് എന്റെ ഒരു വൈസ്മാൻ സുഹൃത്ത്, ആർതർ കൗളിംഗും ഭാര്യയും കൂടി ഒരിക്കൽ കോട്ടയത്തു വന്നു. ഞാനവരെ സ്വീകരിച്ചു. വൈ.എം.സി.എയിൽ ഞങ്ങൾ ഒരു ഒത്തുകൂടൽ സംഘടിപ്പിച്ചു. എന്റെ ഒരു സ്നേഹിതൻ വന്നപ്പോൾ ഞാനവരെ പരിചയപ്പെടുത്തി. അപ്പോൾ ആ സ്നേഹിതൻ ചോദിച്ചു.

"When did you come?" Arthur ഉടനെ മറുപടി പറഞ്ഞത് ഇങ്ങനെയായിരുന്നു.

"We came to die"

ചാകാൻ ഇവിടെ വരെ വന്നോ എന്ന് ഓർത്തുപോയി ആ സ്നേഹിതൻ. പിന്നീടാണദ്ദേഹത്തിന് മനസ്സിലായത് ആർതർ പറഞ്ഞത്.

We came today എന്നായിരുന്നു എന്ന്.

– ജോൺ മാത്യു, ചിലമ്പനങ്ങളിൽ

# ചീറ്റാം കടിക്കരുത്!!



ജോർജ് ബഹനാൻ
(കൗൺസലർ & തെറാപ്പിസ്റ്റ്)

പൂജാരിയുടെ അടുത്ത സുഹൃത്തായ പാമ്പ് താമസിക്കുന്നത് അമ്പലക്കുളത്തിനടുത്തുള്ള കാവിലാണ്. പക്ഷെ അമ്പലത്തിൽ വരുന്നവരെ കടിക്കുകയും, ചീറ്റി പേടിപ്പിക്കുകയും ചെയ്യുന്നത് പാമ്പിന് പതിവായി. ഭക്തർ പൂജാരിയെക്കണ്ട് സങ്കടം പറഞ്ഞു. പാമ്പിന്റെ കടി പേടിച്ച് അമ്പലത്തിൽ വരാൻ ഭക്തർക്ക് പേടിയായി. ഒരു ദിവസം പൂജാരി പാമ്പിനെ വിളിപ്പിച്ചു. കർശനമായി താക്കീത് ചെയ്തു. 'ഒരു മനുഷ്യരെയും കടിക്കരുത്'. പാമ്പ് അത് സമ്മതിച്ചു കടിയും ചീറ്റലും നിർത്തി. പക്ഷെ പ്രശ്നം അവസാനിച്ചില്ല. പാമ്പ് കടിക്കാതായപ്പോൾ ഭക്തർക്ക് ഒരു തമാശ. അവർ അമ്പലത്തിൽ ചുരുണ്ടുകൂടി കിടക്കുന്ന പാമ്പിനെ വടി കൊണ്ട് തോണ്ടും അല്ലെങ്കിൽ കുട്ടികൾ കല്ലെറിയും. സഹികെട്ട് അവശനായ പാമ്പ് പൂജാരിയെ കണ്ട് സങ്കടം ഉണർത്തിച്ചു. ഞാൻ അങ്ങ് പറഞ്ഞതുപോലെ കടി നിർത്തി പക്ഷെ ഭക്തർ എന്നെ ഉപദ്രവിക്കാൻ തുടങ്ങിയിരിക്കുന്നു. ഞാൻ അവശനായി എന്നെ രക്ഷിക്കണം. അപ്പോൾ പൂജാരി പറഞ്ഞു 'ഞാൻ നിന്നോട് കടിക്കരുത് എന്നു മാത്രമേ പറഞ്ഞുള്ളൂ. പക്ഷെ നിനക്കൊരു കാര്യം ചെയ്യാം ചീറ്റാം. ഇത് കേട്ട് പാമ്പ് സന്തോഷത്തോടെ പോയി. കടിച്ചിട്ടില്ല. പക്ഷെ ചീറ്റും. ചീറ്റുന്നതു കൊണ്ട് ആരും പേടിച്ചിട്ട് പാമ്പിനെ ഉപദ്രവിക്കില്ല.

ഇതിലെ മനശാസ്ത്ര സത്യം ശക്തമാണ്. കോപം ഒരു സംരക്ഷണവികാരമാണ്. ദൈവത്തിന്റെ വലിയ ദാനം ദേഷ്യമില്ലെങ്കിൽ ജീവിതം നിലനിൽക്കില്ല. അതുകൊണ്ട് കോപം ഉപയോഗിക്കണം. പക്ഷെ കോപം അമ്പത് ശതമാനത്തിൽ കൂടുതൽ ആകരുത്. കോപം അമിതമായാൽ അത് ശരീരത്തെയും, മനസ്സിനെയും ബാധിക്കും. മുൻകോപം പലരുടെയും ജീവിതങ്ങളെ വികലമാക്കിക്കൊണ്ടിരിക്കുന്നു. മുൻകോപക്കാർ അധികപ്പറ്റായി മാറുന്നു.

അറുപതുകളിൽ പോണ്ടിച്ചേരിയിലുള്ള ഒരു മുസ്ലീം ചീഫ് ജസ്റ്റിസ് വഴിയിൽ വച്ച് വിവേകം ഉണ്ടെന്ന് തോന്നുന്നവരോടെല്ലാം ചോദിക്കുമായിരുന്നു. കോപം നിയന്ത്രിക്കാൻ ഞാൻ എന്തു ചെയ്യണം ആരെങ്കിലും ഉത്തരം പറഞ്ഞാൽ അത് കേൾക്കാനുള്ള ക്ഷമ പോലും ജഡ്ജിക്കില്ലായിരുന്നു! മുൻ കോപക്കാർക്കറിയില്ല ക്ഷമ. ഇതാണ് പലരുടെയും നില.

കോപിക്കുമ്പോൾ നാം രോഗത്തെ ക്ഷണിച്ചുവരുത്തുന്നു എന്ന ശാസ്ത്ര സത്യം മറക്കരുത്. തൊണ്ണൂറ്റിയഞ്ചു ശതമാനം രോഗങ്ങളും മനോശാരീരിക രോഗങ്ങൾ ആണെന്ന് വൈദ്യശാസ്ത്രം ഉറപ്പിച്ച് പറയുന്നു. പ്രത്യേകിച്ച് കോപം വളരെ ഗുരുതരമായ രോഗങ്ങൾ ഉണ്ടാക്കുന്നതായി ഗവേഷകർ അഭിപ്രായപ്പെടുന്നു. ക്യാൻസർ ബാധിച്ച ധാരാളം ആളുകളുടെ ആരോഗ്യത്തിന്റെ ചരിത്രത്തിൽ കോപത്തിനാണ് പ്രധാന പങ്കെന്ന് ഗവേഷകർ സമർത്ഥിക്കുന്നു. വർഷങ്ങളായി അമർത്തിവെച്ചിട്ടുള്ള ദേഷ്യം ഹൃദയസ്തംഭനത്തിന് വഴിതെളിക്കുമെന്നും അവർ പറയുന്നു.

കോപിക്കുമ്പോൾ ധാരാളം രാസമാറ്റങ്ങൾ ശരീരത്തിൽ സംഭവിക്കുന്നു. അതുമൂലമുണ്ടാകുന്ന രാസവസ്തുക്കൾ ശരീരത്തിന്റെ രോഗപ്രതിരോധ ശക്തി നശിപ്പിക്കുന്നു. മനസ്സിൽ കോപമുണ്ടാകുമ്പോൾ അഡ്രീനൽ ഗ്രന്ഥി ഉത്തേജിക്കപ്പെടുകയും, അഡ്രീനലിന്റെ അളവ് ശരീരത്തിൽ വർദ്ധിക്കുകയും ചെയ്യുന്നു. ഇത് ശരീരത്തിന്റെ പ്രവർത്തനങ്ങളെ അമിതവേഗതയിലാക്കുന്നു. നെഞ്ചിടിപ്പ് കൂടും. വിറയൽ, കണ്ണിൽ ഇരുട്ടുകയറുക, ശ്വാസോച്ഛ്വാസം വർദ്ധിക്കുക, തുടങ്ങിയ ശാരീരികമാറ്റങ്ങൾ ശരീരത്തിൽ അസ്വസ്ഥതകൾ ഉണ്ടാക്കും. ശരീരത്തിലുണ്ടാകുന്ന രാസവസ്തുക്കൾ അവസാനമായി തലയിലെത്തും. അത് തലയ്ക്ക് ഭാരവും തലവേദനയും ഉണ്ടാക്കും.

വർഷങ്ങളായി കടിച്ചമർത്തിവച്ചിരിക്കുന്ന അമിതമായ കോപം വ്യക്തികളിൽ മൈഗ്രെയിൻ ഉണ്ടാക്കും. തലവേദനയും, തലയ്ക്ക് ഭാരവും ഇക്കൂട്ടർക്ക് എന്നും കാണും. അതുപോലെ സെർവിക്കൽ സ്പോണ്ടിലോസിസ്, ആത്മഹത്യാപ്രവണതയും ഇവ രണ്ടും കോപം അടക്കിവെച്ചിരിക്കുന്നവരിൽ പ്രത്യക്ഷപ്പെടും. ചെറുകുടലിലും, വൻകുടലിലും അടക്കിവെയ്ക്കുന്നവർക്ക് ത്വക് രോഗങ്ങൾ ഉണ്ടാകും. ത്വക് രോഗം നിയന്ത്രിച്ചാൽ അത് ആസ്തമയിൽ പ്രത്യക്ഷപ്പെടും. അമിതമായ ദേഷ്യംമൂലം വ്യക്തികളുടെ ഏകാഗ്രത നഷ്ടമാകും. പഠിക്കുന്ന കുട്ടികളെയാണ് അത് കൂടുതലായി ബാധിക്കുക.

'സാർ എനിക്ക് ഭയങ്കര ദേഷ്യമാണ്' കൗൺസലിംഗിനെത്തിയ പ്ലസ്ടു വിദ്യാർത്ഥി പറഞ്ഞു. പക്ഷെ ദേഷ്യം മാറ്റാനുള്ള ഒരു ബോധപൂർവ്വമായ ശ്രമം അയാളിൽ ഉണ്ടാകുന്നില്ല. അതുകൊണ്ട് അയാൾ ദേഷ്യക്കാരനായി അവശേഷിക്കുന്നു. അതുകൊണ്ട് കോപം ഫലപ്രദമായി നിയന്ത്രിക്കാൻ രണ്ടു കാര്യങ്ങൾ ആവശ്യമാണ്. ഒന്ന് അവരവർക്ക് ദേഷ്യം ഉണ്ട് എന്ന ആഴമേറിയ അവബോധം ഉണ്ടാകണം. അതുപോലെ അതിന്റെ തീവ്രത എന്തുമാത്രം ഉണ്ടെന്നും മനസ്സിലാക്കണം. പലപ്പോഴും കോപം നിയന്ത്രിക്കാൻ സാധിക്കാത്തവർക്ക് കോപം ഉണ്ടെന്ന് സമ്മതിക്കാൻ പോലും വിഷമമാണ്. രണ്ടാമത് കോപം നിയന്ത്രിക്കണമെന്നുള്ള ഉത്കടമായ ആഗ്രഹം ആവശ്യമാണ്. ഇത് രണ്ടും ആത്മീയതയുടെ അംഗങ്ങളാണ്. പ്രശ്നം പരിഹരിക്കാൻ ഈ രണ്ട് അംഗങ്ങളും അനിവാര്യമാണ്. സുഖമാക്കാൻ മനസ്സുള്ളവരെ ദൈവം സുഖമാക്കിയിട്ടുള്ളൂ. അനിയന്ത്രിതമായ ഏതു വികാരവും ദൈവനീതിയ്ക്ക് നിരക്കുന്നതല്ല അതുകൊണ്ട് അത് പാപമാണ്.

കോപം കോപത്തെ സൃഷ്ടിക്കുന്നു. അതിൽ ക്രിയാത്മകതയില്ല. കോപം എല്ലാത്തരത്തിലും നശീകരണസ്വഭാവമുള്ളതാണ്. അതുകൊണ്ട് മുൻകോപത്തേക്കാൾ നല്ലത് ക്ഷമയാണ്. കോപത്തെ കൈകാര്യം ചെയ്യാനുള്ള ഏറ്റവും വലിയ ഉപകരണം ക്ഷമതന്നെയാണ്. ക്ഷമിക്കുന്തോറും നാം മാനസ്സികമായും, ആത്മീയവുമായി വളർന്നുകൊണ്ടിരിക്കും. കോപിക്കുന്തോറും ഈ രണ്ടു നിലയിലും നാം തളർന്നുകൊണ്ടിരിക്കും. ഇത് വായിക്കുന്ന ഓരോ മുൻകോപക്കാരുടെയും മനസ്സിൽ ആ സത്യം ആഴത്തിൽ പതിയട്ടെ. നമ്മുടെ പ്രതിഷേധം ക്ഷമയോടെ നമുക്ക് പ്രകടിപ്പിക്കാം. അതാണ് പ്രയോജനപ്രദം.

കോപത്തെ നിയന്ത്രിച്ച് പഠിക്കണം. അത് ബോധപൂർവ്വം ചെയ്ത് തുടങ്ങിയാൽ കോപത്തെ വളരെ നന്നായി നിയന്ത്രിക്കയും, കോപത്തെ സമനിലയിലേക്ക് കൊണ്ടുവരാൻ സാധിക്കയും

ചെയ്യും. കോപിക്കാനുള്ള സാഹചര്യങ്ങൾ മനോഭാവങ്ങൾ അത് ക്രിയാത്മകമായി ഒഴിവാക്കാൻ സാധിക്കും. കോപിക്കാനുള്ള സംഭവങ്ങൾ വരുമ്പോൾ നാം സ്വയം ശാസിക്കണം. എനിക്ക് കോപം ഉണ്ട് കോപിക്കരുത് എന്ന് സ്വയം പറയണം. സ്വയം മറക്കുന്നതാണ് പലപ്പോഴും പൊട്ടിത്തെറിക്കാനുള്ള കാരണം.

അനീതി കാണുമ്പോൾ നാം ഇറങ്ങു തുള്ളിയതു കൊണ്ട് അനീതി മാറുമോ. ദുഷ്പ്രവൃത്തിക്കാരുടെ മുഖം നീ മുഷിയരുത് എന്ന് വേദപുസ്തകം പറയുന്നു. പ്രതികാരം ദൈവത്തിനുള്ളതാണ്. ഫോണിൽ കൂടെ അനീതിയെപ്പറ്റി അഴിമതിയെപ്പറ്റി അതിശക്തമായി കോപത്തോടെ സംസാരിച്ചുകൊണ്ടിരുന്ന ഒരാളോട് സങ്കീർത്തനത്തിലെ ദുഷ്പ്രവർത്തിക്കാരുടെ മൂലം നീ മുഷിയരുത് എന്ന വാക്യം ഞാൻ പറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു 'അത് ശരിയാണല്ലോ' അദ്ദേഹം പെട്ടെന്ന് തണുത്തു. ഒരു പുതിയ ഉൾക്കാഴ്ച അദ്ദേഹത്തിന് കിട്ടി.

നമ്മുടെ തെറ്റായ പല മനോഭാവങ്ങളും നമ്മെ കോപത്തിലേക്ക് നയിക്കാം. ഉൾക്കാഴ്ചകളിലൂടെ ഈ മനോഭാവങ്ങളെ മാറ്റിയെടുത്ത് കോപസംഭവങ്ങളെ ഒഴിവാക്കാം. എന്നെപ്പറ്റി ആരും എന്തും പറയട്ടെ എനിക്ക് ഉത്തരവാദിത്വം ദൈവത്തോടാണ് ഈ മനോഭാവം ഉണ്ടാക്കിയെടുക്കാൻ ശ്രമിച്ചാൽ പല കോപ സംഭവങ്ങളെയും നമുക്ക് വളരെ ക്രിയാത്മകമായി കൈകാര്യം ചെയ്യാൻ സാധിക്കും.

കോപം ഉണ്ടാക്കാൻ കാരണമാകുന്ന വ്യക്തികളെ സന്ദർഭങ്ങളെ സമർത്ഥമായി ഒഴിവാക്കുന്നത് നല്ലതാണ്. അതുപോലെ പ്രകോപനം ഉണ്ടായാൽ അന്നേരം പ്രതികരിക്കാതിരിക്കുക. കോപമുള്ളവർ ചിന്തിക്കില്ല. കോപം അടങ്ങിക്കഴിയുമ്പോൾ പ്രതികരിച്ചാൽ അവർ കേൾക്കും. അതുപോലെ കോപിക്കുന്നവരെ ശ്രദ്ധിച്ച് കേൾക്കാൻ ശ്രമിച്ചാൽ അവരുടെ കോപം താഴും. അതായത് കോപിച്ച് സംസാരിക്കുന്നവരോട് നാം സംസാരിക്കാൻ ഒട്ടും ധൃതിവെയ്ക്കരുത്. ഇതു നമുക്കും പരിശീലനമാകും.

ഞാൻ പിടിച്ച മുയലിന് മൂന്ന് കൊമ്പ് എന്ന് ശഠിക്കുന്ന മർക്കടമുഷ്ടിക്കാരായ ഭാര്യമാരും, ഭർത്താക്കന്മാരും, മക്കളും അങ്ങനെയാരാണെന്ന് സ്വയം കണ്ടെത്തുക. ഇക്കൂട്ടർ അവരവരെപ്പറ്റിയുള്ള ഒരു വിലയിരുത്തൽ എല്ലാ ദിവസവും നടത്തണം. വിലയിരുത്തപ്പെടാത്ത ജീവിതങ്ങൾ ജീർണ്ണിക്കും.

എബ്രഹാം ലിങ്കൺ ക്ഷമയുടെ മൂർത്തിമദ് ഭാവമായിരുന്നു. ഒരിക്കൽ അദ്ദേഹത്തിന്റെ യുദ്ധകാര്യസെക്രട്ടറി എഡ്വിൻ സ്റ്റാൻകനും മേജർ ജനറലുമായി അഭിപ്രായവ്യത്യാസം ഉണ്ടായി. പ്രശ്നം വിശദീകരിച്ച് നല്ലൊരെഴുത്ത് എഴുതാൻ ലിങ്കൺ ഉപദേശിച്ചു. എഡ്വിൻ ജനറലിന് കടുത്ത ഭാഷയിൽ ഒരെഴുത്ത് എഴുതി ലിങ്കനെ കാണിച്ചു. ലിങ്കൺ എഴുത്ത് വായിച്ചിട്ട് ചോദിച്ചു 'ഈ എന്തിനാണ്' മേജർ ജനറലിന് അയയ്ക്കാൻ എഡ്വിൻ പറഞ്ഞു. ലിങ്കൺ പറഞ്ഞു ഈ എഴുത്ത് അയക്കണ്ട 'ഇത് തീയിലിടണം ഞാനങ്ങനെയാണ് ചെയ്യുന്നത്. ദേഷ്യം വരുമ്പോൾ എഴുത്ത് എഴുതും പക്ഷേ ഞാനത് അയക്കില്ല കീറിക്കളയും' മേജർ ജനറലിന് വേറൊരു എഴുത്ത് എഴുതു.

ഇതാണ് എബ്രഹാം ലിങ്കന്റെ 'സ്റ്റൈൽ' കോപിക്കേണ്ട പരശ്ശതം അവസരങ്ങൾ അദ്ദേഹം ഒഴിവാക്കി. അതായിരുന്നു ലിങ്കന്റെ മഹത്വം. 'ആരോടും പകയില്ല, എല്ലാവരോടും സൗഹൃദം' ഇതായിരുന്നു ലിങ്കന്റെ മോട്ടോ. ക്ഷമിക്കാത്തവർക്കാണ് കോപം കൂടുന്നത്. ക്ഷമിക്കുന്നത് സൗഖ്യദായകമാണ്.

അച്ഛനുമമ്മയും കോപക്കാരാണെങ്കിൽ മക്കളും മുൻകോപക്കാരാകാൻ ധാരാളം സാദ്ധ്യതയുണ്ട്. പ്രത്യേകിച്ച് ചെറുപ്പകാലങ്ങളിൽ. അതായത് പതിനാലു പതിനഞ്ച് വയസ്സുവരെയുള്ള പ്രായത്തിൽ കുട്ടികൾ അനുഭവിക്കുന്ന കോപസംഭവങ്ങൾ അവരുടെ ഉപബോധമനസ്സുകളിൽ ദേഷ്യമുണ്ടാക്കും. നഷ്ടസംഭവങ്ങളും കുട്ടികളിൽ ദേഷ്യമുണ്ടാക്കും. നഷ്ടബോധവും ദേഷ്യവും എപ്പോഴും ഒരുമിച്ച് പോകുന്ന ഇരട്ടകളാണ്. കലുഷിതമായ കുട്ടിക്കാലമുള്ളവർ സംശയരോഗം പോലുള്ള പല മനോരോഗങ്ങളിലേക്കും എത്തിച്ചേരും. ഇവർക്ക് മനഃശാസ്ത്ര ചികിത്സകൾ ആവശ്യമായിരിക്കും.

ഇളം തലമുറയെ കോപത്തിലേക്ക് തള്ളിവിടരുത്. സ്കൂളുകളിലും, കോളേജുകളിലും, പ്രസംഗങ്ങളിലൂടെ മനസ്സിലാക്കാൻ സാധിക്കുന്ന ഒരു സത്യമിതാണ്. വലിയൊരു ശതമാനം കുട്ടികളുടെയും പ്രബലമായ വികാരം കോപമാണ്. മക്കളെ കോപിപ്പിക്കരുത് എന്ന് നാം വേദപുസ്തകത്തിൽ വായിക്കുന്നു. കോപം നിയന്ത്രിക്കാൻ മനസ്സില്ലാത്തവർ തലമുറകളിലേക്ക് അത് കൈമാറും. ഒരു കുട്ടി പറഞ്ഞു 'സാർ എന്റെ അപ്പൻ ഒരു കടുവായാണ്.' ഈ അപ്പൻ മറ്റനേകം കടുവകളെ സമൂഹത്തിൽ സൃഷ്ടിക്കും.

അമേരിക്കൻ പ്രസിഡന്റായിരുന്ന തോമസ് ജെഫേഴ്സൺ കോപത്തെ സമർത്ഥമായി കൈകാര്യം ചെയ്ത വ്യക്തിയാണ്. അദ്ദേഹം പറയുന്നു. ദേഷ്യം വരുമ്പോൾ ഒന്നു മുതൽ പത്തുവരെ എണ്ണുക. അതു കഴിഞ്ഞേ സംസാരിക്കാവൂ. മാരക ദേഷ്യമാണെങ്കിൽ നൂറുവരെ എണ്ണുക. അത് കുറെക്കൂടി മനശാസ്ത്രപരമാകുമെങ്കിൽ പത്തു മുതൽ താഴോട്ട് എണ്ണുക. ഓരോ അക്കത്തിനോടൊപ്പം ദേഷ്യം എന്നു പറയുക. അതായത് 'പത്ത് ദേഷ്യം' ഇങ്ങനെ ഒന്നുവരെ പറയുക. ഇങ്ങനെ പറയുമ്പോൾ തലച്ചോറിലെ രാസപ്രക്രിയയിൽ വ്യതിയാനങ്ങളുണ്ടാകും. അത് ദേഷ്യത്തെ കുറയ്ക്കും. ഈ ലേഖനം വായിച്ച് കോപം വരുന്നെങ്കിൽ പത്തു മുതൽ താഴോട്ട് എണ്ണുക പക്ഷേ ഒരു കാര്യം എപ്പോഴും ഓർക്കും. 'കേൾക്കാൻ വേഗതയും പറയാൻ താമസവും' ഇതാകട്ടെ നമ്മുടെ മോട്ടോ!

---

പഴയ ഒരു കഥയാണ്. ഒരു വല്യപ്പൻ, മകൾ പ്രസവിച്ചപ്പോൾ അവളുടെ ഭർത്താവിന് വിവരം കമ്പിടയിക്കാൻ ടെലഗ്രാം ഓഫീസിൽ ചെന്നു. വളരെ ദീർഘമായി വിവരിച്ചെഴുതിയിരിക്കുന്നതു കണ്ട് ഉദ്യോഗസ്ഥൻ പറഞ്ഞു.

'വല്യപ്പാ ഇത്രയും കാര്യങ്ങൾ കമ്പിടയിച്ചാൽ വലിയ തുകയാകും. അതുകൊണ്ട് എത്രയും ചുരുക്കി എഴുതിക്കൊണ്ടുവാ

വല്യപ്പൻ പോയിട്ടു തിരിച്ചുവന്നപ്പോൾ ഒരു കുറിപ്പ് കൊടുത്തു. അതിൽ കണ്ടതിങ്ങനെയായിരുന്നു. - മ.പെ.കൊ.പെ - ടെലഗ്രാം ഓഫീസിലെ എല്ലാവർക്കും അത്ഭുതമായി. എന്താണെന്നു ചോദിച്ചപ്പോൾ വല്യപ്പൻ പറഞ്ഞു

മറിയാമ്മ പെറ്റു കൊച്ചുപെണ്ണ് - എന്നാണ്

ഈ കഥയുടെ ചുവടുപിടിച്ച് ഞാനും ഒരിക്കൽ മൂന്ന് ടെലഗ്രാം അയച്ചു. എന്റെ ഭാര്യയുടെ ആദ്യത്തെ പ്രസവം. ആ വാർത്ത എന്റെ അനുജനെയും രണ്ടു സഹോദരന്മാരെയും അറിയിച്ചത് ഇപ്രകാരമായിരുന്നു.

APEKOPE ആ.പെ.കൊ.പെ

എന്റെ ടെലഗ്രാമായതുകൊണ്ട് എന്തെങ്കിലും വേലയിറക്കൽ ഉണ്ടായിരിക്കും എന്നറിയാമായിരുന്ന എന്റെ സഹോദരങ്ങൾ മൂന്നുപേരും അതിന്റെ അർത്ഥം കണ്ടുപിടിച്ചു

ആലീസുപെറ്റു കൊച്ചുപെണ്ണാണ്.

*- ജോൺ മാത്യു*

# Scandalizing Christian Witness in a Multi-religious Society

Rev. Thomas John

The reaction and responses of the church leadership to The Kerala Unaided Professional Colleges (Prohibition of Capitation Fees and Procedure for Admission and Fixation of Fees) BILL should be seen as a clear reflection of the changing role of the church in today's world.

By crying wolf to the 'bill' the church leadership has exposed their moral insensitivity and their callous disregard of the primary responsibility of the church: to bear witness to the in-breaking of God's rule through sacrificial service to the building up of a world of equity, justice, peace and harmony.

It is not enough to take credit for the missionary contribution to higher education, but to ask what their successors have made of higher education. Since the '60s, after the Vimochana Samaram (the liberation struggle), the church's involvement at all levels of education has been without any sense of probity, responsibility, sacrifice, and mission.

Many of us have failed to realise that the Kerala society's initiation to the self-financing of education was through the unaided, English medium, recognised schools. They gave the churches and similar associations, a taste of what one could accomplish without any capital of one's own and yet make substantial revenue and profit to expand one's clout in the educational field.

Though these schools were run for the children of the elites in society, gradually they began to be seen by the middle class and the lower middle class as a means for upward mobility and economic benefits. Thus, schools of various sorts that would suit the purse of the parents such as 'international', 'residential', 'public' and so on – began to spring up in every nook and corner of Kerala with active connivance of the powers that be.

The unbridled privatisation of education, led to the total neglect of the aided and government stream, which resulted in the children of the poor getting a raw deal. The guardians of social justice – including the politicians, church, and other socio-religious organisations – are only interested in their burgeoning profits.

Children of the socio-economically weaker strata cannot hope to better their lives in a highly competitive society. They are denied access to good education and hence cannot hope to benefit from the new economic opportunities. Can the Christian community absolve itself of this crime?

Most of the private schools, colleges and universities in the western world are built by the largesse of rich philanthropists. Such schools, though they may charge a higher rate of fees than the government run or supported schools, still provide a highly subsidised education. They do not force the capital costs of education on to the students, irrespective of their financial status. They also insist on a student composition that reflects the socio-economic realities of their societies. Through a well-evolved system of scholarships and financial support, the private schools in the west ensure that no student is deprived of educational opportunities for want of money.

By claiming the right to establish and administer educational institutions without specifying the disability or disadvantage or discrimination that they suffer in relation to the majority community, the church leadership is desecrating a sacred right conferred on them by the constitution. The Indian constitution represents the best democratic traditions of a civilized society, and which guarantees that brute majority will not obliterate the traditions, values and distinct identities of a minority.

What a Christian wants and should demand is the right to practice his/her faith, to live out values that are distinctly Christian – responsibility to one's fellow human beings and creation, self-less and sacrificial service to humanity and intervention in history on behalf of the poor and the outcasts to the point of death.

The clamor for minority rights would appear ridiculous in comparison with the vision and commitment of the founders of some of the Christian colleges in India.

The founders of the Union Christian College, one of the oldest Christian Indigenous initiatives in Higher Education in India, acknowledged in one

of their earliest brochures (1921) that, "We have gladly engaged with the Travancore Durbar to accept the 'Conscience Clause' and to use no manner of compulsion in the matter of attendance at religious instruction. This is no way due to religious indifference on our part but to our conviction that the Christians in India are called upon to give of their best without stopping to stipulate terms for their service, that it is their duty 'not to be ministered unto, but to minister'. We have no greater desire than that like our Master before us 'who went about doing good', we may, poor and despised as we are shoulder our humble share of the day's burdens among the many tasks that confront the nation at the present time."

They were even prepared to forgo their concern to teach scripture, "to shoulder the day's burden among the many tasks that confront the nation at the present time." They never claimed any minority rights; nor did they stipulate terms for their service. But they were prepared to accept the restrictions that the government would impose and unconditionally put themselves at the service of the nation 'in this great hour of trial'. This was a reference to the independence movement of our nation.

An understanding of the New Man (Human) congruous with the person of Christ, a form of Christian humanism, was fundamental to the educational enterprise of the Missionaries. Christ is understood as the prototype of authentic humanity. Authentic humanity is understood as fellow humanity, life in fellowship and responsibility to the rest of creation and fellow human beings. It points to the lofty goal of facilitating the growth and transformation of human beings into self actualizing beings who are capable of extreme self-sacrifices for the sake "a new heaven and a new earth". This humanistic tradition was at the back of the liberal arts and science tradition in Higher Education. According to this understanding, education is not an activity of acquiring knowledge and storing it but also one of developing a new human being with faculties, vision and commitment to reinvent and change the existing realties and the world.

The self-financing of education is not only against this understanding of the human but reduces human beings to sellable commodities in the job market.

The church, which should have raised its prophetic voice against commercialisation of education and the notion of education as a private good, is seen not only to have silently acquiesced with it, but to be actively engaged in promoting it and making profit out of it. The church by its active engagement with this form of education is proclaiming to the world that nothing else matters except Mammon (the god of wealth) and his project and there in nothing ennobling about human beings.

When our nation is threatened by divisive forces of sectarianism and religious fanaticism, the church by its claim on minority rights and differential treatment for illegitimate reasons and thus, putting majority communities on a disadvantage, not only justifies those illegitimate reasons but also communalises our already fractured social order. A Christian should be seen at this state of world history striving with all likeminded people for promoting social justice and equity, communal harmony, a more humane and sustainable world order and the integrity of creation.

The church leadership is compromising their integrity and moral stature and their most supreme apostolic calling to bear witness to the good news of the in-breaking of God's rule to set the world and all its relationships right. It is quite obvious to all people in the pew except the bishops that our medical colleges and engineering colleges 'sell seats'. It is obvious to all except the Bishops that the entrance examinations are conducted after seats have been sold. It is obvious to all except the bishops that they only serve a fraction of the rich in their communities and the majority of poor students from their own communities are left to fend for themselves. All know that these professional colleges have no noble motive other than financial gain and political and social clout. It is obvious to all that these educational institutions have no ennobling role in the lives of students as they also are there as investors who expect good returns.

While all these are crystal clear to all and sundry, the kind of public outbursts on minority rights will only demean themselves and the Christian community in general. True Christians will always remain a minority and it is their privilege and joy. It is their joy to embody the Kingdom values of love, justice, peace and harmony. It is their joy to be the vanguard of a new humanity and world order. It is the responsibility of all true Christians to rise up against the church leadership that is bent on scandalising Christ and his mission in the world. ■

*സംഭാവനകൾ, വരിസംഖ്യ തുടങ്ങിയവ മാനേജർ, ന്യൂവിഷൻ, മാങ്ങാനം, കോട്ടയം - 18 എന്ന വിലാസത്തിൽ ദയവായി അയച്ചുതരിക*

# കേരളത്തിൽ പ്രസക്തവും അർത്ഥസമ്പൂർണ്ണവുമായ ദൗത്യം സഭകൾക്ക് എങ്ങനെ നിർവ്വഹിക്കാനാകും?

പ്രൊഫ.ജോസ് പാറക്കടവിൽ

വായനക്കാരുടെ സദസ്സിൽ അവതരിപ്പിച്ച പ്രബന്ധം



ക്രിസ്തുസഭയുടെ ദൗത്യം അതിന്റെ വിശ്വാസപ്രമാണങ്ങളിലോ ആചാരാനുഷ്ഠാനങ്ങളിലോ മാത്രം ഒതുങ്ങുന്നതായിരുന്നില്ല. അനുയായികളുടെ ആത്മീയാഭിവൃദ്ധി മാത്രമാണു സഭാ ദൗത്യം എന്ന കാഴ്ച്ചപ്പാടും സഭയ്ക്കുണ്ടായിരുന്നില്ല. സ്വർഗ്ഗരാജ്യത്തിൽ നിത്യജീവന്റെ അവകാശികളാകുവാൻ ആഹ്വാനം ചെയ്ത യേശു ഭൂമിയിൽ ഒരു സ്വർഗ്ഗരാജ്യം സൃഷ്ടിക്കുവാനുള്ള മനുഷ്യന്റെ ബാദ്ധ്യതയെ നിരന്തരം അനുസ്മരിപ്പിച്ചിരുന്നു. സ്വർഗത്തിലെപ്പോലെ ഭൂമിയിലും എന്ന ക്രിസ്തുവിന്റെ ആശയം എല്ലാ കാലത്തും സഭയ്ക്കു പുറത്തുള്ളവരെയും ആകർഷിക്കുന്നതായിരുന്നു. ദൈവരാജ്യം നിങ്ങളുടെ ഇടയിൽ തന്നെ എന്ന യേശുവിന്റെ വചനം ടോൾസ്റ്റോയി പോലെയുള്ള എഴുത്തുകാരെ മാത്രമല്ല, ഗാന്ധിജിയെപ്പോലെയുള്ള സാമൂഹിക പരിഷ്കർത്താക്കളെയും കുറച്ചൊന്നുമല്ല പ്രചോദിപ്പിച്ചിട്ടുള്ളത്.

ബൈബിൾ എന്നും എവിടെയും മനുഷ്യന്റെ രക്ഷാമാർഗ്ഗമായി വർത്തിച്ചിരിക്കുന്നു. ആത്മാവിന്റെ രക്ഷ മാത്രമല്ല, വ്യക്തിജീവിതത്തിന്റെ മുക്തിയും പ്രദാനം ചെയ്യുവാൻ പര്യാപ്തമാണ് സുവിശേഷം എന്നു ചരിത്രം വ്യക്തമാക്കുന്നു. സാൽവേഷൻ പോലെ പ്രധാനമാണു ലിബറേഷൻ. വില്യം കാരി ഇന്ത്യയിൽ സുവിശേഷപ്രവർത്തനം നടത്തുന്നതിനുള്ള ലൈസൻസിനു വേണ്ടി അപേക്ഷിച്ചപ്പോൾ ഈസ്റ്റിന്ത്യാ കമ്പനി അതിനെ ശക്തമായി എതിർക്കുകയാണ് ചെയ്തത്. ബ്രിട്ടീഷ് പാർലമെന്റംഗങ്ങൾക്കിടയിൽ വില്യം കാരിക്കുണ്ടായിരുന്ന സൗഹൃദങ്ങൾ ഉപയോഗിച്ചാണ് അദ്ദേഹം ലൈസൻസ് നേടിയത്.

വില്യംകാരിയുടെ ഇന്ത്യയിലെ സുവിശേഷപ്രവർത്തനങ്ങളെ ഈസ്റ്റിന്ത്യാ കമ്പനി എതിർക്കുവാനിടയായത് സുവിശേഷത്തിന്റെ ശക്തി അവർ മനസ്സിലാക്കിയിരുന്നതിനാലാണ്. ഒരു ജനതയ്ക്കു ബൈബിൾ ലഭിച്ചു കഴിഞ്ഞാൽ അവർ എല്ലാത്തരം അടിമത്തത്തിൽ നിന്നും മോചനം നേടും എന്നു മനസ്സിലാക്കിയിരുന്ന ഈസ്റ്റ് ഇന്ത്യാകമ്പനിയുടെ അധികാരികൾ ഭയപ്പെട്ടിരുന്നതു തന്നെ സംഭവിച്ചു. വില്യംകാരിയുടെ സുവിശേഷപ്രവർത്തനങ്ങളിൽ ആകൃഷ്ടനായ റാം മോഹൻ റോയ് എന്ന ബംഗാളി യുവാവ് തുടങ്ങി വച്ച ആത്മീയതയിൽ അധിഷ്ഠിതമായ സാമൂഹിക പരിഷ്കരണ ശ്രമങ്ങളാണ് ഇന്ത്യയുടെ നവോത്ഥാനത്തിനു വഴി തുറന്നത്.

ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിനു ബീജാവാപം ചെയ്തത് ആ നവോത്ഥാനമായിരുന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യലബ്ധിക്കു നിദാനമായതും ആ നവോത്ഥാനമത്രേ.

മിഷനറിമാരുടെ സാന്നിദ്ധ്യം ഇന്ത്യയിൽ സൃഷ്ടിച്ച അത്ഭുതകരമായ പരിവർത്തനങ്ങളും പരിണാമങ്ങളും ഇന്ത്യയുടെ ചരിത്രത്തിൽ എന്നും അചോദ്യമായി അംഗീകരിക്കപ്പെടും. സാമൂഹിക പരിവർത്തനങ്ങൾക്കും സമൂഹത്തിലൂടെ സമഗ്രമായ ഉന്നമനത്തിനും ഉതകുന്ന വിദ്യാഭ്യാസരംഗത്ത് മിഷനറിമാരും സഭകളും നല്കിയ സംഭാവനകളെ ആർക്കും തള്ളിക്കളയാനാവില്ല.

ജനതയുടെ ആരോഗ്യത്തെക്കുറിച്ചുള്ള സഭയുടെ വ്യക്തമായ ധാരണകളും സമൂഹത്തിനു മികച്ച നേട്ടങ്ങൾ പ്രദാനം ചെയ്തു. സോപ്പ്, സൂപ്പ്, സാൽവേഷൻ പ്രവർത്തനശൈലി ആരോഗ്യമുള്ള ജനസമൂഹത്തെ സൃഷ്ടിക്കുവാൻ പര്യാപ്തമായി. **കോയമ്പത്തൂരിൽ വച്ച് മാർക്സിസ്റ്റു പാർട്ടിയുടെ സമ്മേളനത്തോടനുബന്ധിച്ച് വിദ്യാഭ്യാസ ആരോഗ്യ മേഖലകളിൽ കേരളം കൈവരിച്ച നേട്ടങ്ങളിൽ മുഖ്യപങ്ക് വഹിച്ചതു ക്രൈസ്തവ സഭകളാണെന്നു തുറന്നു പറയുകയുണ്ടായി. പശ്ചിമബംഗാളിൽ ദീർഘകാലമായി ഭരിക്കുന്നതു മാർക്സിസ്റ്റു പാർട്ടിയാണെങ്കിലും വിദ്യാഭ്യാസ ആരോഗ്യ രംഗങ്ങളിൽ കേരളത്തോടൊപ്പം എത്തുവാൻ കഴിയാതെ പോയത് ഈ സേവനം അവിടെ ലഭിക്കാതിരുന്നതുകൊണ്ടാണെന്നും അദ്ദേഹം പറഞ്ഞു.**

സഭകൾ സാർവ്വത്രിക വിദ്യാഭ്യാസത്തിനുള്ള ശ്രമങ്ങളാരംഭിച്ചപ്പോൾ യാഥാസ്ഥിതിക സമൂഹം ഇതിനെ ശക്തമായി എതിർത്തിരുന്നു എന്ന വസ്തുത ഇപ്പോൾ പലരും ഓർമ്മിക്കുന്നില്ല. പലയിടത്തും വിദ്യാലയങ്ങൾ തീവച്ചു നശിപ്പിച്ചു. സ്കൂളുകളിൽ നിന്നും കുട്ടികളെ പിന്തിരിപ്പിച്ചു. സ്ത്രീ വിദ്യാഭ്യാസത്തിനു വേണ്ടി ശ്രമിച്ചപ്പോൾ എതിർപ്പുകൾ ഉണ്ടായിരുന്നു. എന്നാൽ പ്രതിരോധ ശക്തികളുമായി യുദ്ധത്തിനു പുറപ്പെടുവാൻ ശ്രമിക്കാതെ സഭ അതിന്റെ സൗമ്യമായ ശൈലിയിൽ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടേയിരുന്നു. എന്നാൽ സഭകളുടെ വിദ്യാലയങ്ങൾ സമൂഹത്തിനു പകർന്നുകൊടുക്കുന്നതു കേവലം സാക്ഷരത മാത്രമായിരുന്നില്ല. ഒരു നൂതനലോകത്തെക്കുറിച്ചുള്ള അവബോധങ്ങളായിരുന്നു. തൽഫലമായി ഇന്ത്യയുടെ ചരിത്രത്തിലാദ്യമായി ഒരു സെക്യുലർ സമൂഹം ഇവിടെ രൂപം പ്രാപിച്ചു. ജാതിയുടെയും ഉപജാതിയുടെയും മതിൽക്കെട്ടുകൾക്കുള്ളിൽ നൂറ്റാണ്ടുകളായി തളച്ചിടപ്പെട്ടിരുന്ന സമൂഹത്തിന് മാനവികതയുടെ മഹത്വം തിരിച്ചറിയുവാനവസരമുണ്ടായി. അന്ധവിശ്വാസങ്ങളെ എതിർക്കുവാൻ സഹായിക്കുന്ന ശാസ്ത്രീയത അവർക്കു സ്വന്തമായി. ആസ്തിക്യ ബോധത്തോടൊപ്പം ശാസ്ത്രീയചിന്തയും അവർ സ്വായത്തമാക്കി.

സാമൂഹിക നീതിയെക്കുറിച്ചുള്ള അവബോധങ്ങൾ അക്ഷരജ്ഞാനത്തോടൊപ്പം അവരുടെ മനസ്സിൽ പ്രവേശിക്കുകയും പലതരം പ്രസ്ഥാനങ്ങളും സംഘടനകളും ആ നിലയിൽ ശക്തമാകുകയും ചെയ്തു. ദരിദ്രരുടെ ഉന്നമനത്തെക്കുറിച്ചുള്ള ചിന്ത അഭ്യസ്തവിദ്യരിൽ ശക്തമായി.

ജീവിതശൈലിയിൽ മാറ്റങ്ങൾ പ്രകടമായി. മദ്യം, കഞ്ചാവ്, കറുപ്പ് ഇവയൊക്കെ സമൂഹത്തിലുണ്ടായിരുന്ന പ്രചാരം കുറഞ്ഞു. അഭ്യസ്തവിദ്യർക്ക് ഇതൊക്കെ അമാന്യമാണ് എന്ന ബോധമുണ്ടായി. സഭകളുടെ പ്രസിദ്ധീകരണങ്ങൾക്കും ഒരു നവസമൂഹസൃഷ്ടിക്കു പ്രേരകമായി.

ആർഭാടങ്ങൾ കുറയുകയും ധൂർത്തിന്റെ സ്ഥാനത്ത് മിതവ്യയം ശീലമാക്കുകയും ചെയ്തു. താലികെട്ട്, കുതിരകെട്ട്, വേലികെട്ട്, കേസുകെട്ട് എന്നിങ്ങനെ നാലു കെട്ടുകളാണു നായന്മാരെ നശിപ്പിക്കുന്നത് എന്നു മന്നത്തുപത്മനാഭൻ പറയുമായിരുന്നു. ഇത്തരം കെട്ടുക

*Contd 23*

# Dr. E. Stanley Jones - a Pioneer of Indian Mission

Rev. Dr. Varghese Mathai, Kottayam

Dr E. Stanley Jones an unforgetful comrade of the Mar Thoma Church was a pioneer of Indian Mission, as a popular preacher, spokesman for peace, racial brotherhood and social justice He was an eminent speaker of the world famous Maramon Convention for more than half a century. His themes of messages in Maramon Convention were mainly personal relationship to Christ, spiritual revival and growth by the word of God and the mission of the church to the society. Mar Thoma Church has certain percentage of scholarship for theological students in Leonard Theological College, Jabalpur in his name. His contributions to Indian Christian Theology and for the socio-religious development of the people of India are innumerable and praiseworthy.

He was a missionary to India born in Maryland, USA. He was ordained as a Methodist minister and appointed first to the Lal Bagh English speaking church in Lucknow. Then he was released to a wider ministry among the English speaking Indians possessing Indian culture and religion His encouragement of Indian independence led to his being barred from the country for a period by the British authorities. He was the author of 29 books. The best known books are Christ of the Indian Road', 'Atonment living', 'Christ at the Round Table', 'Christ and Human Suffering', 'Christ of the Mount', 'Christ of every Road', 'The choice before us', ' Abundant Living' etc.

**Evangelist and Preacher**

This is the centenary year of the missionary visit of Dr. E. Stanley Jones to India. He came to India as an American Methodist missionary In 1907. He became a traveling evangelist of all-India and wrote some books. He has made many more positive and Indian contributions to Christian thought. He spoke to educated Indians and intellectuals. He was one of the few missionaries of his generation who understood himself as having a vocation as an evangelist to the intellectuals. This was the period when most of the missionaries are involved with great mass movements of outcastes and backwards peoples.

In 1928 he was elected as Bishop by the Methodist General Conference but he resigned He felt himself called to be as an evangelist. In 1941 he shifted his work to America There he worked for peace between United States and Japan and sought to keep the United States out of the war in order to act as a mediator-nation towards Europe.

In 1925 he published his first book 'The Christ of the Indian Road', which is a call for Indian Christian Theology. He wrote that India needs Christ of the Indian Road and not Christ of the Galilean Road.

**Ashrams**

He started an ashram at Sat Tal in the foothills of the Himalayas in 1930. The idea behind this Ashram was for Indians and foreigners to live and work and study and eat and dress in an Indianish way. Unless Christianity becomes more truly Indian and more truly Christian, it will not move in to the soul of India. So it is necessary to yoke the Christian Spirit and the Indian Spirit. The pioneering Christian ashrams at Tirupathur and Poona had started in the early 1920s. He ha^d been with Gandhi in the Sabarmathi Ashram in the early 1920s. The Kodaikanal Ashram was started as an outgrowth of the Sat Tal Ashram. In the Ashrams he tried to produce the Indian Spirit.

He started many Ashrams in India and outside as Sat Tal Ashram.

**Concern for Social, Economic and Political Justice**

He analyses the gospel as follows:

1. Good news to the poor-economically disinherited
2. Release to the captives - the socially and politically disinherited.
3. The opening of the eyes of the blind - the physically disinherited.
4. The setting of liberty to the bruised - the morally and spiritually disinherited
5. The Lord's year of jubilee - a new beginning on the worldscale.
6. The Spirit of the Lord upon me - the dynamism behind it all.

Concerning the economically disinherited, Jones says

1. There is to be a general revolution - all should be equal in this new kingdom.
2. There is to be a political revolution when people stand against injustice and selfishness. It is the working of the spirit of this new kingdom.
3. There is to be a social revolution - it is to give open the gates of life and opportunity for all instead of giving privileges based on birth, property and social standing
4. There is to be an economic revolution - necessities should be provided for all before luxuries provided for any.

Jones pleaded with Indian Christians not to seek to build up a new community but to seek to merge themselves in the larger life of the nation.

Jones took India and the gospel very seriously and we find in his ideas and writings many things for an Indian Christian Theology. He writes "Christ must be defined as Christ, not the Old Testament, no western civilization, not even the system built around him in the west, but Christ himself .... It must be the Christ of the Indian Road." (Dr. E. Stanley Jones, The Christ of the Indian Road)

ളുപേക്ഷിക്കുവാൻ നായർ സമുദായത്തെ പ്രേരിപ്പിച്ചത് ക്രൈസ്തവർ അനുവർത്തിച്ച ജീവിത രീതിയാണ്.) കേരളം കൈവരിച്ച നേട്ടങ്ങൾ പരക്കെ പ്രശംസിക്കപ്പെട്ടു. ജീവിതനിലവാരത്തിലുള്ള ഗുണമേന്മ സാധാരണക്കാർക്കിടയിലും മെച്ചപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 1970കളിൽ ഐക്യരാഷ്ട്രസഭ കേരള മോഡൽ വികസനം എന്നുപറഞ്ഞ് കേരള സമൂഹത്തെ പ്രശംസിക്കുകയുണ്ടായി.

എന്നാൽ 2008 ൽ എത്തിനിൽക്കുന്ന കേരളത്തിന്റെയും സഭകളുടെയും ചിത്രം സംതൃപ്തിപകരുന്നതല്ല. സമൂഹത്തിന് സംഭവിച്ച ശിഥിലീകരണം ഗൗരവമായ പ്രശ്നങ്ങളാണ്. ജാതിമത ചിന്തകൾ കൂടുതൽ തീവ്രമാകുകയും സങ്കുചിതമായ സാമുദായികത ഒരുതരം വർഗ്ഗീയതയായി ശക്തിപ്പെടുകയും ചെയ്യുന്നു. ഒരു സെക്യുലർ സമൂഹത്തെ സൃഷ്ടിക്കുവാൻ കഴിഞ്ഞ സഭകൾക്ക് ഇന്ന് അത് സാധിക്കുന്നില്ല. സഭകൾ തന്നെ ഉൾവലിഞ്ഞ് സ്വന്തം അതിർവരമ്പുകൾക്കുള്ളിൽ കഴിയുവാൻ ആഗ്രഹിക്കുന്നു. സഭകളുടെ വക്താക്കൾ തങ്ങൾക്കുണ്ടാകുന്ന നഷ്ടങ്ങളുടെ കണക്കുകൾ നിരത്തിവച്ചുകൊണ്ട് അവകാശങ്ങൾക്കുവേണ്ടി വാദിക്കുന്നു. ന്യൂനപക്ഷ അവകാശങ്ങൾ ന്യായമായ അവകാശമാണെങ്കിലും സഭ അതിനുവേണ്ടിയുള്ള ഒരുപോരാട്ടത്തിലാണ് എന്ന പ്രതീതി സംജാതമാകുന്നുണ്ട്. തന്മൂലം ദേശീയധാരയിൽ ഇഴുകിച്ചേരാനാവാതെ നിന്ന ഒരു വിഭാഗം മുസ്ലീങ്ങളെപ്പോലെ സമൂഹത്തിന്റെ ദൃഷ്ടിയിൽ സഭയ്ക്ക് അപകർഷം സംഭവിക്കുന്നുണ്ട്.

വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പല തർക്കങ്ങളും സഭയുടെ മാന്യത നഷ്ടമാക്കുന്നു. പൊതു നിയമങ്ങളെ മറി കടക്കുവാനും അന്യായം പ്രവർത്തിക്കുവാനും ക്രൈസ്തവസഭകൾ ശ്രമിക്കുന്നു എന്ന ധാരണ ശക്തമാകുന്നുണ്ട്. ഇതര സമുദായങ്ങളുടെയോ രാഷ്ട്രീയങ്ങളുടെയോ ഇടപെടൽ ഇല്ലാതെ തന്നെ പല സംഭവങ്ങളും സമൂഹത്തിന്റെ വിമർശനം ക്ഷണിച്ചു വരുത്തുന്നുണ്ട്. സെന്റ് സ്റ്റീഫൻസ് കോളേജ് ഏതാനും മാസങ്ങൾ ദേശീയ പത്രങ്ങളിൽ നിരന്തരം വാർത്തയായിരുന്നു. അതുവിത്തറ സെന്റ് ജോർജ് മറ്റൊരു ഉദാഹരണമാണ്. പുഷ്പഗിരിയും മാക്ഫാസ്റ്റും എന്നും വാർത്തകളിലുണ്ട്. വെല്ലൂരിലും ലുധിയാനയിലും ഒട്ടൻചത്രത്തിലും മറ്റനവധി സ്ഥലത്തിലും സഭ പുലർത്തിയ പാരമ്പര്യം ഇപ്പോൾ നഷ്ടപ്പെടുന്നുവോ?

സഭകൾ നടത്തുന്ന വനിതാ ഹോസ്റ്റലുകളെപ്പറ്റി വ്യാപകമായ പരാതികളുണ്ട്. അച്ചടക്കത്തിന്റെ കാര്യത്തെപ്പറ്റി ആർക്കും പരാതിയില്ലെങ്കിലുംഒരു സേവനമായി അവയെ കരുതാനാവുകയില്ല എന്ന സ്ഥിതിയുണ്ട്. ആശുപത്രികളും സേവനം ശുശ്രൂഷ തുടങ്ങിയ ക്രൈസ്തവ ധർമ്മങ്ങൾ വിസ്മരിച്ചു കഴിഞ്ഞതായാണ് ജനങ്ങളുടെ പരിദേവനം.

സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മുമ്പ് പാഠോപകരണങ്ങൾ സൗജന്യമായോ കുറഞ്ഞ വിലയ്ക്കോ നല്കിയിരുന്നു. ഇപ്പോൾ പാഠോപകരണങ്ങളും യൂണിഫോമും നിർബന്ധമായി സ്ഥാപനങ്ങളിൽ നിന്നു വില്പന നടത്തുകയും മാർക്കറ്റ് വിലയെക്കാൾ കൂടിയ വില ഈടാക്കുകയും ചെയ്യുന്നു. സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നവർക്ക് കച്ചവടമനഃസ്ഥിതിയുടെ പ്രകടനങ്ങൾ മാത്രമാണ് കാണുവാൻ കഴിയുക.

ന്യൂയോർക്ക് ടൈംസ് അടുത്തയിടെ പ്രസിദ്ധീകരിച്ച ഒരു റിപ്പോർട്ടിൽ പറയുന്നത് കേരളമോഡൽ ഇപ്പോൾ നിലനിൽക്കുന്നതു സോഷ്യലിസത്തിലല്ല, മുതലാളിത്തത്തിന്റെ ശക്തിയിലാണ് എന്നത്രെ. ഗൾഫിലും അമേരിക്കയിലും മുതലാളിത്ത വ്യവസ്ഥിതിയിൽ പണിയെടുക്കുന്നവരാണ് ഇന്നത്തെ കേരളത്തെ നിലനിർത്തുന്നത് എന്നത് കാരണമായി പറയുന്നു.

മുതലാളിത്തം നല്കുന്ന പണത്തോടൊപ്പം അതിന്റെ മനോഭാവങ്ങളും കേരളീയ സമൂഹത്തെ നയിക്കുന്നു. സോഷ്യലിസത്തിനു വേണ്ടി നിലകൊണ്ടിരുന്ന രാഷ്ട്രീയ പാർട്ടികൾ പോലും മുതലാളിത്ത മനോഭാവത്തിലാണിന്ന്. സഭകളും ഈ മനോഭാവത്തിലേക്കു മാറിയിട്ടുണ്ട്. മുതലാളിത്തത്തെ പൂർണ്ണമായി നിരാകരിക്കുവാനോ എതിർത്തു തോല്പിക്കുവാനോ ഇപ്പോൾ സാദ്ധ്യമല്ലെങ്കിലും അതിന്റെ ചില മനോഭാവങ്ങളെ പ്രതിരോധിക്കുവാൻ സഭയ്ക്കു കഴിയേണ്ടതാണ്. ലാഭേച്ഛയിലുള്ള അമിതമായ ആസക്തി, മത്സരം ജീവിതനയമാണെന്ന പ്രമാണം,കഴിവുള്ളവർ മാത്രം ജീവിതവിജയം നേടിയാൽ മതി എന്ന ചിന്താഗതി ജീവിതനിലവാരത്തെക്കുറിച്ചുള്ള മാനദണ്ഡങ്ങൾ ഭോഗലോലുപത ആഡംബരങ്ങൾക്കുള്ള ആഭിമുഖ്യം ആത്മീയത പോലും ലൗകിക നേട്ടങ്ങൾക്ക് വേണ്ടിയുള്ളതാണ് എന്ന വിശ്വാസം തുടങ്ങിയ മുതലാളിത്ത സംസ്കാരത്തിന്റെ സ്വഭാവങ്ങളാണ് സഭയും സഭാനേതൃത്വവും പ്രതിരോധിക്കേണ്ടത്. ഇവയൊന്നും ക്രിസ്തീയമാണെന്ന് പറയാൻ കഴിയാത്തതുകൊണ്ടാണ് ഇവയെ നിരസിക്കുവാൻ പറയുന്നത്.

ക്രൈസ്തവ സഭകളെപ്പറ്റി പലപ്പോഴും പല വിമർശനങ്ങളും ഉണ്ടായിരുന്നുവെങ്കിലും അത് പാവങ്ങളുടെ പക്ഷം ചേർന്നിരുന്നു എന്നത് വസ്തുതയാണ്. ഇന്ന് അങ്ങനെ പറയാനാകുമോ എന്ന് സംശയമുണ്ട്.

വികസനത്തിന്റെ പാർശ്വഫലങ്ങളായ പരിസ്ഥിതി പ്രശ്നങ്ങൾ, കാർഷിക പ്രതിസന്ധി, പാവങ്ങളുടെ പാർശ്വവത്ക്കരണം തുടങ്ങിയ പ്രശ്നങ്ങളിൽ സഭകൾ സജീവമായി ഇടപെടേണ്ടതുണ്ട്. വികസനം ആവശ്യമാണെങ്കിലും അത് ആരുടെയൊക്കെയും നിലനിൽപ്പിന് ഭീഷണിയാകരുത് എന്ന നയത്തിൽ ഉറച്ചുനിന്നുകൊണ്ടുള്ള ഇടപെടലുകളാണ് നമുക്ക് വേണ്ടത്. ഇവിടെ രാഷ്ട്രീയക്കാർപോലും വികസനത്തിന്റെ പക്ഷത്തുമാത്രം നിലകൊള്ളുമ്പോൾ പ്രതിസന്ധിയിലാകുന്നവരുടെ രക്ഷയ്ക്കെത്തേണ്ടത് സഭകളത്രെ.

മുതലാളിത്തത്തിന്റെ ദൃഷ്ടിയിൽ കൺസ്യൂം ചെയ്യുന്നവർ മാത്രമേയുള്ളൂ. കൺസ്യൂമർ എന്ന പദം മാത്രമേ അവരുടെ നിഘണ്ടുവിലുള്ളൂ. സിറ്റിസൺ എന്ന പദം ഇല്ല. എന്നാൽ ഏതൊരു മനുഷ്യനും ഒന്നാമത് സിറ്റിസൺ ആണ്. പിന്നെയേ കൺസ്യൂമർ ആകുന്നുള്ളൂ.

വാങ്ങുവാനുള്ള കഴിവല്ല സ്വയം സമ്പാദിക്കുവാനുള്ള കഴിവാണ് ഓരോ പൗരനും ഉണ്ടാകേണ്ടത്. ഈ കഴിവ് വളർത്തുവാനുള്ള പ്രേരണ സമൂഹത്തിൽ സഭകൾ നൽകണം.

കഴിഞ്ഞ കാൽനൂറ്റാണ്ടിലെ ചരിത്രം പഠിച്ചാൽ കേരളത്തിലെ സഭകൾക്കും രാഷ്ട്രീയ പ്രമാണങ്ങൾക്കും ആദർശമായ അപചയം തന്നെയുണ്ടായതെന്നു കാണാം. ഒരു കാലത്ത് രാഷ്ട്രീയക്കാർക്ക് സഭകളുടെ ആദർശവും പ്രവർത്തനവും ആയിരുന്നു മാതൃക. ഇപ്പോൾ രാഷ്ട്രീയത്തിന്റെ സ്വാധീനത്തിലാണോ സഭ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. സഭകൾ രാഷ്ട്രീയക്കാർക്ക് നല്കുന്ന പ്രാധാന്യം ആവശ്യത്തിലധികമാണ്. **സഭകളുടെ ആത്മീയ പ്രവർത്തനങ്ങളിൽ നിസ്വാർത്ഥമായ സേവനം സംഭാവന ചെയ്യുന്നവരേക്കാൾ ആദരിക്കപ്പെടുന്നതും അംഗീകരിക്കപ്പെടുന്നതും സഭയെ മുതലെടുക്കുന്ന രാഷ്ട്രീയക്കാരാണ്. അഴിമതി കൈമുതലാക്കിയവർ സഭയുടെ വേദികളിൽ ആദരിക്കപ്പെടുമ്പോൾ അഴിമതി അംഗീകരിക്കപ്പെടുകയാണ്.**

ആദർശ ശാലികളെ സൃഷ്ടിക്കുവാൻ ഇന്നത്തെ സഭകൾക്ക് കഴിയാത്തതെന്തുകൊണ്ട്? കഴിഞ്ഞ ആഴ്ച മനോരമയിലും ഈ ലക്കം മലയാളം വാരികയിലും കേരളത്തിലെ സർവ്വകലാശാലകളെക്കുറിച്ച് വന്ന റിപ്പോർട്ടുകളിൽ മുഴുവൻ അഴിമതി കഥകളുണ്ട്. പല കഥാപാത്രങ്ങളും സഭാംഗങ്ങളാണ്. മലയാളം വാരികയിലുള്ള ക്രൈസ്തവരുടെ പേരുകൾ എടുത്തു പറയുന്നു. പേരു പറയാതെ തന്നെ പലരെയും വ്യക്തമാക്കി അവതരിപ്പിക്കുന്നു.

സഭ രാഷ്ട്രീയ ശൈലിയിലേക്കു പോകുന്നതിന്റെ പരിണാമമാണിത്. സഭയ്ക്ക് സ്വന്തമായ നിലപാടുകളും ശൈലിയും ഉണ്ടായാൽ മതിയാവും. സാമൂഹ്യ തിന്മകൾക്കെതിരെ സംഘടിച്ച് പ്രതികരിക്കാൻ സഭകൾക്ക് കഴിയുന്നില്ല. തന്മൂലം തിന്മകൾ കരുത്താർജ്ജിക്കുന്നു. ക്രിസ്തു സഭയെ സംബന്ധിച്ച് വിശ്വാസം പോലെ പ്രധാനമാണ് സ്നേഹവും. ആ സ്നേഹമാണ് ക്രിസ്തു മതത്തെ സാമൂഹിക പ്രവർത്തനങ്ങളിലേക്കു നയിക്കേണ്ടത്. ഇപ്പോൾ വിശ്വാസം മാത്രം പ്രഘോഷിക്കപ്പെടുന്നു. സ്നേഹം വിസ്മൃതമായി.

18.4.2008 ൽ മാരാമൺ റിട്രീറ്റ് സെന്ററിൽ നടന്ന വായനക്കാരുടെ സദസ് എന്ന പരിപാടിയിൽ ഡോ. ജോസ് പാറക്കടവിൽ അവതരിപ്പിച്ച പ്രബന്ധം.

**NEW VISION FOR A CHANGING WORLD**

MAY 2008

Annual Subscription.Rs. 100/-

Registered with the Registrar of Newspapers for India under No. KER BIL/2000/1343
Postal Regn. No.KL/KTM/362/2006-08

Licence No. KL/KTM/WPP-088/2006-2008,
Licensed to post without pre-payment.
Posted at Kottayam RMS on the 28th of every month

# സി.എസ്.എസ്. പുസ്തക പരിചയം




## നോമ്പുകാല ചിന്തകൾ
## കുരിശിന്റെ ചുവട്ടിൽ

മെറ്റ് റവ. ഡോ. സാം മാത്യു

നോമ്പ് ക്രിസ്തീയ ജീവിതത്തിൽ ഒരു ആചാരമല്ല അനുഭവമാണ്. കുരിശിൽ വെളിവാക്കിയ അളവില്ലാത്ത ദൈവസ്നേഹത്തിന്റെ അർത്ഥവ്യാപ്തി തേടുകയും സമർപ്പിതരാവുകയും ചെയ്യുന്ന നോമ്പുകാലത്തെ പഠനത്തിനും ധ്യാനത്തിനും ഉപകരിക്കുന്ന ലേഖനങ്ങളുടെ സമാഹാരം. ചാരബുധൻ മുതൽ പുനരുത്ഥാനത്തിന്റെ പുലരിവരെ ധ്യാനാത്മകമായി വിശകലനം ചെയ്യുന്ന ഗ്രന്ഥം. നോമ്പുകാലത്തെ കൂടുതൽ അർത്ഥസാന്ദ്രമാക്കുന്നു. അനുഭവസമ്പുഷ്ടമാക്കുന്നു.



## കുരിശ് സഹനവും ഉത്ഥാനവും

എഡിറ്റർ റവ. ഡോ. മാത്യു ഡാനിയേൽ

ഐതിഹാസികമാനമുള്ള കുരിശിന്റെ അർത്ഥവിതാനങ്ങൾ അടയാളപ്പെടുത്തുന്ന പുസ്തകം. കുരിശിന്റെ പ്രകാശരേഖകൾ ആത്മാവിലേക്കാവാഹിച്ച നിരീക്ഷണങ്ങളാണ്. രണ്ടാം ഭാഗം തുടർന്ന് അർത്ഥസാന്ദ്രമായ വായനാനുഭവങ്ങളിൽ വിടർന്ന കുരിശിന്റെ സാന്നിദ്ധ്യം വെളിവാക്കുന്നു. പവിത്രമായ വായനാനുഭവം നല്കുന്ന അക്ഷര സാക്ഷാത്കാരങ്ങൾ.





## ക്രിസ്തുവിലേക്ക് ഇനി എത്ര ദൂരം

റവ. ഡോ. മാത്യു ഡാനിയേൽ

നമുക്ക് വീണ്ടെടുക്കേണ്ടത് മനസ്സിന്റെ പച്ചപ്പാണ്, ആർദ്രതയാണ്. മനസ്സിനെ ആർദ്രമാക്കുന്നത് സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ഉറവകളാണ്.ഈ ഉറവകൾ വറ്റാത്ത മനസ്സുകൾക്കു മാത്രമേ പ്രകൃതിയെ സ്നേഹിക്കാനാവൂ. മനുഷ്യനെ സ്നേഹിക്കാനാവൂ, സഹജാതനിലേക്ക് സ്നേഹത്തിന്റെ കരങ്ങൾ നീട്ടാനാവൂ.

വർത്തമാനകാലജീവിത സമസ്യകളെ ക്രിസ്തുദർശനത്തിന്റെ വെളിച്ചത്തിൽ സമീക്ഷിക്കുന്ന ഈ കുറിപ്പുകൾ ചരിത്രത്തിനുള്ളിലെ പ്രവാചക ബോധത്തോടെയുള്ള ഇടപെടലുകളാണ്. വ്യത്യസ്തമായ വായനാനുഭവം നല്കുന്ന രചനകൾ

ആമുഖ പഠനം
ഡോ. ജോർജ് കെ. അലക്സ്




## കൗമാരത്തിന്റെ രൂപാന്തരങ്ങൾ

റവ. ഡോ. ടി. ജെ. തോമസ്

വ്യക്തിത്വ വികസനത്തിന്റെ സവിശേഷഘട്ടത്തെ അടയാളപ്പെടുത്തുന്ന കൗമാരം പ്രശ്നസങ്കീർണ്ണമാണ്. വളരെ കരുതലോടെ മാതാപിതാക്കളും അദ്ധ്യാപകരും കൈകാര്യം ചെയ്യേണ്ട ഘട്ടം. കൗമാരത്തിന്റെ പ്രശ്നങ്ങളും പ്രതിസന്ധികളും മനശാസ്ത്രത്തിന്റെ കാഴ്ചപ്പാടിൽ ഇവിടെ വിശകലനം ചെയ്യുന്നു. കൗമാരക്കാർക്കും അവരുടെ മാതാപിതാക്കൾക്കും അദ്ധ്യാപകർക്കും ഉത്തമ മാർഗ്ഗദർശിയായ പുസ്തകം

Edited, Printed and Published by Dr. Mathew Koshy Punnackadu
Owned by The Rev. Prof. K.C. Mathew, Chairperson, Nava Darshan Trust, Manganam, Kottayam.
Printed at Learners' Offset Printers, CMS College Road, Kottayam.